Library
C.K.P.V.

Reg: No. M. 2689.
T. 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | പേജ് ൧൨

കൊല്ലം ൧൯൪൫ മേയ് ൨൧-ാംനു
൧൧൨൦ ഇടവം ൭-ാംനു തിങ്കളാഴ്ച

ലക്കം ൩൦൩ | ഒററപ്രതി ൨ അണ.

# ബാബു രാജേന്ദ്രപ്രസാദ്

മുസ്ലീംകളെ മുഴുവൻ ഭസ്മീകരിക്കുന്നതിന് അടുത്ത കാലത്ത് ബീഹാറിൽ ഉണ്ടായ അഗ്നിപർവ്വതത്തെ നിശ്ശേഷം നാമാവശേഷമാക്കിയത് കാൺഗ്രസ്സ് ഗവണ്മെൻറിൻെറ ഏററവും സമർത്ഥമായ സത്വരനടപടിവിശേഷംകൊണ്ടാണെന്ന് വിശ്വസിക്കുന്നവരുണ്ടായിരിക്കാം. അതല്ല, അക്രമം തുടർന്നുകൊണ്ട് പോകയാണെങ്കിൽ 'ബോംബ്' ചെയ്യുമെന്നുള്ള പണ്ഡിതജവഹർലാൽനെഹ്രുവിൻെറ ഭീതിപ്പെടുത്തൽകൊണ്ടാണെന്ന് പറയുന്നവരും കാണും. എന്നാൽ മരണത്തിൻെറ വായിലേക്ക് പാഞ്ഞുപൊയ്ക്കൊണ്ടിരുന്ന നിരപരാധികളായ പരസഹസ്രം മുസ്ലീംകളെ രക്ഷിച്ചതു, ൧൯൩൪-ലെ ഭയങ്കരമായ ഭൂകമ്പം നിമിത്തം നരകയാതനകളനുഭവിക്കേണ്ടിവന്ന ബഹുജനങ്ങളെ, ആ നരകത്തീയിൽനിന്നും കരകയററിയ ബീഹാറിൻെറ അഭിമാനസർവ്വസ്വമായ രാജൻബാബുവല്ലാതെ മററാരുമല്ല. ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ലഹള ശമിപ്പിക്കാത്തപക്ഷം മരണംവരെ ഉപവസിക്കുന്നതായിരിക്കുമെന്നുള്ള ഗാന്ധിജിയുടെ പ്രതിജ്ഞ, രാജൻബാബുവിൻെറ ജീവിതത്തെസംബന്ധിച്ചിടത്തോളം ഏററവും വലിയ ഒരു ചോദ്യചിഹ്നമായിരുന്നു!

ബാബുരാജേന്ദ്രപ്രസാദ്, ഗാന്ധിജിയുടെ പ്രത്യേകമായ സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുണ്ട്. ഗാന്ധിജി, പട്ടേലിനെ സർവ്വസൈന്യാധിപനായും, കൃപലാനിയെ അംഗരക്ഷകനായും തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും, രാജൻബാബു ബാപ്പുവിൻെറ ഏററവും വിശ്വസ്തനായ പ്രതിപുരുഷനായി അവശേഷിക്കുന്നു. സാർവ്വലൗകികപ്രശ്നങ്ങളിൽ, പണ്ഡിതജവഹർലാൽനെഹ്രു ഗാന്ധിജിയുടെ 'അളവുകോൽ' ആയി തീർന്നിട്ടുണ്ടെങ്കിൽ, അക്രമരാഹിത്യത്തിൻെറ സന്ദേശവാഹകനെന്നനിലയിൽ, രാജൻബാബു, മഹാത്മജിയുടെ മന്ത്രിസത്തമന്മാരിൽ ഏററവും പ്രധാനിയായിത്തീർന്നിരിക്കുന്നു. ഗാന്ധിജിയുമായിട്ടുള്ള അദ്ദേഹത്തിൻെറ സമ്പർക്കം ഏററവും പഴയതാണ്. തെക്കേആഫ്രിക്കയിൽനിന്നും ബാപ്പു ഇന്ത്യയിൽ തിരിച്ചെത്തിയകാലംമുതൽ, രാജൻബാബു അദ്ദേഹവുമായി ബന്ധം പുലർത്തിവരുന്നു. 'ചമ്പാരൺസത്യാഗ്രഹ'കാലത്താണ് മഹാത്മജിക്ക് തൻെറ അനന്തരാവകാശിയെ കണ്ടുപിടിക്കുവാൻ സാധിച്ചതു്. ഇന്ത്യൻരാഷ്ട്രീയരംഗത്ത് ആദ്യമായി അക്രമരാഹിത്യം പ്രയോഗിച്ചുനോക്കിയതു് 'ചമ്പാരൺസത്യാഗ്രഹ'ത്തിലായിരുന്നല്ലോ. അക്കാലത്ത്, രാജൻബാബു, ഗാന്ധിജിയുടെ 'വലംകൈ'യായിരുന്നു. 'ചമ്പാരൺസത്യാഗ്രഹ'ത്തിൻെറ വിജയം അക്രമരാഹിത്യത്തിൻെറ ഒരു വലിയ നേട്ടമായിരുന്നെങ്കിലും, ഗാന്ധിജിയെസംബന്ധിച്ചിടത്തോളം, ബാബുരാജേന്ദ്രപ്രസാദിനെ സമ്പാദിക്കുവാൻ സാധിച്ചുവെന്നുള്ളതാണ് ഏററവും പ്രധാനമായ നേട്ടമെന്ന് പറയാം.

ബാബുരാജേന്ദ്രപ്രസാദിനെപ്പററി കേൾക്കാത്തവർ ഇല്ലെങ്കിലും, അദ്ദേഹത്തെ അടുത്തുകണ്ടാൽ തിരിച്ചറിയുന്നവർ ചുരുക്കും. കറുത്ത് ദീർഘമായ ശരീരവും ഇടതൂർന്ന മുടിയും 'വില്ലൻചുമയും' സാധാരണജനങ്ങളുടെ വേഷവിധാനവും അദ്ദേഹത്തെ ഒരു തനിബീഹാറിയാക്കിത്തീർത്തിട്ടുണ്ട്. ഒരു കർഷകനെപ്പോലെ ഏററവും വിനീതനായി സാധാരണഭാഷയിൽ സംസാരിക്കുകയും അതിൽ അദ്ദേഹം അഭിമാനംകൊള്ളുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹത്തിൻെറ അസാമാന്യമായ ബുദ്ധിവൈഭവം ഏവരേയും അത്ഭുതപരതന്ത്രരാക്കിത്തീർക്കുമെന്നുള്ളതിന് സംശയമില്ല. 'ബീഹാറികൾ' പൊതുവേ ബുദ്ധിശൂന്യന്മാരാണെന്ന് പറയുക പതിവാണ്. എന്നാൽ രാജൻബാബു തൻെറ നാട്ടുകാരുടെ അഭിമാനത്തെ വീണ്ടെടുത്തുകഴിഞ്ഞിരിക്കുന്നു. നമ്മുടെ നേതാക്കന്മാരിൽ ബാബുരാജേന്ദ്രപ്രസാദിനെപ്പോലെ ഏററവും പ്രശസ്തമായ 'കലാലയജീവിതം' ഉണ്ടായിരുന്ന മററാരുമില്ലെന്നുതന്നെ പറയാം. ഒരു പരീക്ഷയിലും രണ്ടാമതായി വിജയിക്കുകയെന്ന ഒരു സംഭവം അദ്ദേഹത്തെസംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. ൧൯൦൨-ൽ രാജേന്ദ്രപ്രസാദ് കൽക്കത്താസർവ്വകലാശാലയിലെ 'മെട്രിക്കുലേഷൻപരീക്ഷയി'ൽ ഒന്നാമതായി വിജയം വരിച്ചു. അതു്, ബീഹാറികൾ ഒരു ദേശീയമഹോത്സവമെന്നോണമാണ് കൊണ്ടാടിയതു്. അക്കാലത്ത്, ബങ്കാൾ, ബീഹാർ, ആസ്സാം, ഒറീസ്സ, ബർമ്മ മുതലായ അഞ്ചു പ്രാവിൻസുകൾ കൽക്കത്താസർവ്വകലാശാലയുടെ കീഴിൽ ആയിരുന്നു എന്നുമാത്രമല്ല, അതുവരെ ബങ്കാളികളല്ലാതെ അങ്ങിനെയൊരു പ്രശസ്തവിജയം സമ്പാദിക്കുവാൻ സാധിച്ചിട്ടുമില്ല.



ബീഹാറിൽ ആദ്യമായി എം. എൽ. ബിരുദം സമ്പാദിച്ചതും രാജേന്ദ്രപ്രസാദ് അല്ലാതെ മററാരുമല്ല. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ, രാജേന്ദ്രപ്രസാദ് രാഷ്ട്രീയമായ പ്രവർത്തനങ്ങളിൽ അതീവ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ൧൯൦൬-ൽ, രാജേന്ദ്രപ്രസാദ് കൽക്കത്തായിൽ സംഘടിപ്പിച്ചിട്ടുണ്ടായിരുന്ന 'ബീഹാർ വിദ്യാർത്ഥിസമാജ'മാണ് കാലാന്തരത്തിൽ 'ബീഹാർവിദ്യാർത്ഥിസമ്മേളന'മായി രൂപാന്തരപ്പെട്ടതു്. വിദ്യാർത്ഥിയായ രാജേന്ദ്രപ്രസാദിൻെറ തീവ്രമായ പ്രവർത്തനങ്ങൾ ഗോഖലയുടെ ശ്രദ്ധയെ സമാകർഷിക്കുകയും അദ്ദേഹം പ്രസാദിനെ 'Servents of India Society' യിൽ ചേരുന്നതിന് ക്ഷണിക്കുകയും ചെയ്തു. എന്നാൽ പിതൃതുല്യനായ ജ്യേഷ്ഠസഹോദരൻെറ അനുമതി ലഭിക്കാത്തതിനാൽ, രാജേന്ദ്രപ്രസാദിനു തൽക്കാലം നിരാശയെ അവലംബിക്കുവാനേ ഗത്യന്തരമുണ്ടായുള്ളു. അതോടെ രാഷ്ട്രീയപ്രവർത്തനങ്ങൾക്കുള്ള ആശ അദ്ദേഹത്തിൽ വളരുവാൻതുടങ്ങി. മഹാത്മജിയുടെ ആഹ്വാനമുണ്ടാകുന്നതുവരെ, രാജേന്ദ്രപ്രസാദിനു് സ്നേഹസമ്പൂർണ്ണനായ ജ്യേഷ്ഠസഹോദരൻെറ ആജ്ഞയെ അതിലംഘിച്ച് രാഷ്ട്രീയരംഗത്തു വരുവാൻ സാധിക്കാതെ പോയി.

കൽക്കത്താസർവ്വകലാശാലയിലെ 'മെട്രിക്കുലേഷൻ' പരീക്ഷയിൽ ഒന്നാമതായി വിജയം വരിച്ചപ്പോൾ, ഡാക്ടർ സച്ചിദാനന്ദസിൻഹയുടെ 'ഹിന്ദുസ്ഥാൻറിവ്യൂ' എന്ന പത്രം വെറും വിദ്യാർത്ഥിയായിരുന്ന രാജേന്ദ്രപ്രസാദിനു രണ്ടു മഹാഭാഗ്യങ്ങളാണ് ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നതു്. ഒന്നു, 'ഹൈക്കോർട്ടു ജഡ്ജി' ഉദ്യോഗവും മറേറതു് കാൺഗ്രസ്സിൻെറ അദ്ധ്യക്ഷപദവിയുമായിരുന്നു. 'പാററ്നാ ഹൈക്കോർട്ടിലെ പ്രാക്ടീസ്' തുടർന്നുകൊണ്ടു പോയിരുന്നുവെങ്കിൽ ജഡ്ജിയായിത്തീരുകയെന്നുള്ളതു് രാജേന്ദ്രപ്രസാദിനെ സംബന്ധിച്ചിടത്തോളം ഒരത്ഭുതമല്ല. എന്നാൽ ബ്രി: രാജിനെ സേവിക്കുന്നതിനു പകരം, മാതൃഭൂമിയുടെ വിമോചനാർത്ഥം ജീവിതം ബലികഴിക്കുവാനാണ് അദ്ദേഹം സന്നദ്ധനായതു്.

നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിനായി വക്കീൽപണി നിറുത്തിയപ്പോൾ, രാജൻബാബുവിൻെറ വകയായി ബാങ്കിൽ അവശേഷിച്ചിട്ടുണ്ടായിരുന്നതു് കേവലം പതിനഞ്ചുരൂപാമാത്രമായിരുന്നു. എന്നാൽ ഒരു 'ലായർ' എന്ന നിലയിൽ അദ്ദേഹത്തെക്കവിഞ്ഞ കേസും, വരവും, പ്രശസ്തിയുമുണ്ടായിരുന്ന മററാരും അന്ന് 'പാട്ട്നാഹൈക്കോർട്ടി'ലുണ്ടായിരുന്നില്ല. അദ്ദേഹത്തെ ജഡ്ജിയാക്കി അനുമോദിക്കുന്നതിനുപോലും ഗവണ്മെൻറു ആലോചിച്ചു. ആയിരക്കണക്കിനു പ്രതിമാസം സമ്പാദിച്ചുകൊണ്ടിരുന്നതു മുഴുവൻ പൊതുപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയാണുണ്ടായതു്. നിസ്സഹകരണപ്രസ്ഥാനമായിരുന്നു രാജൻബാബുവിനെ ബീഹാറിലെ അനിഷേധ്യനേതാവായി അഭിഷേകം ചെയ്തിട്ടുള്ളതു്. അക്കാലത്താണ് സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനുള്ള അസാമാന്യമായ സാമർത്ഥ്യവും അഭിരുചിയും വ്യക്തമായതെന്നു പറയാം. സർവ്വകലാശാലകൾ വിട്ടു വെളിയിൽവന്ന വിദ്യാർത്ഥികളെ അടുത്ത് എന്താണു ചെയ്യേണ്ടതെന്നുള്ള പ്രശ്നമുദിച്ചപ്പോൾ അതിനൊരു പരിഹാരമുണ്ടാക്കുവാൻ രാജേന്ദ്രപ്രസാദിനു പ്രയാസമുണ്ടായില്ല. അദ്ദേഹം ധൈര്യസമേതം തൻെറ പാട്നാ സർവ്വകലാശാല 'സിൻഡിക്കേററു മെമ്പർഷിപ്പ്' രാജിവയ്ക്കുകയും, അശരണരായ വിദ്യാർത്ഥികൾക്കുവേണ്ടി 'ബീഹാർ വിദ്യാപീഠം' സ്ഥാപിക്കുകയും ചെയ്തു. 'ബീഹാർ വിദ്യാപീഠം' ഏകദേശം ആയിരം ദേശീയവിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധം പുലർത്തിവരുകയും ൩൨,൦൦൦-ൽ പരം വിദ്യാർത്ഥികളെ ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷ്‌രാജിനെ തകിടംമറിക്കുന്നതിനു പററിയ യോദ്ധാക്കളെ സന്നദ്ധരാക്കുകയാണ് വിദ്യാപീഠത്തിൻെറ പ്രധാനഉദ്ദേശ്യമെന്നു ഗവണ്മെൻറു മനസ്സിലാക്കുകയും 'സിവിൽഡിസ് ഒബീഡിയൻസ്' പ്രസ്ഥാനത്തോടുകൂടി സകലശക്തിയും പ്രയോഗിച്ച് അതിനെ നാമാവശേഷമാക്കുകയും ചെയ്തു. ഇൻഡ്യയിലെ ദേശീയപരമായ വിദ്യാഭ്യാസപുനരുദ്ധാരണപ്രവർത്തനങ്ങളിൽ ബീഹാർവിദ്യാപീഠം പ്രശംസനീയമായ ഒരു പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല.

൧൯൩൪-ലെ, ബീഹാർ ഭൂകമ്പംവരെ രാജേന്ദ്രപ്രസാദിൻെറ നാമധേയം ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും പരന്നിട്ടുണ്ടായിരുന്നില്ല. സംഘടിതവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനുള്ള അത്ഭുതാവഹമായ പാടവവും അനന്യസാധാരണമായ നേതൃത്വവും അതുവരെ ബീഹാറിൻെറ പരിധികൾക്കപ്പുറമുള്ളവരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടായിരുന്നില്ല. അന്നദ്ദേഹം ജയിലിൽ വിശ്രമിക്കുന്ന കാലമാണ്. തുടരെത്തുടരെയുള്ള കാരാഗൃഹവാസം അദ്ദേഹത്തിൻെറ ആരോഗ്യത്തെ നിശ്ശേഷം നശിപ്പിക്കുകയും 'ആസ്മ'യുടെ അത്യധികമായ ഉപദ്രവംനിമിത്തം ആലസ്യം വർദ്ധിച്ചുവരികയുമായിരുന്നു. ഉടൻതന്നെ അദ്ദേഹത്തെ മോചിപ്പിക്കാത്തപക്ഷം ആപത്തുണ്ടാകുവാനിടയുണ്ടെന്നുള്ള 'മെഡിക്കൽ ബോർഡിൻെറ' പ്രത്യേകശുപാർശയനുസരിച്ച് അദ്ദേഹം മോചിതനായി. ഭൂകമ്പം കഴിഞ്ഞു് രണ്ടാംദിവസമായിരുന്നു അദ്ദേഹം വെളിയിൽവന്നതു്. വടക്കേ ബീഹാർ മുഴുവനും വെറും മരുഭൂമിയായി കലാശിച്ചിരുന്നു. ജീവനെ തൃണവൽഗണി

കെ. കൃഷ്ണൻനായർ ബി. ഏ.
(വിശ്വഭാരതി) ശാന്തിനികേതൻ

ച്ചെങ്കിലും തൻെറ നാട്ടുകാരുടെ ജീവനെ രക്ഷിക്കുവാനുള്ള ആശ രാജേന്ദ്രപ്രസാദിനെ ആവേശംകൊള്ളിച്ചു. പരിപൂർണ്ണമായ വിശ്രമം ഏററവും അത്യന്താപേക്ഷിതമായിരുന്നിട്ടും, രാജൻബാബു ദീനശയ്യയിൽനിന്നും നേരേ ഭൂകമ്പംനിമിത്തം ശവക്കാടായിത്തീർന്നിരുന്ന വടക്കേബീഹാറിലേക്ക് പോയി. നേരത്തെതന്നെ ജയിലിൽനിന്നും വിമുക്തനായിരുന്ന പണ്ഡിററ് ജവഹർലാൽനെഹ്രു സ്ഥലത്തെത്തി ദുരിതനിവാരണാർത്ഥമുള്ള പ്രവർത്തനങ്ങളുടെ അസ്ഥിവാരമിട്ടുകഴിഞ്ഞിരുന്നു. ഏകദേശം ഒരാഴ്ചയ്ക്കുള്ളിൽ സുസംഘടിതമായ ഒരു സംഘടനയുണ്ടാക്കുവാനും അശരണരായ സാധുക്കൾക്ക് സഹായഹസ്തം നൽകുവാനും രാജേന്ദ്രപ്രസാദിന് പ്രയാസമുണ്ടായിരുന്നില്ല. ദുരിതനിവാരണഫണ്ടിനുവേണ്ടിയുള്ള അദ്ദേഹത്തിൻെറ അഭ്യർത്ഥന അത്യധികമായ ഉദാരതയോടും സന്തോഷത്തോടുംകൂടിയാണ് ഇൻഡ്യയുടെ നാനാഭാഗത്തുമുള്ള ബഹുജനങ്ങൾ സ്വീകരിക്കുകയുണ്ടായതു്. ഏകദേശം മുപ്പതുലക്ഷം വരുന്ന ഒരു വമ്പിച്ച തുക ചുരുങ്ങിയ കാലം കൊണ്ട് പിരിച്ചെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. രാ

(ശേഷം പന്ത്രണ്ടാംപേജിൽ)

## ഡിമോക്രസിക്ക് ഒരുക്കുന്ന ഇന്നത്തെ പുതിയ

# ജാപ്പാൻ വിദ്യാഭ്യാസരീതി

കാവാലം കേശവൻനായർ, ബി. ഏ.

പത്തുവയസ്സ് മാത്രം പ്രായമുള്ള ഒരു ജാപ്പനീസ് ബാലികയാണ് യോറിക്കോ മഹ്സാ. ടോമോയിലുള്ള 'പബ്ലിക്സ്കൂളിൽ' മൂന്നാംക്ലാസിലാണ് അവൾ പഠിക്കുന്നത്. വീട്ടിൽനിന്നും അഞ്ചുമിനിട്ടുകൊണ്ട് അവൾ സ്കൂളിലെത്തും. പുറകോട്ട് ഭംഗിയായി പിന്നിയിട്ടിരിക്കുന്ന കറുത്ത കേശഭാരം; നീലനിറത്തിലുള്ള ഉടുപ്പുകൾ, മുതുകിൽ തൂക്കിയിട്ടിരിക്കുന്ന പുസ്തകസഞ്ചി-ഇതാണ് യോറിക്കോയുടെ സ്കൂളിൽപോകുന്ന വേഷം. അവൾ ഒരു മാതൃകാജാപ്പനീസ് വിദ്യാർത്ഥിനിയാണ്. നല്ല ചെണ്ടിചൊട്ടുപ്പും തന്റേടവും ഉണ്ട്. തന്റെ സഖികളേക്കാളും വളരെ സമർത്ഥയാണ്. അങ്ങിനെ അവൾ അവരുടെ നേതാവാണ്—റാണിയാണ്.

യോറിക്കോയുടെ പള്ളിക്കൂടം തലസ്ഥാനനഗരിയിലെ ഏററവും പഴക്കംചെന്ന വിദ്യാഭ്യാസസ്ഥാപനമാണ്. ജാപ്പനീസ് വിദ്യാലയസ്ഥാപനങ്ങൾക്ക് അത് ഒരു മാതൃകയായി പരിലസിക്കുന്നു. ൧൮൭൨-ലാണ് ഈ പള്ളിക്കൂടം ആദ്യമായി ആരംഭിച്ചത്. എന്നാൽ ൧൯൨൩-ലെ ഭയങ്കരമായ ഭൂമികുലുക്കത്താൽ ഈ സ്കൂൾ പുതുക്കി പണിയേണ്ടിവന്നു. ഈ വിദ്യാലയത്തിന് നിരവധി കാൺക്രീററുകെട്ടിടങ്ങളുണ്ട്. അവയെല്ലാം വെർജീനിയൻക്രീപ്പർചെടികൾ പടർന്നുകയറി മൂടിക്കിടക്കയാണ്. കണ്ടാൽ ലതാഗൃഹങ്ങൾപോലെ തോന്നും. കുട്ടികളുടെ കായികവിനോദത്തിന്റെ ആവശ്യത്തിലേക്കായി തറ തല്ലിയുറപ്പിക്കിനിരത്തിയ കളിസ്ഥലം ഉണ്ട്. സ്കൂളിന് ചുററും കളിസ്ഥലമാണ്. നീന്തൽപരിശീലനത്തിനുള്ള വിശാലമായ ഒരു കുളവും ഉണ്ട്.

രണ്ടാംലോകമഹായുദ്ധത്തിന്റെ ഉത്തരാർദ്ധത്തിൽ സഖ്യകക്ഷികൾ ജപ്പാനിൽ കഠിനമായ ആക്രമണം—ബോംബേറ്—തുടങ്ങിയപ്പോൾ അധികൃതന്മാർ ഈ വിദ്യാലയം ഉപേക്ഷിച്ചിട്ട് കടന്നു, കെട്ടിടത്തിന് ധാരാളം കേട്ടുപാടുകൾ സംഭവിച്ചു. എങ്കിലും സാധനസാമഗ്രികളുടെ ദാരിദ്ര്യത്താൽ ഇന്നും കെട്ടിടം അററകുററപ്പണിചെയ്തു തീർക്കാതെകിടക്കയാണ്. ഇപ്പോഴും ൪൦ വിദ്യാർത്ഥികൾക്ക് പഠിക്കാൻ വേണ്ടുന്ന സൌകര്യങ്ങൾ ഉണ്ട്.

ടോമോ ഒരു പബ്ലിക്ക്സ്കൂൾ ആണെന്നു പറഞ്ഞുവല്ലോ. അവിടെ പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവുമാണ്. ൬ മുതൽ ൧൨ വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുമാത്രമെ അവിടെ പ്രവേശനമുള്ളൂ. അവരുടെ സകല വിദ്യാഭ്യാസച്ചിലവുകളും ഗവമ്മെണ്ട് വഹിച്ചുകൊള്ളും. ആറുകൊല്ലക്കാലത്തെ പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവുമായിരിക്കണമെന്നു ജാപ്പാനിലെ നിയമം അനുശാസിക്കുന്നുണ്ട്. ചെറുതരം വ്യവസായികളുടെയും താഴ്ന്നതരം സർക്കാരുദ്യോഗസ്ഥന്മാരുടെയും മററു ജോലിക്കാരുടെയും കുട്ടികൾക്കായി മാത്രമുള്ള ഒരു സ്ഥാപനമാണിത്. യുദ്ധത്തിനുമുൻപു തൊണ്ണൂറു ശതമാനംകുട്ടികൾ ആൺകുട്ടികളും പെൺകുട്ടികളും—മിഡിൽസ്കൂൾവിദ്യാഭ്യാസവും, അതിലൊന്നുപകുതിക്ക്—അവർ പ്രായേണ ആൺകുട്ടികളാണ്—സർവ്വകലാശാലാവിദ്യാഭ്യാസവും ലഭിക്കാറുണ്ടായിരുന്നു.

യോറിക്കോ അവളുടെ അച്ഛനമ്മമാർക്ക് രണ്ടു മക്കളുള്ളതിൽ മൂത്തതാണ്. പത്രാഫീസിൽ സ്ഥിരശമ്പളമുള്ള ഒരു ഉദ്യോഗസ്ഥനാണ് അവളുടെ അച്ഛൻ. അമ്മയ്ക്കു ഗൃഹഭരണവും. യുദ്ധകാലത്തിനുമുൻപ് ജാപ്പാനിലെ താഴ്ന്നതരംജീവനങ്ങൾക്ക് ആളുകളെ നൽകിക്കൊണ്ടിരുന്നത് അവിടുത്തെ ഇടത്തരം വർഗ്ഗമാണ്. അല്ലെങ്കിൽ ജാപ്പാനിലെ താഴ്ന്നതരം സർക്കാരുദ്യോഗങ്ങൾക്കും ചെറുതരം മററു ഉദ്യോഗങ്ങൾക്കും കുത്തകപിടിച്ചിരുന്നവർ അവിടുത്തെ ഇടത്തരക്കാരായിരുന്നു. സാമൂഹ്യവും സാമ്പത്തികവുമായ അവരുടെ നിലകൊണ്ടാണ് ഇടത്തരക്കാരെന്നു പറഞ്ഞത്. രാഷ്ട്രീയകാര്യങ്ങളിൽ ഇവർക്ക് യാതൊരധികാരവും ഇല്ലായിരുന്നു. ഇവർ ഒന്നാംതരം യാഥാസ്ഥിതികരാണ്. ഇവരുടെ കൂട്ടുപിടിച്ചും സഹായം സമ്പാദിച്ചുമാണ്—മനസ്സില്ലാമനസ്സോടെയാണെന്നും പറയുന്നുണ്ട്—ജാപ്പാനിലെ സമരകക്ഷി ജാപ്പാനെ ഉന്തിത്തള്ളി യുദ്ധത്തിലാക്കിയത്.

ഇന്ന് പത്തുവയസ്സുള്ള യോറിക്കോ നാളത്തെ ഒരു പ്രധാനവ്യക്തിയാകുമോ? അതിനു വല്ല മാർഗ്ഗവും ഉണ്ടോ? അവൾക്ക് അവളുടെ അച്ഛനമ്മമാരിൽനിന്നും വ്യത്യസ്ഥമായി ജീവിക്കുന്നതിന് സാഹചര്യങ്ങൾ ലഭിക്കുമോ? സാധിക്കും, അതിനു പററിയ ഒരു വിദ്യാഭ്യാസം ലഭിക്കുമെങ്കിൽ യുദ്ധപ്രേമികളുടെ പിടിയിൽപ്പെടാതെ ജീവിക്കാനും, രാഷ്ട്രീയകുതന്ത്രവാദികളുടെ പ്രേരണാശക്തിയിൽനിന്നു ഒഴിഞ്ഞുമാറുവാനും അവരെ നിന്ദിക്കാനും, സ്വതന്ത്രമായി ഏതുകാര്യത്തെപ്പററി ചിന്തിക്കാനും പഠിച്ചാൽ മതി. അതിന് ഉതകുന്ന ഒരു വിദ്യാഭ്യാസരീതിയാണ് ആവശ്യമായിട്ടുള്ളത്. സഖ്യകക്ഷി അധികൃതർ ഇപ്പോൾ ജപ്പാനു നൾകിയിട്ടുള്ളതും പ്രജായത്തഭരണസമ്പ്രദായത്തിൽ അധിഷ്ഠിതവുമായ ഭരണഘടന കൈകാര്യം ചെയ്യുന്നതിനു ഇന്നത്തെ ജപ്പാൻകുട്ടികൾക്ക പരിശീലനം നൾകണം. അതിനുള്ള പരിശീലനം ലഭിക്കേണ്ടത് അതിനുപററിയ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിൽക്കൂടിയാണ്.

ചെറിയ്യോസ്കൂം അവളുടെ സഖികൾക്കും കൌമാരം കഴിയുന്നതിന് മുമ്പായിത്തന്നെ—അവർക്ക് വോട്ടുചെയ്യാൻ കാലം (പ്രായം) ആകുന്നതിനു മുമ്പായിത്തന്നെ—സുപ്രസിദ്ധമായ പോർട്ട്സ്മൗത്ത് ഉടമ്പടിയിലെ കരാറനുസരിച്ചു "സമാധാനപ്രിയവും ഉത്തരവാദിത്വസമ്പൂർണ്ണവും, ജപ്പാനിലെ ആളുകളുടെ നിശ്ചയത്തിന് ഉത്തരവാദിത്വം വഹിക്കുന്നതുമായ ഒരു ഭരണം" നടപ്പാക്കുന്നതിനുള്ള ജോലി സഖ്യകക്ഷി അധികൃതരിൽ നിക്ഷിപ്തമായിട്ടുള്ളതിനെ പരിഗണിച്ചു അവർക്ക് പല പഴയ രാഷ്ട്രീയതടസ്സങ്ങളെയും തകർക്കേണ്ടതായിട്ടുണ്ട്. നിരവധി ക്ലേശങ്ങൾ അവർക്ക് സഹിക്കേണ്ടതായിട്ടുണ്ട്. സഖ്യകക്ഷികൾ ജപ്പാൻ വിട്ടുപോയ്ക്കഴിഞ്ഞാലും അത്തരം ഭരണം തുടർന്നുപോകേണ്ടത് ആവശ്യവും അതിനുള്ള ചുമതല ഒരുവേള അവർക്കുതന്നെയും ആയിരിക്കും. എന്നാൽ അത് അത്ര ലഘുവായ ഒരു കാര്യമല്ല. എന്തെന്നാൽ ക്രമമായി നിരായുധീകരണം നടത്തുവാനുദ്ദേശിക്കുന്ന ഒരു നേഷനിൽ ഇതിൽ—ഇടതുപക്ഷക്കാരിൽനിന്നും വലതുപക്ഷക്കാരിൽനിന്നും—ശക്തിയേറിയ എതിർപ്പുകൾ ഉണ്ടാകാനിടയുണ്ട്.

ഈ ഉത്ഥാനകർമ്മത്തിന് നാളെ ചുമതല വഹിക്കാനുള്ളത് ഇന്നത്തെ ജപ്പാൻ വിദ്യാർത്ഥികളാണ്. എന്നാൽ അതിന് അവരെ പ്രാപ്തരും യോഗ്യരും ആക്കിത്തീർക്കാനുള്ള ചുമതല ഇന്നത്തെ ഭരണാധികൃതർക്കാണുള്ളത് തീർച്ചതന്നെ.

ജനറൽ മക്ക് ആർതരുടെ ക്ഷണപ്രകാരം കഴിഞ്ഞവർഷം ഡാക്ടർ ജോർജ്ജ് ഡി. സ്റ്റോഡാർഡ് എന്ന വിദ്യാഭ്യാസവിചക്ഷണന്റെ നേതൃത്വത്തിൽ ഒരു സംഘം വിദ്യാഭ്യാസവിദഗ്ദ്ധന്മാർ ജപ്പാൻ സന്ദർശിക്കയുണ്ടായി. അവർ ജപ്പാനിൽ നിലവിലിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ശ്രദ്ധാപൂർവ്വം അന്വേഷണങ്ങൾ നടത്തിയ ശേഷം സമർപ്പിച്ച റിപ്പോർട്ടിൽ "ഞങ്ങളുടെ ഏററവുംവലിയ പ്രതീക്ഷ കുട്ടികളിലാണ്" എന്നു പറഞ്ഞിരിക്കുന്നു എന്നു.

എന്നാൽ ഇന്നേവരെ ജപ്പാൻ വിദ്യാഭ്യാസപദ്ധതിയിൽ വലിയ കൈകടത്തലുകളൊന്നും അധികൃതന്മാർ ചെയ്തിട്ടില്ല. ഏതെങ്കിലും ഒരു പുതിയ വിദ്യാഭ്യാസരീതിയെ രൂപീകരിച്ചു നടപ്പിലാക്കിയിട്ടില്ല. സഖ്യകക്ഷികൾ അധിനിവേശം ചെയ്തിട്ടു രണ്ടുകൊല്ലംപോലും തികഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു ഗംഭീരവും വിപ്ലവാത്മകവുമായ പരിവർത്തനങ്ങൾ നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ നടപ്പിലാക്കിയിട്ടില്ലെന്നു പറഞ്ഞു അവരെ അപഹസിക്കുന്നതും ശരിയല്ല. ചുരുങ്ങിയ കാലയളവിനുള്ളിൽ ഒരു നേഷന്റെ സമ്പാദ്യമായ ശിശുക്കളുടെ ഭാവിഭാഗധേയത്തെ രൂപവൽക്കരിക്കുന്നതിനു പര്യാപ്തമായ ഒരു വിദ്യാഭ്യാസപദ്ധതി ആസൂത്രണം ചെയ്കയെന്നുള്ളതും അത്ര എളുപ്പമല്ല. ഏതാനും ചില പുതിയ പാഠപുസ്തകങ്ങൾമാത്രം വെളിയ്ക്കായിട്ടുണ്ട്. കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും യഥാർത്ഥചരിത്രസംഭവങ്ങളിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. പസഫിക്ക് യുദ്ധത്തിനും, യഥാർത്ഥചരിത്രവസ്തുതകൾക്കും ഈ പുതിയ പാഠാവലിയിൽ സ്ഥാനം നൾകിയിട്ടുണ്ട്. ൭൦൦ ലക്ഷം ജനങ്ങളുടെ ഭാവിയെ രൂപീകരിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസപദ്ധതിക്ക വാസ്തവത്തിൽ കരുപിടിക്കുന്നേയുള്ളൂ. ഒട്ടേറെ കമ്മററികളെ നിയമിച്ചു ജോലിനടത്തിവരികയാണ്. കമ്മററിക്കാർ പലതും ചെയ്യുന്നുണ്ടെങ്കിലും പലതും ചെയ്തെങ്കിലും ജോലി കിടക്കുകയാണ്.

ചെയ്യുതീർക്കാനുള്ള ജോലി രണ്ടായി വിഭജിക്കാം. ഒന്നു സൃഷ്ടിജനകവും മററത് ന്യൂനവും ആണ്. കളപറിച്ചുകളഞ്ഞു നിലം ഒരുക്കുന്ന കർമ്മമാണ് രണ്ടാമത്തേത്. പുതിയ പദ്ധതിയുടെ കെട്ടിപ്പടുത്തൽ അഥവാ അതു പ്രാബല്യത്തിലാക്കുന്ന ജോലി ഒന്നാമത്തേതും.

മുൻപൊക്കെ ജപ്പാനിലെ എല്ലാ വിദ്യാലയങ്ങളിലും ഹിരോഹിതോ ചക്രവർത്തിയുടെ പടങ്ങൾ ഭിത്തികളിൽ അലങ്കരിച്ചു വച്ചിരുന്നു. കുട്ടികൾ ക്ലാസ്മുറികളിൽ കയറുമ്പോൾ തങ്ങളുടെ ചക്രവർത്തിയുടെ പടത്തിന് മുമ്പിൽ തലകുനിച്ചു അശേഷമത്ത ബഹുമാനിക്കുന്ന പതിവു ഉണ്ടായിരുന്നു. അവൾ പതിവല്ല, നിയമവും ആയിരുന്നു. എന്നാൽ ഇന്നു കട്ടെ നിർഭാഗ്യവാനായ ഹിരോഹിതോവിന്റെ ചിത്രങ്ങൾ വിദ്യാലയഭിത്തികളിൽനിന്നു നീക്കംചെയ്തുകഴിഞ്ഞിരിക്കുന്നു. ഒരുപക്ഷേ അശേഷത്തിന്റെസ്മരണമാത്രം ജാപ്പാൻ ജനങ്ങളുടെഹൃദയത്തിൽനിന്നു മാഞ്ഞിട്ടില്ലായിരിക്കാം. ജപ്പാൻ വിദ്യാർത്ഥികൾക്ക് ഏതായാലും ആ ഹതഭാഗ്യന്റെ ചിത്രങ്ങളുടെ മുമ്പിൽ ഇനിയും തലകുനിയ്ക്കേണ്ട ആവശ്യമില്ല. ചക്രവർത്തി പൂജ ജാപ്പാൻകാരുടെ ഒന്നാമത്തെ ചടങ്ങുമാണല്ലോ. ചക്രവർത്തിയുണ്ടെങ്കിൽ മതിയല്ലോ അശേഷത്തെ പൂജിക്കാനും ബഹുമാനിക്കാനും. ൧൯൪൫ വരെ ജാപ്പാനിലെ പ്രാഥമികക്ലാസുകളിൽ പോലും പട്ടാളഡ്രില്ലും സമരശാസ്ത്രാഭ്യസനവും ഉണ്ടായിരുന്നു. നേരത്തെ ആദ്യം മുതൽക്കേ പിഞ്ചുഹൃദയങ്ങളിൽ യുദ്ധചിന്തയാണ് കുത്തിവച്ചുകൊണ്ടിരുന്നത്. മണ്ടർതരുടെ രംഗപ്രവേശത്തിനുശേഷം ഇതു ഇല്ലാതായിട്ടുണ്ട്.

സഖ്യകക്ഷി അധികൃതന്മാരുടെ ഏകോപിച്ചുള്ള തീരുമാനപ്രകാരമാണ് ഏതൽനിരോധനങ്ങൾ നടപ്പിലാക്കിയത്. പണ്ടത്തെ നാലു മണിക്കൂർനേരത്തെ പട്ടാളഡ്രില്ലിന് പകരം ഇപ്പോൾ ആഴ്ചയിൽ മൂന്നു മണിക്കൂർനേരത്തെ റേഡിയോ ക്ലാസുകളാണുള്ളത്. സ്വീഡിഷ് മുറകളുടെ സ്ഥാനത്തു ശരീരത്തിന് അഴകും ശക്തിയും വരുത്തുന്ന വിനോദങ്ങളാണ് ഇപ്പോൾ. കൊച്ചു കുട്ടികൾക്ക് ലാഘവമായ വിനോദങ്ങളെ നൾകുന്നുള്ളൂ. ഇത്തരം അഭ്യസനരീതി അഥവാ വിദ്യാലയജീവിതം ഒരിക്കലും സമരപ്രവണതയ്ക്ക് വഴിതെളിക്കുന്നതല്ല, പ്രത്യുത സമരചിന്തയെ നശിപ്പിക്കുന്നതിനുപകരിക്കും.

പൌരധർമ്മത്തെ ഉഗ്രമായ നാഷണലിസ്റ്റ് ചിന്താഗതികളെയുംപററി കെട്ടുത്തുകൊണ്ടിരുന്ന പത്തുമണിക്കൂർനേരത്തെ അഭ്യസനത്തിനും കുറതി വരുത്തിയിരിക്കയാണ്. ജപ്പാൻഭാഷ, ചരിത്രം, ഭൂമിശാസ്ത്രം, സന്മാർഗ്ഗബോധം ഇവ മാത്രമെ ഇപ്പോൾ അഭ്യസനപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അവയൊന്നും തന്നെ താങ്ങാൻ കഴിയാത്ത തലകളിൽ കെട്ടിവയ്ക്കുന്നില്ല. ൧൮൯൦-ൽ വിദ്യാഭ്യാസനയത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ള മീജി അനുശാസനത്തിൽനിന്നും അണുപോലും വ്യതിചലിക്കാതെയാണ് ഇന്നും സന്മാർഗ്ഗബോധത്തെപ്പററിയുള്ള അഭ്യസനങ്ങൾ നൾകിപ്പോരുന്നത്. ചക്രവർത്തിയും പ്രജകളുംതമ്മിലുള്ള ബന്ധം പിതൃപുത്രബന്ധംപോലെ മാത്രമാണെന്നാണ് പറഞ്ഞുകൊടുക്കുന്നത്. ചരിത്രം, ഭൂമിശാസ്ത്രം എന്നീ രണ്ടു വിഷയങ്ങളിൽ പുതിയ പാഠപുസ്തകങ്ങൾ ഇറക്കിയിട്ടുണ്ട്, പുതിയ സിലബസ്സ് അനുസരിച്ചുള്ള പാഠ്യഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമെ അച്ചടിച്ചിട്ടുള്ളൂ. ഇപ്പോൾ ചരിത്രം ൫-ലും, ഭൂമിശാസ്ത്രം ൪-ലും പഠിപ്പിക്കുന്നുണ്ട്. ജപ്പാൻ അവരുടെ അക്ഷരമാലയ്ക്ക് അഥവാ ലിപിക്ക് ചീനനോടാണ് കടപ്പെട്ടിരിക്കുന്നത്. വളരെ ക്ലിഷ്ടമായ ഒരുതരം ലിപിയാണ് ജാപ്പാൻഭാഷയ്ക്കുള്ളത്. ലിപിയല്ല അവയുടെ സ്ഥാനത്തു ചിഹ്നങ്ങളാണ് ഉള്ളത്. അതിനാൽ പ്രാഥമികക്ലാസുകളിൽ എഴുത്തിനു പകരം വായനയ്ക്കാണ് പ്രാധാന്യം നൾകിയിരിക്കുന്നത്. ജാപ്പാനിലെ ആദ്യത്തെ ബുദ്ധമതാനുയായിയും ബുദ്ധമതസ്ഥാപകനും, ആദ്യത്തെ ജാപ്പാൻ ഭരണഘടനയുടെ നിർമ്മാതാവും ആയ ഷോട്ടോക്കുവിന്റെ ജീവചരിത്രത്തിന് പാഠ്യഗ്രന്ഥങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. മൂന്നാംഗ്രേഡിലുള്ള കുട്ടികൾക്ക് അതു വായിക്കാൻ കഴിയും. ൧൦ വയസ്സുവരെയുള്ള കുട്ടികളെ ചരിത്രവും ഭൂമിശാസ്ത്രവുമല്ലാതെ മററു വിഷയങ്ങളൊന്നും പഠിപ്പിക്കുന്നില്ല.

നൂതനവിദ്യകളിൽ പ്രാധാന്യം അർഹിക്കുന്നതു അയോഗ്യരായ അദ്ധ്യാപകന്മാരുടെ ബഹിഷ്കരണമാണ്. ടോട്ടാലിറേററിയൻ ഭരണത്തെ അനുകൂലിക്കുന്ന നിരവധി അദ്ധ്യാപകന്മാരെ അയോഗ്യരെന്നു വിധിയെഴുതി വിട്ടിരിക്കയാണ്. അവർ പാഠ്യപുസ്തകങ്ങളെ ദുർവ്യാഖ്യാനംചെയ്തു പിഞ്ചുപൈതങ്ങളെ അപഥസഞ്ചാരംചെയ്യാൻ പരിശീലിപ്പിക്കുന്നതായി ഭരണാധിപന്മാർക്കു തോന്നിയതിന്റെ ഫലമായി ഏകദേശം ൧൨൦൦൦ പേരെ പറഞ്ഞയച്ചിട്ടുണ്ട്. ൧൯൪൫ അക്ടോബർമാസത്തിന്റെ പൂർവ്വാർദ്ധംമുതൽക്കുടി 'എലിജിബിലിററി കമ്മിററി'കൾ മുഖാന്തരം ൧൭൦൦൦൦ അദ്ധ്യാപകന്മാരെ പരീക്ഷിക്കയുണ്ടായി. ആകെയുള്ള അദ്ധ്യാപകന്മാർ ൨൭,൦൦൦ ആണ്. അയോഗ്യതാസാക്ഷിപത്രം ലഭിച്ച ൧൭൨൮ അദ്ധ്യാപകന്മാരിൽ ൨൦ പേർ പ്രാഥമികവിദ്യാലയങ്ങളിലെയും മററുള്ളവർ ഉപരിവിദ്യാലയങ്ങളിലെയുംആണ്. അദ്ധ്യാപകന്മാരുടെ കയ്യിലാണല്ലോ വിദ്യാർത്ഥികളുടെ ഭാവി. ബാലഹൃദയങ്ങളിൽ വിഷം കുത്തിവയ്ക്കുന്നതിനു ഒരുങ്ങുന്ന അദ്ധ്യാപകന്മാരെ അദ്ധ്യാപനവൃത്തിയിൽനിന്നു ബഹിഷ്കരിക്കേണ്ടതു ഏതൊരു ഗവമ്മെൻറിന്റെയും അതിപ്രധാനമായ ഒരു ചുമതലതന്നെയാണ്. ഏതൊരു വിദ്യാഭ്യാസസമ്പ്രദായത്തിന്റെയും വിജയം സ്ഥിതിചെയ്യുന്നതു അദ്ധ്യാപകന്മാരിലാണെന്നു പറയേണ്ടതില്ലല്ലോ.

ചരിത്രപാഠപുസ്തകങ്ങളിലാണ് അധികൃതന്മാരുടെ ശ്രദ്ധ പ്രധാനമായും പതിഞ്ഞുകാണുന്നത്. ഈ പുതിയ പാഠഗ്രന്ഥങ്ങളെപ്പററി ഒട്ടുവളരെ വിമർശനങ്ങളും ഉണ്ടായി. പുതിയ സില്ലബസ്സ് അനുസരിച്ചുള്ള ചരിത്രമാണ് ടോമോയിലുള്ള പ്രാഥമികവിദ്യാലയത്തിൽ അഭ്യസിപ്പിക്കുന്നത്. ഷിന്റോതത്വങ്ങളും, ഉജ്ജ്വലവും കഠിനവുമായ ദേശീയവാദങ്ങളും, സമരകാഹളങ്ങളുംകൊണ്ടു മുഖരിതമായിരുന്ന പാഠ്യപുസ്തകങ്ങളാണ് ജപ്പാനിൽ പഠിപ്പിച്ചുകൊണ്ടിരുന്നത്. ഇതെല്ലാം ജനങ്ങളെ യുദ്ധത്തിലേക്കു നയിക്കുന്നവയും അതിനു പ്രേരിപ്പിക്കുന്നവയുംആയിരുന്നു. അത്തരം പാഠ്യപുസ്തകങ്ങളെ നശിപ്പിക്കുന്നതിലായിരുന്നു മക്കാർതരുടെ ശ്രദ്ധ ആദ്യമേ പതിഞ്ഞത്. ഓരോന്നിനും, ഓരോ ശ്രവണത്തിലും ഏതും ഗ്രഹിക്കാൻ കഴിവുള്ള കൊച്ചുകുട്ടികളെ ആദ്യംമുതൽക്കേ നല്ലവഴിയിൽക്കൂടി സഞ്ചരിപ്പിക്കേണ്ടതു ആവശ്യമാണെന്നു നമ്മുടെ ജനറലിനു തോന്നിയതിന്റെ ഫല

(ശേഷം ൧൧-ാം പേജിൽ)

ചെറുകഥ

# മറുപുറം

## എൻ. കൃഷ്ണൻ എൻ

സിരകളിൽക്കൂടി 'നീലച്ചോരം' ഒഴുകുന്ന 'ട്രിസ്റ്റ്സ് ലൗഞ്ചി'ലെ കൊട്ടുംചിരിയുംകൊണ്ട അന്തരീക്ഷം ശാന്തമായിത്തുടങ്ങി. സഞ്ചാരികളുടെ ലഗ്ഗേജ് നിർദ്ദയം കൊണ്ടു മറിക്കുന്ന റെയിൽവേ പോർട്ടർമാരുടെ ആ ഹാസങ്ങളിൽനിന്നും മോട്ടോർ ഡ്രൈവർമാരുടെ സോഷ്യലിസത്തിൻെറ തുലോംടിച്ച പ്രഭാഷണങ്ങളിൽനിന്നും ലൗഞ്ചിനു തല്ക്കാലം മോക്ഷം കിട്ടി. അത്താഴംകഴിഞ്ഞു വഴിയാത്രക്കാർ—അവരിലധികംപേരും അന്നത്തെ എക്സ്പ്രസ്സിൽ വന്നവരാണ്—റേഡിയോ കേട്ടു രസിക്കുകയാണ്.

ഊണുംകഴിഞ്ഞു ബീഡിയും വലിച്ചുകൊണ്ടു ഉള്ളിയും ഉരുളക്കിഴങ്ങും കൂന കൂട്ടിയിരിക്കുന്ന മുറിയിൽനിന്നും പുറത്തു ചാടിയപ്പോളാണ് രാഘവൻകുട്ടിക്കു തോന്നിയതു് ഉഷ്ണം അസഹ്യമാണെന്നു്. മാനേജർസാറിൻെറ മുറിയിൽ ചെല്ലുന്ന വനിയം അഭിനയിച്ച ൩൧-ാംനമ്പർ മുറിയുടെ താക്കോലും കയ്യിലേന്തിക്കൊണ്ടു രാഘവൻകുട്ടി ഗോവണികയറി രണ്ടാംനിലയിലെത്തി പടിഞ്ഞാറേക്കാററു് മടിക്കുത്തഴിക്കുന്നതു് ൩൧-ലാണ്.

രാമകൃഷ്ണൻ—കല്പന സാഗരം കത്തിയും മുള്ളും കഴുകിക്കൊടുക്കുകയാണവൻെറ ജോലി—വരാന്തയിലിരുന്നു വളരെ പ്രയാസപ്പെട്ടു ചിലപ്പോഴൊക്കെ അക്ഷരങ്ങളും പുത്തനായി സൃഷ്ടിച്ചു് എന്തോ എഴുതിക്കൂട്ടുന്നു.

'ഇന്നും ഇതും വലിച്ചോണ്ടെഴുതു്. എഴുതാന്നേരത്തു് നമ്മുടെ ഡേവ്സ്സാർ വലിക്കുന്നതിതാടാ.' അവൻ ഒരു ബീഡി രാമകൃഷ്ണൻെറ മുൻപിൽ എറിഞ്ഞുകൊടുത്തു. "നീ ഒന്നുപോ. അമ്മയ്ക്കൊരെഴുത്തെഴുതിയിട്ടു മാസം മൂന്നായി." ബീഡി എടുത്തു് ചക്രവത്തി തിരുമനസ്സിലെ കാലംചെയ്തുപോയിലെ ഒരു ഭടൻ ഒരുകൊല്ലം മുൻപു സമ്മാനിച്ച കാക്കിഷർട്ടിൻെറ പോക്കററിൽ നിക്ഷേപിച്ചിട്ടു് രാമകൃഷ്ണൻ മേനിക്കടലാസ്സിൽ പെൻസിൽകൊണ്ടെഴുതു അക്ഷരങ്ങളും വിളമ്പിച്ചുതുടങ്ങി. അമ്മക്കു് എഴുത്തെഴുതുന്നു! അമ്മ! വീടു്! നെടുതായി നിശ്വസിച്ചുകൊണ്ടു് രാഘവൻകുട്ടി ൩൧-ാംനമ്പർ മുറിയിലേക്കു നടന്നു.

ഇരുപതാംനമ്പർ മുറിയിൽ വെളിച്ചം കണ്ടതങ്ങോട്ടു നോക്കി. തലമുടി നരച്ചുതുടങ്ങിയ ഒരു സ്ത്രീയും അഴകിൽപ്പൊതിഞ്ഞ ഒരു യുവതിയും സുമുഖനായ ഒരു യുവാവും വട്ടമേശയ്ക്കു ചുററുമിരുന്നു അടുത്ത ദിവസത്തെ യാത്രാപരിപാടി ചർച്ചചെയ്യുകയാണ്.

"കൊച്ചുണ്ണനെക്കൂടി കൊണ്ടുപോരേണ്ടതായിരുന്നു. അവൻ തനിച്ചു വീട്ടിൽ എന്തുചെയ്യാനാണ്" എന്നു പറഞ്ഞതു സുന്ദരിയായ ആ യുവതിയായിരുന്നു.

അവരും വീട്ടിനെ സ്മരിക്കുന്നു! മറിഞ്ഞാനു രാഘവൻകുട്ടി ജനാലപ്പഴുതോട്ടുകിടന്ന പുരൻകട്ടിലിൽ മറിഞ്ഞു. പടിഞ്ഞാറേക്കാററു് കടത്തിട്ട അവൻെറ ദേഹത്തു് കുളുർമയുടെ ആയിരം പൂക്കൾ.

ഇരുപതാംനമ്പർ മുറിയിൽ ആ കുടുംബം വളകിലുക്കുംവണ്ണം ചിരിച്ചു. കുടുംബത്തിൻെറ ചിരി! തിരിഞ്ഞുകിടന്നു തുറന്നുകിടന്ന കിഴക്കേ ജനാലയിൽക്കൂടി അവൻ പുറത്തേക്കു തുറിച്ചുനോക്കി. അപ്പോഴും മുഴമിച്ചുനില്ല രാമകൃഷ്ണൻ അവൻെറ കണ്ണു്. വീടു്! നാടു്! എന്തെല്ലാം മധുരസ്മരണകൾ! ആററുവക്കിലെ പച്ചവില്ലുസ്സുവിരിച്ച നെൽപ്പാടങ്ങൾ. പാടങ്ങളെ വെള്ളിഅരഞ്ഞാണം അണിയിച്ചുകൊണ്ടു് മൂളിപ്പാട്ടുംപാടിയിഴയുന്ന കൊച്ചുതോടു്!

ശക്കരനീരു് കുഴച്ചിലിട്ടു നിറച്ച കരിമ്പിൻതോട്ടങ്ങൾ. തരു തളിരും തിങ്ങിക്കയിൽ ക്രൂവുന്ന മാന്തോപ്പുകൾ. ശക്കരമാമ്പഴം കുലുക്കിയിട്ടുന്ന കാററ്.

വീടു്! രണ്ടുകൊല്ലം കഴിഞ്ഞു വീടുവിട്ടിട്ടു്. അമ്മയുടെ ഓമനമുഖമൊന്നു കണ്ടിട്ടു് രണ്ടുകൊല്ലം കഴിഞ്ഞു. അനുജത്തിയുടെ ഓമനക്കൺ ഞെത്തിനെ, ആ കുസൃതിക്കുട്ടയെ മാറിലണച്ചിട്ടു്—അവനു് രണ്ടു ചക്രത്തിനു ബിസ്കററ വാങ്ങി സമ്മാനിച്ചിട്ടു് എത്ര നാളുകളായി?

ആററുമുളക്കോവിലിൽ ഒന്നു കളിച്ചു തൊഴുതിട്ടെത്രനാളുകളായി?

അന്നാദ്യമായി അവനു അകമഴിഞ്ഞ വെറുപ്പുതോന്നി അവിടത്തെ ജീവിതത്തോടു് ഇരുപതാംനമ്പർ മുറിയിൽ വീണ്ടും കേട്ടുകൂട്ടച്ചിരി.

'രാഘവാ.'

ഹായ് ആററുമുളയിൽനിന്നും അവൻെറ അമ്മവിളിച്ചാൽ അവിടെ കേൾക്കുമോ?

'രാഘവാ' അധികാരത്തിൻെറ വിളിയായിരുന്നു അതു്. അനിഷേധ്യമായ കല്പനാശക്തി ആ സ്വരത്തിൽ തുളിച്ചുനിന്നു. രാഘവൻകുട്ടി പാഞ്ഞെത്തി മാനേജർസാറിൻെറ സന്നിധാനത്തിൽ.

"നീ പുറത്തുകിടന്നോ. ഇപ്പോഴത്തിനു ഇരുപത്തിമൂന്നിൽ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കു" മാനേജർ പറഞ്ഞു.

പുതിയ സഞ്ചാരി ഭരിച്ച ഒരു ലതർബാഗ് രാഘവൻകുട്ടിയുടെ തലയിൽ പിടിച്ചുകൊടുത്തു. ഭംഗിയുള്ള ഒരു ഒതാൽമടിശ്ശീല അലക്ഷ്യമായി ആട്ടിക്കൊണ്ടു അയാളും പുറകിലുമായി അവർ ഗോവണികയറി പടിഞ്ഞാറൻകാററു് കൊട്ടുമിരികൊണ്ടു വീശുന്ന ൩൧-ാംനമ്പർ മുറിയിലെത്തി. മുറിക്കകത്തുകിടന്ന ബെഞ്ചെടുത്തു വെളിയിൽ ജനാലക്കസമീപമിട്ടു് അവൻ വീണ്ടും കിടന്നു—ഭൂതകാലസ്മരണകളുമായി കെട്ടിമറിയുവാൻ.

"എങ്ങോട്ടാണു" വഴിയാത്രക്കാരൻ തന്നത്താനെ മന്ത്രിച്ചു.

"തന്നെ സാർ. എങ്ങോട്ടാണു സാർ യാത്ര? അവൻ പതുക്കെ ചോദിച്ചു. വല്ലപ്പോഴുമാണു ഇങ്ങനെ സന്ദർഭങ്ങൾ കിട്ടുക.

"അവധിക്കു നാട്ടിൽ പോവുകയാണ്. ഷൂസ് ഊരി മാററി കയ്യിൽ പൊതിഞ്ഞു വച്ചിരുന്ന കാൺപൂർ ചെരിപ്പു് കാലിൽ തിരുകിക്കയററിക്കൊണ്ടയാൾ പ്രതിവചിച്ചു.

സഞ്ചാരി കിടക്ക അഴിച്ചു കുടഞ്ഞു വിരിച്ചു.

"സാർ ഉറങ്ങാൻ തുടങ്ങുകയാണോ"?

"ഹേയ്. കിടക്ക വിരിച്ചെന്നു മാത്രം."

"സാറിനെന്താണുജോലി?"

"പട്ടാളത്തിൽ."

പട്ടാളക്കാരുടെ മനശ്ശാസ്ത്രം അവനു പുതുമയൊന്നുമല്ല. കാലാകാലങ്ങളായി എത്രപേരെ അവൻ ഇതിനകം കണ്ടുകഴിഞ്ഞു പട്ടാളക്കാരൻ, ശത്രു അല്ലെന്നു കണ്ടാൽ ആരോടും ഏതു 'ടോപ്പ് സീക്രററ്' വിളിച്ചുപറയും. അയാളും ഡാവിൻസി ഭാന്തരങ്ങളിനകത്തു് ഒതുങ്ങുന്ന ജന്തുവാണ്.

"എവിടെയാണു സാർ സ്വദേശം?"

"ഓററപ്പാലത്തു്"

"ആരെല്ലാമുണ്ടു സാർ വീട്ടിൽ?"

"അമ്മ, അനുജൻ, സഹോദരി'

"സഹോദരിക്കു കുഞ്ഞുങ്ങളില്ലെസ്സാർ?"

'രണ്ടു്, മൂത്തതു് ഫസ്റ്റ്ഫാറത്തിൽ പഠിക്കുന്നു'.

"നാളെത്തന്നെ പോകുകയാണോ സാർ'.

'൭-നം. എക്സ്പ്രസ്സിൽ'

രാഘവൻകുട്ടി കൈനീട്ടി ആ തീവണ്ടിയെപ്പിടിക്കാൻ. പെട്ടെന്നെന്തോ ഓർമ്മിച്ചിട്ടെന്നപോലെ ആ പടയാളി തൻെറ കോപ്പെട്ടുത്തു ലതർബാഗു തുറന്നു. ഏല്യമായ ഒരു വാസന. എന്തെല്ലാമാണതിൽ സംഭരിച്ചിരിക്കുന്നതു്! കസവുപൂക്കൾ തുന്നിപ്പിടിപ്പിച്ച ഒരിളംനീലസാരി. വില കൂടിയ സിൽക്കിൽ പല മാതൃകകളിൽ തുന്നിച്ച ഫ്രാക്കുകൾ, ബ്ളൗസ്സുകൾ. മേൽത്തരം ചോക്കലേററുകൾ. കപ്പിയില

(ശേഷം നാലാംപേജിൽ)

പ്രസിദ്ധപ്പെടുത്തി!

ആരോഗ്യരഹസ്യം

(മൂന്നാം പതിപ്പ്)

ഗ്രന്ഥകാരൻ:—പി. കൃഷ്ണയ്യർ, ഉഴരകം.

ഓജസ്സിനെ വർദ്ധിപ്പിക്കുന്നതിനും രോഗബീജങ്ങളെ ഹനിക്കുന്നതിനും സമർത്ഥങ്ങളായ എല്ലാ യോഗാസനങ്ങളേയും യഥാവിധി പരിശീലിക്കുന്നതിനു് ആവശ്യമായ സകല ഉപദേശങ്ങളും അടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥം. 45 ഛായാപടങ്ങളോടുകൂടിയതു്.

വില 2 ക. 4-ണ. മാത്രം. തപാൽചിലവു വേറെ.

അപേക്ഷിക്കുക:—

മംഗളോദയം, ലിമിററഡ്, തൃശ്ശൂർ.



ഗ്രന്ഥവിഹാരം

# ക്രിസ്തുഭഗവാൻ

—o—

ഗ്രന്ഥകർത്താ,

ജെ. ജാൺ കട്ടക്കയം.

വില രൂ: ൨ അ: ൮.

വള്ളത്തോൾ മഹാകവിയുടെ അവതാരികയും മഹാകവി ഉള്ളൂരിന്റെ അഭിപ്രായവും, ജാൺ കട്ടക്കയത്തിന്റെ പ്രബന്ധവും, ഇങ്ങനെ ഈ മൂർത്തിത്രയത്തിന്റെ ശീതളനിർമ്മലകരങ്ങളാൽ അലങ്കൃതമാകുന്ന ക്രിസ്തുഭഗവാൻ. മലയാളത്തിൽ ക്രിസ്തുമതസാഹിത്യത്തിന് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കാതെപോയിട്ടുണ്ടെങ്കിൽ അതിലെ ഭാഷാവൈലക്ഷണ്യമല്ലാതെ മറെറാന്നും കാരണമായി ഭവിക്കുന്നില്ല. ഭാഷാവിഷയകമായ ഈ അപവാദത്തെ നിശ്ശേഷം പരിഹരിക്കുന്നതിന് പര്യാപ്തമായവിധത്തിൽ വിരചിച്ചിട്ടുള്ളതാണ് പ്രസ്തുത ഗ്രന്ഥം. മനോധർമ്മമാധുരി പുലരുന്ന ഒരു കവിഹൃദയത്തിന്റെ വാസനാവൈഭവം ഇതിൽ വഴിഞ്ഞൊഴുകുന്നു. ഇതു് അനുഭവപ്പെട്ടിട്ടുതന്നെയായിരിക്കാം വള്ളത്തോൾമഹാകവി ഇതിൽ, "ഏറ്റക്കുറെ ഉൽകൃഷ്ടമില്ലാത്ത ആശയമോ ഔജ്ജ്വല്യമില്ലാത്ത വാക്യമോ കണ്ടുപിടിക്കുക ഏതൊരു പുരോഭാഗിക്കും സുസാധ്യമല്ല" എന്നു അഭിപ്രായപ്പെട്ടിട്ടുള്ളതു്. "ലോകമാകമാനം കത്തിക്കാളുന്ന അഹങ്കാരദാവാഗ്നി കെട്ടുത്തി ശീതളകോമളമായ പാവനപീയൂഷവാഹിനിയൊഴുക്കുവാനുള്ള ദിവ്യതേജഃപുഞ്ജത്തിന്റെ പ്രണയാങ്കുരമല്ലേ" എന്നും, "ദിവ്യശിശുവിന്റെ നീലനേത്രങ്ങളിൽ നിന്നും പ്രസരിക്കുന്ന അത്ഭുതചൈതന്യം ദർശിച്ചു പുഞ്ചിരിപ്പൊഴിച്ചുകൊണ്ടിരിക്കുന്ന ഓമനപ്പൈതലിനെ നിന്നിമേഷരായി വീണ്ടും വീണ്ടും അവർ വീക്ഷിച്ചു" എന്നും ഉള്ള വാക്യങ്ങളിൽ നിഷ്കർഷക്കാറുള്ള മഹാകവി വള്ളത്തോൾ തോളിലേററിയിരിക്കുന്ന ഈ വിശുദ്ധഹസ്തത്തിൽ പെട്ടന്നുണ്ടെന്നു് അദ്ദേഹം അറിയാതിരിക്കയില്ല. പക്ഷേ, പുരോഭാഗകളെ മടപ്പിക്കാനായി ഒട്ടുവലി കെട്ടേണ്ടതു് അവതാരികാകാരന്റെ കൃത്യമാണല്ലോ.

നാലു് ഇതിഹാസ്യങ്ങളിലായി വിസ്തരിച്ചിരിക്കുന്ന ക്രിസ്തുഭഗവാന്റെ ചരിത്രം ഒരിടത്തും ശുഷ്കതാലുവായി ഭവിക്കുന്നില്ല. ആദ്ധ്യാത്മികതത്വങ്ങളുടെ ദുർഘടസ്വഭാവം അദ്ദേഹത്തിന്റെ ഭാഷാരീതിയെ കർക്കശമാക്കുന്നില്ല. രസശൂന്യമായ സംഭവക്കുറിപ്പുകൾ, ചരിത്രപുരുഷനെപ്പററിയുള്ള കഥാവിവരങ്ങൾ അവ മുഴുവനുംതന്നെ അദ്ദേഹത്തിന്റെ വിജയങ്ങൾ, എന്നിങ്ങനെപോകുന്ന ചരിത്രോപന്യാസങ്ങളിൽനിന്നു് അത്യന്തം അകന്നു ശോഭിക്കുന്ന ഒന്നാണു് പ്രസ്തുത ഗ്രന്ഥമെന്നു പറയുകതന്നെ വേണം. ഇതിലെ പല സന്ദർഭങ്ങളും മഹാകാവ്യോചിതമായ വർണ്ണനങ്ങളെക്കൊണ്ടു് കാവ്യലോകമായി പ്രത്യക്ഷപ്പെടുന്നു. കല്പനാശക്തിയുടെ പ്രദർശനരംഗമായ ഈ കലാശില്പത്തിലെ അലങ്കാരസമൃദ്ധി ആരെയും ആശ്ചര്യപ്പെടുത്തും. ക്രിസ്തുഭഗവാന്റെ തിരുവായ്മൊഴികൾക്കുള്ള നിസർഗ്ഗസിദ്ധമായ വിനയവിശുദ്ധി ലളിതകോമളമായ ഭാഷയിൽ ഗ്രന്ഥകർത്താവു് നമ്മെ പരിചയപ്പെടുത്തുന്നു. സുവിശേഷങ്ങളും ഗ്രന്ഥകർത്താവിന്റെ സാഹിത്യസുവർണ്ണചഷകത്തിലേക്കു പകർന്നൊട്ടു കൂടിയതു് അത്യന്തം വിശുദ്ധവും ഹൃദ്യവുമായി അനുഭവിക്കാൻ സാധിക്കുന്നു. മഹാത്മാക്കളുടെ അപദാനങ്ങളും അരുളപ്പാടുകളും ഒരു ദേശകോണത്തേയോ മനുഷ്യവിഭാഗത്തേയോ മാത്രമല്ല ആകർഷിക്കുന്നതു്. സാർവ്വകാലികവും സാർവ്വത്രികവും സാർവ്വജനീനവുമാണു് അവയുടെ പ്രേരണാശക്തി, എന്നു് ഉള്ളൂർ മഹാകവി ഈ ഗ്രന്ഥത്തിലെ ആന്തരീയപ്രമേയത്തെപ്പററി ചെയ്തിരിക്കുന്ന നിഗമനം ഓരോ കേരളീയനും ശ്രദ്ധിക്കേണ്ടതാണു്.

ക്രിസ്തുഭഗവാനെ സംബന്ധിച്ചിടത്തോളം സമഗ്രവും സാരസ്യപൂർണ്ണവുമായ ഒരു ജീവചരിത്രം മലയാളത്തിൽ ഇതാദ്യമാണെന്നുതന്നെ പറയാം. അടുത്ത പതിപ്പിൽ പരിഹരിക്കാവുന്ന ചില നിസ്സാര ന്യൂനതകളെ ഇതിൽ ഉയർത്തിക്കാട്ടുവാൻ വിചാരിക്കുന്നില്ല. ഗ്രന്ഥകർത്താവു് നമ്മുടെ വിജയാശംസ തികച്ചും അർഹിക്കുന്നു.

സി. എം. പി.

—o

# പതിദേവത

—o—

ഗ്രന്ഥകർത്താ,

പി. എസ്സ്. നായർ.

പ്രസാധിക,

സി. ഗൗരിക്കുട്ടിഅമ്മ ബി.എസ്സ്.സി.

വില രൂ: ൧ അ: ൮.

ശ്രീ: ജി. ശങ്കരക്കുറുപ്പിന്റെ സരസമായ ആമുഖം പ്രസ്തുത ഗ്രന്ഥത്തെ സവിശേഷം ആകർഷണീയമാക്കി അവതരിപ്പിക്കുന്നു.

"പതിദേവതയച്ചുടിച്ചുകാണ്മാൻ
കൊതിയത്യന്തമിയന്ന ജീവനാഥേ
മുതി, നിൻമിഴിപൊത്തി,യെന്റെകണ്ണീ-
രുതിരും കണ്ണുകൾ നിത്യവഞ്ചിതങ്ങൾ"

എന്നു് അജവിലാപത്തിലെ ശോകമധുരമായ അവസ്ഥയെ അനുസ്മരിപ്പിക്കുന്ന സംഭവസാക്ഷ്യമായി ഗ്രന്ഥകർത്താവു് ഇതിനെ സമർപ്പണം ചെയ്യുകയാണെന്നു. പതിദേവത ഒരു സാമുദായികകാവ്യമാണു്. സമുദായപരിഷ്കർത്താക്കളുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതിന്, ആചാരപരമായി നിലകൊള്ളുന്ന പല ദുഷ്യവശങ്ങളേയും അദ്ദേഹം നിർല്ലോഭം വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടു്. ഇത്തരം മാനസികവിപ്ലവത്തിനു സാഹിത്യത്തിന്റെ അന്യൂനമായ പ്രേരണാപ്രഭാവം മി. നായർ നല്ലപോലെ മനസ്സിലാക്കിയിട്ടുമുണ്ടു്. പക്ഷേ, രസാത്മകമായി അവയെ പ്രതിപാദിക്കുന്നതിനു നിസർഗ്ഗസിദ്ധമായിരിക്കേണ്ട നിപുണത ചിലയിടങ്ങളിൽ വിരളമായിപ്പോയിട്ടുണ്ടെന്നു പറയാതെ തരമില്ല. ആചാരപരിഷ്കാരം എന്ന പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വർത്തമാനകാലത്തെ പരിശോധിക്കുന്ന ഗ്രന്ഥകർത്താവു് സാഹിത്യതത്വങ്ങളെ പകർത്തിക്കാട്ടുവാൻ—അതൊരു ന്യൂനതയാണെന്നു വേണം പറയുവാൻ—അങ്ങനെ കാവ്യശോഭാകരമായ ധർമ്മം ആചരിക്കുവാൻ ആലസ്യം പ്രദർശിപ്പിച്ചതായിരിക്കണം. എന്നാൽ പദാർത്ഥവ്യവസ്ഥിതി കൂടാതെ വെറും ഗാനാത്മകമായി എഴുതിത്തള്ളിവിടുന്ന ആധുനികകൃതികളുടെ അപാകതയൊന്നും ഇതിൽ സംഭവിച്ചുകാണുന്നില്ലെന്നു തന്നെ പറയണം. പതിദേവതയിൽ ഗ്രന്ഥകർത്താവു് മനസ്സിരുത്തിയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സരളമായ ഭാഷാരീതിയും സ്വാധീനശക്തിയുംകൊണ്ടു ചില കിക്കിളികൾ ഉളവാക്കാൻ സാധിക്കുമായിരുന്നു. അങ്ങനെ ഒരു വികാരോദ്ദീപനമല്ല, ആദർശപ്രകാശനമാണു് ഗ്രന്ഥകാരൻ അഭിലഷിച്ചതെന്നു തോന്നുന്നു. അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്യുന്നുണ്ടു്. അയത്നലളിതമായ പ്രതിപാദനം വശമാക്കിയിട്ടുള്ള ശ്രീ: നായർ കാവ്യസരണിയിൽ സരസസഞ്ചാരം തുടരുന്നതു് അദ്ദേഹത്തിനെന്നപോലെ കൈരളിക്കും അനുഗ്രഹമായിരിക്കും.

സി. എം. പി.

**PAPER — STATIONERY:-**
For Home and Office
**"Ben-Hur" Brand is Best.**
-Specialise in-
**All sorts of machine made Envelopes, Writing Pads, Note papers & Files etc. etc.**
Sole Distributor & Stockist:-
**M. J. Fernandez,**
"Jasmin Home",
Tuticorin.

(മൂന്നാംപേജിൽനിന്നും തുടർച്ച)

ടച്ച മിഠായികൾ 'ചൈനാബസാർ മുഴുവൻ സാറിന്റെ പെട്ടിയിൽവലിഞ്ഞു കയറിയിരിക്കുകയാണല്ലോസാർ' അവൻ ഒരു ഫലിതം തട്ടിമൂളിച്ചു.

'രണ്ടുകൊല്ലംകഴിഞ്ഞു വീട്ടിൽ പോവുകയല്ലേ? വെറുംകയ്യുമായി ചെന്നുകയറിയാലോ?

'ഉടപ്പിറന്നവളുടെ കുഞ്ഞുങ്ങൾക്കു കളിപ്പാട്ടമൊന്നുമില്ലേ? സ്വന്തംകാര്യം പോലെ അവൻ ചോദിച്ചു.

'ഉണ്ടു' പോരാളി തടി കടഞ്ഞുണ്ടാക്കിയ ഒരു വെള്ളക്കുതിരയെടുത്തു മേശപ്പുറത്തു വച്ചു.-അതിന്റെ കഴുത്താടിത്തുടങ്ങി.

'സാറ സഹോദരിക്കായിരിക്കും എന്തായി സാർ?'

'ഒർ ട്രൂപ ജോർജററ.'

സഹോദരിക്കു പട്ടുസാരി! കുഞ്ഞുങ്ങൾക്കു പട്ടുകുപ്പായങ്ങൾ! കളിക്കോപ്പുകൾ!

ആ എക്സ്പ്രസ്സ് അടുത്തതിന്റെ അടുത്തദിവസം അയാളെ ഒററപ്പാലത്തു കൊണ്ടുവിടും. അന്നാവീട്ടു പൂരം കൊള്ളും. അമ്മയുടേയും സഹോദരിയുടേയും ആ കുസൃതിക്കുട്ടികളുടേയും മുൻപിൽവച്ചു് അലക്ഷ്യമായി അയാൾ ആ പെട്ടി തുറക്കും.

"നല്ലതൊന്നുംകിട്ടിയില്ല. ഒടുവിൽ ഇതുവാങ്ങി" എന്നും പറഞ്ഞു് അയാൾ ആ പട്ടുസാരിയെടുത്തു സഹോദരിയുടെ കയ്യിൽ വച്ചുകൊടുക്കും. തലയാട്ടുന്ന വെള്ളക്കുതിരയെടുത്തുപുറത്തുവയ്ക്കുമ്പോൾ ഹൌ എന്തൊരു ബഹളമായിരിക്കും ഈ ശാലാ അവിടെ.

"കിഴവിക്കൊന്നുമില്ലേടാ മോനേ" അമ്മ ചോദിക്കും.

"ഇതാ അമ്പലത്തിൽപ്പോകാൻ" മധുരകവിണിയെടുത്തു അയാൾ നിവർത്തിപ്പിടിക്കും.

"ഇന്നാകൂട്ടാ ചോക്കലേററ്." കൊച്ചമ്മയും തിരുനാളിന് അയാൾ പറയും.

അമ്മയും മകനും സഹോദരിയും ഒരുമിച്ചിരുന്നു ഊണുകഴിക്കും. രാഘവൻകുട്ടി തലമുടിവലിച്ചുപിഴുതു. രണ്ടുകൊല്ലംകഴിഞ്ഞു സ്നേഹവാരാന്നിധിയായ അമ്മയുടെ മുഖമൊന്നു കണ്ടിട്ടു്.

സഹോദരിയുടെ കുസൃതി ഉടലെടുത്ത കരുന്നിന്റെ ചെഞ്ചോരമുഖത്തൊന്നു കണ്ണുന്നിയിട്ടു്.

പക്ഷെ എത്രപ്രാവശ്യം ഈ രണ്ടു കൊല്ലത്തിനകം അവൻ വീട്ടിൽപോയി. ഇളം നീലത്തിലെനരസാരി കണ്ടാൽമതി അവൻ സഹോദരിയുടെ അന്തികത്തിലണഞ്ഞുകഴിഞ്ഞു. രാക്കയിൽ ഒന്നു പാടിയാൽ മതി രാഘവൻകുട്ടി നാട്ടിലെത്തിക്കഴിഞ്ഞു. കമ്പോളത്തിൽ ഒരു റബ്ബർപ്പാവകണ്ടാൽ മതി അവൻ മറിലണച്ചുകഴിഞ്ഞു ആ കുസൃതിക്കുട്ടനെ.

റൺഹാളിൽ മണി പന്ത്രണ്ടടിച്ചു. പട്ടാളക്കാരൻ ലൈററണച്ചു. പക്ഷെ ഇരുട്ടു് പുറത്തായിരുന്നു. പിറേറദിവസം വീട്ടിൽപ്പോകുന്നവന്റെ മുറിയിൽ വിളക്കു് ഒരാഡംബരം മാത്രമാണു്. തന്റെ ജീവിതത്തിലും ഉദിക്കുകയില്ലേ ആ പൊന്നുഷസ്സ്! ഹായ്! അന്നു ഉയരുക്കിഴങ്ങളെ താലികളഞ്ഞു കൊട്ടുക്കുക വേണമെങ്കിൽ വേറെ ആരെങ്കിലും തൊലികളയട്ടെ അന്നു് ഉഴവൻ വിശ്രമംതന്നെ. അപ്പോൾ ലംപ്പിന്നെ കമ്പോളത്തിൽപ്പോകുന്നതാണു്. തന്റെ അമ്മയ്ക്കുള്ള കവണിയും ഞാൻ സഹോദരിക്കുള്ള സാരി വാങ്ങാൻ കുട്ടപ്പനൊരു കുഞ്ഞുടുപ്പുവാങ്ങാൻ വേറെ വല്ലവരും കമ്പോളത്തിൽപ്പോവുക. അതുവയ്യ.

കമ്പോളം ഒരു രക്ഷയുമില്ല. ഇതെന്തൊരു വിലയാണെ ഭഗവാനെ! ഇങ്ങനെയായാൽ എന്തു വാങ്ങാനാണു്. വാങ്ങാതിരുന്നാലോ. വെറുംകയ്യുമായി മറുനാട്ടിൽനിന്നും മടങ്ങിച്ചെല്ലുക. താനൊരു പുത്രനല്ലേ. ഒരു സഹോദരനും അമ്മാവനുമല്ലേ. വാങ്ങുകതന്നെ. ആവൃ സാരിയായി. അടുത്തതു ടോയിഷാപ്പിലേക്കാണു്. വെള്ളെലിമുതൽ കാണ്ടാമൃഗംവരെ നിരന്നുനിൽക്കുന്നു. ഗാന്ധിജിമുതൽ ഷാനവാസ്ഖാൻവരെ ഷെൽഫിൽ തീർത്തുവച്ചിരിക്കുന്നു. തലയാട്ടുന്ന ഒരു പുള്ളിമാൻ വാങ്ങിയാലോ. ഹോ വെറും മരപ്പണികൾ. അതേ എന്നേ കണ്ടുവച്ചിരിക്കുന്ന നിലത്തു കിടക്കുമ്പോൾ കണ്ണടയ്ക്കുന്ന റബ്ബർപാവ. അതുതന്നെയാവട്ടെ. ആ കുസൃതിയുടെ കയ്യിൽ വച്ചുകൊടുക്കുമ്പോൾ അവൻ ചാടുന്ന ചാട്ടം. അപ്പോൾ സഹോദരിചിരിക്കുന്ന ആ പതിഞ്ഞചിരി കമ്പോളത്തിൽനിന്നും തിരിച്ചെത്തിയാൽ നേരെ തീവണ്ടിയാഫീസിലേക്കുതന്നെ ടിക്കററ്. എത്ര മണിക്കൂറുകൾ കാത്തുകിടന്നാലാണൊരു ടിക്കററു കിട്ടുക. ഹോയ് രാമകൃഷ്ണനെ നേരത്തേ അയച്ചു അതങ്ങു വാങ്ങിക്കാം. പിന്നെ ട്രയിനിൽ ഒരു സീററ് തട്ടിയെടുക്കുക. എത്രപേരോടു ഉഗ്രസമരം ചെയ്യേണ്ടിവരും. എത്ര പട്ടാളക്കാരുടെ ഷൂസ് ചോറിയേണ്ടിവരും. ഹൊ, അവന്മാരുടെ ഭാവം കാണണം. റെയിൽവേമന്ത്രി ഇളയച്ഛനാണെന്നാണിവന്റെയെല്ലാം ഭാവം. ആസ്സാംകൂലിക്കാരന്റെ ഭാവം തീവണ്ടിയും പാളവും ഇംഫാലിൽ ജപ്പാൻകാരുടെ കയ്യിൽനിന്നും പിടിച്ചെടുത്തതാണെന്നാണു്. വല്ലവിധവും ഒരു സീററു കിട്ടിക്കഴിഞ്ഞാലോ. 'കൊമാൻഡോറെയിഡിന്റെ വിധേയമായ 'ഡിയപ്പി'ന്റെ അനുഭവമാണു്.

'സിഗ നല്ലകാരനു' പയേനിയർ ആക്സിലറിയും വന്നു പൊതിയുകയായി ഭാഗ്യദോഷിയായ ആ 'സിവിലിയ'നെ ഒരുത്തൻ ടൂണീഷ്യയിൽവച്ചു റോമലിന്റെ ചെവിക്കുപിടിച്ച കഥ പറഞ്ഞുതുടങ്ങുന്നു. മലംപനിപിടിച്ച വയറന്തി പല്ലുകാട്ടിയ 'സ്യാപ്പർ'കമാൻററ് ധാരയുടെ മകളുമായുള്ള അനുരാഗകഥയുടെ പുറങ്ങൾ മറിച്ചുതുടങ്ങുന്നു. വയ്യ. ഒന്നും കേൾക്കണ്ട.

എയ്യ മെല്ലെയാണീ തീവണ്ടി ഓട്ടുക. നാണമില്ലല്ലോ ഇരുപതാംനൂററാണ്ടിൽ തീവണ്ടിയെന്നു തന്നത്താനെ വിളിച്ചും കൊണ്ടിങ്ങനെ ഇഴഞ്ഞു പോകാൻ.

ചെങ്കോട്ട! മലയാളികളുടെ രക്തം മണത്തുതുടങ്ങി. കണ്ടില്ലേ പൂത്തുമറിഞ്ഞ ആര്യമത്തിന്റെ കടിഞ്ഞൂൽപ്പൂക്കൾ! ഹായ്! പ്രകൃതിസൗന്ദര്യത്തിന്റെ മടിക്കുത്ത് അങ്ങു കടന്നിട്ട് ദുഃഖിനാട്ടിൽ-ഇരുപതാംനമ്പർ മുറിയിൽ ആരോ ഉറക്കെ പ്പിടിച്ചുപറഞ്ഞു.രാഘവൻകുട്ടി കോട്ടുവായിട്ടുകൊണ്ടു ബഞ്ചിൽ കമഴ്ന്നുകിടന്നു. പടിഞ്ഞാറൻകാററ് കോട്ടയിറിക്കൊണ്ടു വീശുന്ന ൨൩-ാം മുറിയിൽ ആ പട്ടാളക്കാരൻ ക്രൂരംവലിച്ചുറങ്ങുകയാണു്. വീട്ടിലേക്കു പോകുന്നവൻ വിലപിടിച്ച സമ്മാനങ്ങളുമായി അമ്മ-സഹോദരി കരിമ്പിൻതോട്ടം-ആനുള ഉത്സവം.

ആ പൊൻപുലരി ഉദിക്കുകയില്ലല്ലേ. അല്ലെങ്കിൽ ജീവിതത്തിനു ഫലമില്ല.

*  *  *  *

"എന്നു തൂക്കമെപ്പം" ഭൂകമ്പം കുലുക്കി വിളിച്ചതുപോലെ രാഘവൻകുട്ടി കണ്ണുതുറന്നു"

"എന്തിരപ്പ, എന്തിരു്"

മദ്രാശിപ്പോലീസിലെ ഉഗ്രദണ്ഡനായ ഒരു കാൺസ്റ്റബിൾ ഭ്രതമായിരുന്നതു്. വെളിച്ചംകെട്ടവനെപ്പോലെ രാഘവൻകുട്ടി അയാളെ തുറിച്ചുനോക്കി.

"എങ്കട, അന്ത ചതർബാഗ്"

"ഏതു ചതർബാഗ്" വിറച്ചുവന്ന സ്വരത്തിൽ രാഘവൻകുട്ടി ചോദിച്ചു.

"എന്ന സാധുപ്പോല്ലു പേശ്രാൻ" അങ്കേയ്പ്പോയാൽ താൻ ഒതുക്കം" കവാത്തു കൈകൊട്ടി അയാൾ അവനെ പിടിച്ചു.

"ആ പെട്ടി എവിടെയെന്നു പറഞ്ഞേരേ. നിനക്കൊന്നും വരാതെ ഞാൻ നോക്കിക്കൊള്ളാം" അന്നത്തെ എക്സ്പ്രസ്സിൽ പോകാനുള്ള പട്ടാളക്കാരനു് അഭിമുഖമായി നിന്നുകൊണ്ടു മാനേജർസാർ പറഞ്ഞു.

രാഘവൻകുട്ടിയെ വലിച്ചിഴച്ചുകൊണ്ടു് അപ്പോഴേക്ക് ആ തമിഴൻകാൺസ്റ്റബിൾ ഗോവണിപ്പടി ഇറങ്ങുകയായിരുന്നു.

**Wanted**

One retired P. W. D. Sub-Engineer or Senior Supervisor to supervise the construction of our factory and other buildings. Apply with testimonials and minimum salary required.

Travancore Enamel
Industries, Ltd.,
Kundara.

# രാഷ്ട്രീയപ്രാധാന്യമുള്ള ചില ജാതകങ്ങൾ

## ൧. ശ്രീ. പണ്ഡിററ് നെഹ്റു

| | | | |
|---|---|---|---|
| | | | സ |
| | ഗ്രഹനില | | ല ച |
| | | | മ |
| ഗു ശി | ര | ബു ശു | കു മാ |

| | | | |
|---|---|---|---|
| ബു | കു | മ | |
| ല | നവാംശകനില | | ര ശി |
| സ | | | ഗു |
| ച | ശു | | |

൧൦൬൫ തുലാം ൩൦-ാംനു വ്യാഴാഴ്ച (൧൮൮൯ നവമ്പർ ൧൪-ാംനു) രാത്രി ൧൧ മണിക്കു ആയില്യംനക്ഷത്രത്തിൽ ജനനം.

൧൧ - ൩—൦ ബുധശിഷ്ടദശാ.

ഈ ജാതകത്തിൽ ഒരു പ്രത്യേകതയുള്ളതു ലഗ്നം കർക്കടകം. ലഗ്നത്തിൽനിന്നും ചന്ദ്രനിൽനിന്നും ൩ രാശികൾക്കുള്ളിലായി എടവിടാതെ എല്ലാ രാശികളിലും ഗ്രഹങ്ങൾ എല്ലാം നില്ക്കുന്നു എന്നുള്ളതാണ്. മാത്രമല്ല, ലഗ്നത്തിൽ സ്വക്ഷേത്രബലവാനായ ചന്ദ്രൻ, ൩-ൽ സ്വക്ഷേത്രസ്ഥനായ വ്യാഴൻ. ഇതിനെ 'അർദ്ധചന്ദ്രാകൃതി' യോഗമെന്നു പറയുന്നു. ലഗ്നത്തിനു ഊർദ്ധ്വമുഖം, വേലിയേററം, വരിഷ്ഠയോഗം മുതലായതും ഉണ്ട്. ധനുരാശിയിൽ—(കോദണ്ഡം) ശത്രുരാശിയിൽ—അവസാനിക്കുന്ന ജാതകന്റെ ഈ 'അർദ്ധചന്ദ്രാകൃതി'യോഗം അടിമത്വത്തിൽനിന്നു ലോകത്തെ വീണ്ടെടുക്കുന്നതിലേക്കായി അവതരിച്ച ഒരു മഹാപുരുഷനാണ്—ആർഷഭാരതത്തിന്റെ അഭിമാനസ്തംഭമായ കോദണ്ഡപാണിയാണ്—എന്നു വ്യക്തമാക്കുന്നു.

പണ്ഡിററ്ജിക്കു ൧൧൨൧ ഇടവം മുതൽക്കു ചൊവ്വാദശ ആരംഭിച്ചിരിക്കുന്നു. ദശാനാഥനായ ചൊവ്വായ്ക്കു ൩-ാംനക്ഷത്രാധിപത്യം ൧൦-ാംഭാവാധിപത്യം, ഉപചയഭാവസ്ഥിതി, ൧൦-ാംഭാവത്തിൽ മൂലക്ഷേത്രനവാംശം ൧൦-ാംഭാവത്തിലേക്കുള്ള പൂർണ്ണദൃഷ്ടി ഇവയും മററും കാരണങ്ങളാൽ ജാതകനു് ഈ ദശാരംഭകാലംമുതൽക്കു കൂടുതൽ തീക്ഷ്ണതയോടുകൂടി തന്റെയും സഹപ്രവർത്തകന്മാരുടേയും പ്രവർത്തനങ്ങളാൽ സ്വാപഹാരകാലത്തിൽതന്നെ ൧൧൨൨ ചിങ്ങം ൧൯-ാംതീയതി തിങ്കളാഴ്ച ഇടക്കാലഗവർമ്മെൻറിന്റെ ഭരണഭാരം ഏറെറടുക്കുവാൻ സാധിച്ചു.

ദശാനാഥനായ ചൊവ്വായ്ക്കു ശത്രുക്ഷേത്രസ്ഥിതി ഉണ്ടെങ്കിലും ൧൦-ാംഭാവത്തിൽ മൂലക്ഷേത്രനവാംശകമുള്ളതുകൊണ്ടു ശത്രുക്കൾ തന്റെ ഭരണകൂടത്തെ തകിടം മറിക്കത്തക്കവണ്ണം വൻശക്തികളെ കൂട്ടുപിടിച്ചു എതിർക്കുമെങ്കിലും ശത്രുപക്ഷത്തിന്റെ നാരായവേരു് പിടുങ്ങി താൻ ഭാരതസമ്രാട്ടായി വിജയിക്കുമെന്നുള്ളതിൽ ഒട്ടും സംശയിക്കേണ്ടതില്ല. അയതിനു ചൊവ്വാദശയിൽ രണ്ടരക്കൊല്ലം തികയേണ്ട താമസംമാത്രം.

## ൨. മിസ്റ്റർ ജിന്ന

| | | | |
|---|---|---|---|
| ച | | | |
| ല മ സ | ഗ്രഹനില | | |
| | | | ശി |
| ര ബു | ഗു ശു | കു | |

| | | | |
|---|---|---|---|
| ച ഗു | സ | കു | |
| ല | നവാംശകം | | |
| | | | ര |
| മ | ബു | ശു ശി | |

൧൦൫൨ ധനു ൧൨-ാംനു തിങ്കളാഴ്ച രേവതി ൪-ാംപാദത്തിൽ കുംഭമദ്ധ്യദ്രേക്കാണത്തിൽ ശ്രീമൽ പുരുഷജനനം.

൨—൩—൦ ബുധശിഷ്ടദശാ.

മി: ജിന്നായുടെ ജാതകത്തിൽ കുംഭലഗ്നം ലഗ്നത്തിൽ ശനി, ൧൦-ൽ ഗുരുശുക്രന്മാർ, ൧൧-ൽ രവിബുധന്മാർ, ൯-ം ൧൦-ം ഭാവാധിപന്മാർക്കു പരസ്പരപരിവർത്തനം മുതലായതു ഒരു രാജയോഗലക്ഷണത്തെ ചെയ്തിരിക്കുന്നു. എന്നാൽ ലഗ്നാധിപൻ ശനിയും കൂടെ രാഹുവും ൯-ൽ ചൊവ്വായും നിൽക്കുന്നതിനാൽ അക്രമരാഹിത്യത്തിനും, അഹിംസയ്ക്കും എതിരായി അദ്ദേഹം പ്രവർത്തിക്കുമെങ്കിലതിൽ അത്ഭുതപ്പെടുവാനില്ല. പോരെങ്കിൽ ഇപ്പോൾ നടക്കുന്ന രാഹുദശാകാലം അടുത്ത മീനമാസം അവസാനിക്കുന്നതോടുകൂടി തീരുന്നു. അതുവരെ ജാതകൻ പുലിവാലു പിടിച്ചവനെപ്പോലെയിരിക്കും. ഈ രാഹു ദശാന്ത്യം അദ്ദേഹത്തിനു നല്ലതല്ലാ അതിനുമേൽ വ്യാഴദശാകാലത്തു് അദ്ദേഹത്തിന്റെ ആദർശനത്തിനുമാററം സംഭവിക്കുന്നതും ഇന്ത്യൻ ഭരണഘടനയിൽ അദ്ദേഹം പങ്കെടുക്കുന്നതുമായിരിക്കുമെന്നും നമുക്കാശിക്കാം.

(കെ. കെ. കുറുപ്പ്.)
(ജ്യോതിഷമാസിക)

## പണ്ഡിററ്ജിയുടെ ജാതകം

### (പണ്ഡിററ് രാമജയൻ)

മേ ൧൧-ാംതീയതിയിലെ "ജനശക്തി"യിൽ പണ്ഡിററ്ജവഹരിലാൽ നെഹ്റുവിന്റെ ഗ്രഹനില താഴെപറയുംപ്രകാരമാണെന്നു് പണ്ഡിററ്ജയറാം പ്രസ്താവിച്ചുകാണുന്നു:—ലഗ്നം കർക്കടകം. ആയില്യം നക്ഷത്രമാകയാൽ (൧൦൬൫ തുലാം ൩൦-ാംതീയതി എങ്കിലും സൂര്യൻ വൃശ്ചികത്തിൽ) ചന്ദ്രൻ ലഗ്നത്തിൽതന്നെ. രണ്ടിൽ ശനി, മൂന്നിൽ ചൊവ്വായുംഗുളികനും, നാലിൽ ശുക്രൻ. അഞ്ചിൽ രവിയും, ബുധനും, ആറിൽ ഗുരുവും ശിഖിയും, പന്ത്രണ്ടിൽരാഹു.

ഇതനുസരിച്ചു പണ്ഡിററ്ജി ചൊവ്വാദശയിൽ സ്വാപഹാരത്തോടെ ഇടക്കാലഗവർമ്മെൻറിൽ വൈസ്പ്രസിഡൻറായി ജന്മശ്ശനിയാകയാൽ അതിർത്തിദേശം, കാശ്മീരം മുതലായ സ്ഥലങ്ങളിൽ കുഴപ്പമുണ്ടായി. അടുത്തകന്നിമുതൽ വ്യാഴാപഹാരം. അതു് നന്നായിരിക്കും. പിന്നെ ശനിയുടെ അപഹാരം. അപ്പോഴേയ്ക്കു് അഷ്ടമത്തിൽ വ്യാഴം ചാരവശാൽവന്നുചേരും. ഏഴാംഭാവാധിപത്യം, ൮-ാം ഭാവാധിപത്യം, നിസർഗ്ഗപാപത്വം, ലഗ്നാലും ചന്ദ്രാലും ദ്വിദ്വാദശം, രാശിബലം, ശുഭയോഗാദികളില്ലായ്ക, രണ്ടിലെ സ്ഥിതി ഇവ മൂലം ശനി ഏററവും മാരകനാണ്. അതിനാൽ ആ ശനിയുടെ കാലം ഭയപ്പെടേണ്ടതായിത്തന്നെയിരിക്കുന്നു. അഥവാ പണ്ഡിററ്ജിക്കു് ൫൯ വയസ്സുകഴിയുമ്പോൾ ഗ്രഹനിലപ്രകാരം "ശേഷം ചിന്ത്യം." ഇതാണ് പണ്ഡിററ്ജയറാമിന്റെ അഭിപ്രായമെന്നു ചുരുക്കത്തിൽ പറയാം.

ആദ്യമായിത്തന്നെ ഈ ഗ്രഹനില ശരിയാണോ എന്നാണ് എന്റെ സംശയം. എന്തെന്നാൽ ഈയിടെ ഇടക്കാലഗവർമ്മെൻറിൽ പ്രവേശിക്കുന്നതിനു കുറെ മുൻപു് ജാതകൻ ജയിലിലായിരുന്നു അനേകംതവണ അദ്ദേഹം ജയിലിൽ പോയിട്ടുമുണ്ട്. ആ മാതിരി സംഭവങ്ങൾ നടന്നതു് കഴിഞ്ഞ ഏട്ടുപത്തു വർഷങ്ങൾക്കിടയിലാണെന്നു തോന്നുന്നു അക്കാലം ചന്ദ്രദശയാണ് നടന്നിരുന്നതു്. ആ ചന്ദ്രൻ പണ്ഡിററ്ജയറാം പറയുംപോലെ "ലഗ്നാലും ചന്ദ്രാലും" ലഗ്നാധിപനും, സ്വക്ഷേത്രബലവാനുമാണ്. അതിനാൽ ചന്ദ്രദശാകാലത്തിൽ ജാതകൻ ജയിൽവാസമനുഭവിക്കുമോ, എന്നു് പണ്ഡിററ്ജയറാമോ, മററാരെങ്കിലുമോ തീർച്ചപ്പെടുത്തി പറയേണ്ടിയിരിക്കുന്നു. ജയിൽവാസം അനുഭവിപ്പിക്കാൻ ചന്ദ്രൻ അധികാരിയല്ലെങ്കിൽ ഗ്രഹനില തെററായിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

അടുത്തതായി മൂന്നിൽനില്ക്കുന്ന ചൊവ്വാ ഗുളിക ഭവനാധിപനാണെന്നു് പണ്ഡിററ് ജയറാമിന്റെ ലേഖനത്തിൽ കാണുന്നു. അതു് ശരിയല്ല. കന്നിയിലെ ഗുളികന്റെ ഭവനാധിപൻ ബുധനാണല്ലോ. ചൊവ്വായ്ക്കു് ഗുളികയോഗം മാത്രമല്ലാതെ, ഗുളിക ഭവനാധിപത്യമില്ല.

മൂന്നാമതായി സകലവിധത്തിലും മാരകനായ ശനിയ്ക്കു് ശുഭയോഗാദികളില്ല എന്നാണ് ലേഖകന്റെ അഭിപ്രായം. പക്ഷെ ആറും ഒൻപതും ഭാവങ്ങൾക്കധിപനായ വ്യാഴത്തിന്റെ ദൃഷ്ടി ശനിയിൽ പതിക്കുന്നു. സകലമാരകത്വവും അതുകൊണ്ടു് തീരുകയില്ലേ? യോഗത്തേക്കാൾബലം ദൃഷ്ടിക്കാണ്. അതിനാൽ ശുഭനായ വ്യാഴത്തിന്റെ യോഗത്തേക്കാൾ നല്ലതു ദൃഷ്ടിതന്നെയല്ലേ? ആ വ്യാഴം ഭാഗ്യാധിപനുംകൂടിയാകയാൽ കാണുന്നത്ര ദോഷം ശനിക്കുണ്ടെന്നു് തീർത്തുപറയാമോ?

മാരകസ്ഥാനത്തു നില്ക്കുന്ന മാരകസ്ഥാനാധിപനായ പാപൻ ഭയങ്കരനാണെന്നു് സമ്മതിച്ചാൽതന്നെയും പണ്ഡിററ്ജിയുടെ ചൊവ്വാദശയിലെ ശന്യാപഹാരം അത്ര ആപൽക്കരമാകുമോ എന്നു വീണ്ടും സംശയിക്കേണ്ടിയിരിക്കുന്നു. കാരണം യോഗബലങ്ങളാണ്. ലഗ്നാധിപനും, ചന്ദ്രലഗ്നാധിപനും ഒന്നായി എന്നുള്ളതുമാത്രമല്ല, ആ ഗ്രഹം സ്വക്ഷേത്രബല

(ശേഷം എട്ടാംപേജിൽ)

ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
൪-ാംനു ഞായറാഴ്ച മുതൽ
ദി സീക്രററ് കോഡ്
എന്ന പ്രസിദ്ധ ഇംഗ്ലീഷ് ചിത്രം

കൊല്ലം ബേബിടാക്കീസിൽ
ബി. എസ്. രാജയ്യങ്കാർ, സുബ്ബയ്യാനായിഡു, ലക്ഷ്മീദേവി അഭിനയിച്ച
ഹരിശ്ചന്ദ്ര
എന്ന പുണ്യപുരാണചിത്രം

കൊല്ലം ലക്ഷ്മിടാക്കീസിൽ
ശോഭനമായ 5-ാംവാരം
ററി. ആർ. മഹാലിംഗം, ജയലക്ഷ്മി, ശാരംഗപാണി, പന്തലു അഭിനയിച്ച
— നാം ഇരുവർ —
WE TWO
എന്ന തമിഴ് ചിത്രം

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ ടാക്കീസ്സിൽ
P. U. ചിന്നപ്പ, T. R. മഹാലിംഗം, ജ്ഞാനം മുതലായവർ അഭിനയിച്ച
"ദയാളൻ"
ഏററവും പുതിയ തമിഴ് ചിത്രം.

ചവറ കെ. ടാക്കീസിൽ
ഗോപിനാഥ്, തങ്കമണി, കുമാരിലക്ഷ്മി, എൻ. പി. ചെല്ലപ്പൻനായർ മുതലായവർ അഭിനയിച്ച
മലയാളം
'പ്രഹ്ലാദൻ'

അമ്പലപ്പുഴ ഗോപിടാക്കീസിൽ
൯-൧൦-൧൧൨൨ മുതൽ ൭ ദിവസംമാത്രം
തമിഴ്ചിത്രങ്ങളിൽ അതിശ്രേഷ്ഠമായ
ശകുന്തള
എം. എസ്. സുബ്ബലക്ഷ്മി, ജി. എൻ. ബാലസുബ്രഹ്മണ്യം, ശര്മ, ശകുന്തള, കൃഷ്ണൻ, മധുരം നടിച്ചതു്

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
ഹൊന്നപ്പ, മംഗളം, ജീവരത്നം, മാലതി കാളി എൻ രത്നം നടിച്ച
--ശ്രീ മുരുകൻ—
ഏററവും പുതിയ പുരാണചിത്രം.

ശ്രീഭൂതനാഥസർവ്വസ്വം
൧-ം ൨-ം ൩-ം ഭാഗങ്ങൾ
വില ൧-രൂ. ൮-ണ.
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

സരസപരില
നറുനീണ്ടി സത്ത്
രക്തവർദ്ധക ഔഷധങ്ങൾ ചേർത്ത് തയ്യാർ ചെയ്തത്
രക്ത ശുദ്ധിക്കും രക്തം ദുഷിച്ചുണ്ടാകുന്ന രോഗങ്ങൾക്കും അത്യുത്തമം
മാധവ് ഫാർമസി ലിമിറ്റഡ് എറണാകുളം
SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE.

# പ്രജാമണ്ഡലവാർഷികം

## ഡാ. രാജേന്ദ്രപ്രസാദ് ഉൽഘാടനംചെയ്തു

(സ്വന്തം പ്രതിനിധി)

എറണാകുളം മേ ൧൮ — കൊച്ചീരാജ്യപ്രജാമണ്ഡലത്തിന്റെ നാലാമത്തുവാർഷികസമ്മേളനം ഇന്നലെവൈകുന്നേരം ൫ മണിക്ക് ചാലക്കുടി അബ്ദുർറഹിമാൻനഗറിൽ വിശാലവും കമനീയമായി അലങ്കരിക്കപ്പെട്ടതുമായ ഒരു പന്തലിൽവച്ച് ഡാക്ടർ രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്തിരിക്കുന്നു. ധാരാളം വനിതകൾ ഉൾപ്പെടെ ഇരുപത്തയ്യായിരത്തിൽപരം ആളുകൾ ഉൽഘാടനസമ്മേളനത്തിൽ സമ്മേളിച്ചു. പ്രസിഡൻറ് ഇലക്ട് മി. ഇക്കണ്ടവാര്യർ മുപ്പതു കാളകൾപൂട്ടിയ രഥത്തിൽ ഒരു വൻപിച്ച ഘോഷയാത്രയുടെ അകമ്പടിയോടുകൂടി പ്രധാനവീഥികളിൽകൂടി ആനയിക്കപ്പെട്ടു. സ്വീകരണസംഘാധ്യക്ഷൻ മി: സി. എസ്സ്. പണിക്കർ സദസ്സിനു സ്വാഗതംപറഞ്ഞുകൊണ്ടു പ്രജാമണ്ഡലത്തിന്റെ വളർച്ചയെപ്പററി പ്രതിപാദിച്ചു.

സമ്മേളനം ഉൽഘാടനം ചെയ്ത ഡാ: രാജേന്ദ്രപ്രസാദ് കൊച്ചിയിൽ അടുത്തകാലത്ത് പൂർണ്ണമായ ഉത്തരവാദഭരണം വന്നുചേരുമെന്നുള്ളതിനാലും കൊച്ചി കാൺസംബ്ലിയിൽ പ്രതിനിധ്കരിക്കപ്പെട്ടിരിക്കുന്നതിനാലും കൊച്ചി സന്ദർശിച്ചതിൽ പ്രത്യേകം സന്തോഷം പ്രകടിപ്പിച്ചു. സംഭവിക്കുമായിരുന്നില്ലാത്ത പലതും ഒരു പരിവർത്തനഘട്ടത്തിൽ സംഭവിച്ചേക്കാം. ഇരുപത്തേഴുവർഷങ്ങൾക്കുമുമ്പ് ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം സമാരംഭിക്കപ്പെട്ടു. ആ കാലങ്ങളിൽ രാജ്യത്തെ സ്വാധീനശക്തിയുള്ളവരുടെ പിന്തുണയോടുകൂടിയ ഒരു ഭരണാധികാരിയെയാണു നാം നേരിടേണ്ടിയിരുന്നതു്. സായുധസേനകളോട് അക്രമരഹിതമായി സമരംചെയ്യുന്നതിനുള്ള ശക്തികളെ ഗാന്ധിജി സംഭരിച്ചു. അഹിംസയുടെ ശക്തി നാം കണ്ടു. ഇന്നു ബ്രിട്ടീഷുകാർ ഇൻഡ്യവിടുന്നതു് കുറെ നമ്മുടെ കഴിവുകൊണ്ടും കുറെ ലോകസംഭവങ്ങളുടെ ഗതികൊണ്ടും കുറെ സ്വന്തം താല്പര്യങ്ങൾ കരുതിയുമാണ്. അതുകൊണ്ടു നമുക്കു കുറഞ്ഞ വിലയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നു. മററു രാജ്യങ്ങൾ അവരുടെ സ്വാതന്ത്ര്യം സമ്പാദിക്കുവാൻ വലിയ ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടു്. എന്നാൽ നമ്മുടെ കാര്യം ചരിത്രത്തിലെ ഒരത്ഭുതമാണ്. നാം എല്ലാം നേടിക്കഴിഞ്ഞില്ല. പക്ഷെ ക്ഷമയോടെ വർത്തിക്കേണ്ടിയിരിക്കുന്നു. ൧൯൪൨-ൽ നമ്മുടെ നേതാക്കന്മാരെല്ലാം ജയിലിൽ ആയിരുന്നപ്പോൾ ഇത്രനേരത്തെ സ്വാതന്ത്ര്യം കൈവരുമെന്നു നാം വിചാരിച്ചിരുന്നില്ല. യുവജനങ്ങൾ അല്പകാലംകൂടി ക്ഷമയോടെ കാത്തിരിക്കണം.

ക്ഷമയുടെ ആവശ്യകത കാണിക്കുന്നതിനു ഗാന്ധിജിയുമായുണ്ടായ അനുഭവത്തിൽനിന്നും ഒരുദാഹരണം രാജൻബാബു ഉദ്ധരിച്ചു. മുപ്പതുവർഷങ്ങൾക്കുമുമ്പു ദക്ഷിണാഫ്രിക്കയിൽനിന്നു തിരിച്ചെത്തിയശേഷം ചമ്പാരൻ ഡിസ്ട്രിക്ടിലെ ഇൻഡിഗോതോട്ടക്കാരുടെപ്രശ്നം കൈകാര്യംചെയ്ത വിധവും തൊഴിലാളികളുടെ അവകാശവാദങ്ങൾ സമ്പാദിച്ചുതന്നതും അദ്ദേഹം വിവരിച്ചു. എന്നാൽ ഇന്നു നാം ചെറിയ സംഘജന്യങ്ങൾകൊണ്ടു തൃപ്തരല്ല. ഏകശാസകത്വം തകർന്നുവീഴുന്നതായി ഇന്നു നാം കാണുന്നു. പല കാര്യങ്ങളും ഇന്നു നമ്മെ അഭിമുഖീകരിക്കുന്നു. ഇൻഡ്യയെ വിഭജിക്കുവാനുള്ള സംരംഭങ്ങൾ നടക്കുന്നുണ്ടു്. ചില നാട്ടുരാജ്യങ്ങൾ ഇൻഡ്യൻയൂണിയനിൽനിന്നകന്നു മാറിനിൽക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഇവയെല്ലാം താൽക്കാലികങ്ങളാണ്. കാൺസ്റ്റിററുവൻറ അസംബ്ളിയുടെ കർത്തവ്യം ജാതിമതാദിചിന്തകൂടാതെ സകലർക്കും നീതിചെയ്യുക എന്നുള്ളതാണ്. ഇൻഡ്യൻയൂണിയനിൽ ചേരുവാൻ കാൺഗ്രസ്സ് ആരെയും നിർബന്ധിക്കുന്നില്ല. ദൈവവും പ്രകൃതിയും ഈ രാജ്യം അവിഭക്തമായിരിക്കുവാനാണ് സൃഷ്ടിച്ചിട്ടുള്ളതു്. അതിനാൽ ആർക്കും അതിനെ വിഭജിക്കുവാൻ സാധിക്കുകയില്ല. ശക്തി കൊണ്ടു ക്ഷമയോടുകൂടി പ്രവർത്തിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിച്ചുകൊണ്ടു അദ്ദേഹം ഉപസംഹരിച്ചു. മൈസൂർ സ്റ്റേററുകാൺഗ്രസ്സ്പ്രസിഡൻറ മി: കെ. സി. റെഡ്ഡിയും സമ്മേളനത്തിൽ പ്രസംഗിച്ചു. രാത്രിയിൽ എറണാകുളം ആസാദ് ആർട്ട്സ് ക്ലബ്ബിന്റെ വക വിവിധ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. ഷൊർണ്ണൂരും പുതുക്കാട്ടുമുള്ള അളകപ്പാ ടെക്സ്റ്റൈൽസും സന്ദർശിച്ചശേഷം അദ്ദേഹം നാളെ എറണാകുളത്തുനിന്നും മദ്രാസിലേക്കു പോകുന്നതാണ്. കൊച്ചിയിൽ മന്ത്രിമാരുണ്ടെങ്കിലും പൗരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടുവരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടു സോഷ്യലിസ്റ്റ്നേതാക്കന്മാർ രാജേന്ദ്രബാബുവിനു് ഒരു തുറന്ന കത്തു നൽകി.

### വാർഷികസമ്മേളനം

എറണാകുളം, മേ. ൧൮ — മൈസൂർ സ്റ്റേററ് കാൺഗ്രസ്സ്പ്രസിഡൻറ മി. കെ. സി. റെഡ്ഡി ദേശീയപതാക ഉയർത്തിയതോടുകൂടി സമ്മേളനനടപടികൾ ആരംഭിച്ചു. ദേശീയപതാക ഉയർത്തിക്കൊണ്ടു മി. റെഡ്ഡി പ്രസ്താവിച്ചതു് കഴിഞ്ഞ ൨൭ വർഷങ്ങളായി ഈ പതാകപാറിക്കുന്നതിനു് വളരെ കഷ്ടതകൾ നാം അനുഭവിച്ചു എന്നാണ്. ഭരണവ്യവസ്ഥാകാര്യങ്ങളിൽ കൊച്ചിമഹാരാജാവു നൽകിയ നേതൃത്വത്തിൽ മി. റെഡ്ഡി അദ്ദേഹത്തെ അനുമോദിക്കയും അദ്ദേഹത്തെ പിന്തുടരുവാൻ മററു രാജാക്കന്മാരോടഭ്യർത്ഥിക്കയും ചെയ്തു.

### വനിതാസമ്മേളനം

ശ്രീമതി കമലാദേവിയുടെ അഭാവത്തിൽ മിസ്സിസ് കമലാനമ്പീശൻ വനിതാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഗാന്ധിജിയുടെ സൃഷ്ടിപരപരിപാടിയിലേക്കു അവർ കേരളത്തിലെ വനിതകളുടെ ശ്രദ്ധയെ ക്ഷണിച്ചു. ശ്രീമതി കുട്ടിമാളു അമ്മ ചെയ്ത പ്രസംഗത്തിലും സൃഷ്ടിപരപ്രവർത്തനത്തെപ്പററി എടുത്തുപറയുകയും ഉത്തരവാദിത്വംകയ്യേൽക്കുന്നതിനു കർഷകരെയും തൊഴിലാളികളെയും അഭ്യസിപ്പിക്കുവാൻ വിദ്യാഭ്യാസമുള്ളവരോടഭ്യർത്ഥിക്കയും ചെയ്തു.

### വിദ്യാർത്ഥിസമ്മേളനം

മി: കെ. രാമുണ്ണിമേനോന്റെ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥിസമ്മേളനം നടത്തപ്പെട്ടു. കക്ഷിബാധ്യതകളിൽനിന്നു വിമുക്തമായ ഒരു സ്വതന്ത്രവിദ്യാർത്ഥിസംഘടന ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത മി: മേനോൻ എടുത്തുപറഞ്ഞു. കാൺഗ്രസ്സിനാകട്ടെ ലീഗിനാകട്ടെ ഇൻഡ്യൻ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതല്ല. പ്രായപൂർത്തിവന്ന ഓരോരുത്തർക്കും തൊഴിലും ഓരോ കുട്ടിക്കും വിദ്യാഭ്യാസവും ആവശ്യമാണ്. വർഗ്ഗീയാസ്വാസ്ഥ്യങ്ങൾനിമിത്തം സാമൂഹികാധഃപതനം വന്നുകൂടിയിട്ടുണ്ടു്. കൊച്ചി വിദ്യാർത്ഥികാൺഗ്രസ്സ് ജനറൽസെക്രട്ടറി മി: കരീം യോഗത്തിൽ പ്രസംഗിച്ചു. നേരത്തെ ആഗസ്റ്റ് രക്തസാക്ഷികളുടെ സ്മാരകത്തിൽ മി: രാമുണ്ണിമേനോൻ പുഷ്പങ്ങൾ വർഷിക്കയുണ്ടായി.

—o—

### ദിവാൻജി ഊട്ടിയിലേക്കു്

തിരു: മേ ൧൮ — ദിവാൻജി മുൻപ്രോഗ്രാമനുസരിച്ചു് ഇന്നുച്ചയ്ക്കു വിമാനമാർഗ്ഗം ഊട്ടിയിലേക്കു പോയിരിക്കുന്നു.

(സ്വ. ലേ)

—o—

### ആചാര്യകൃപലാനി

#### ശ്രീനഗറിൽ

ശ്രീനഗർ, മേ ൧൯ — ശ്രീമതി സുചേതാകൃപലാനിയുമൊത്തു് കാൺഗ്രസ്പ്രസിഡൻറ് ആചാര്യകൃപലാനി ഇന്നുവൈകുന്നേരം റാവൽപിണ്ടിയിൽനിന്നു ശ്രീനഗറിൽ എത്തിയിരിക്കുന്നു. അടുത്തവെള്ളിയാഴ്ച അതായതു ൨൩-ാംനു-വരെ അവർ കാഷ്മീറിൽ താമസിക്കുന്നതാണെന്നു പ്രതീക്ഷിക്കപ്പെടുന്നു. നഗരത്തിൽ വന്നെത്തിയ ഉടനെതന്നെ ആചാര്യകൃപലാനിയും പത്നിയും ദിവാൻ ചമൻലാലും ഷെയിക് അബ്ദുള്ളായുടെ ഭവനം സന്ദർശിച്ചു് ബീഗം അബ്ദുള്ളായു കുട്ടികളുമൊത്തു് ചായ കഴിക്കുകയുമുണ്ടായി.

(എ-പി)

—o—

# വൈസ്രായിയും സ്റ്റാഫും ലണ്ടനിലേയ്ക്കു പുറപ്പെട്ടു

## ഒത്തുതീർപ്പോടുകൂടിയ ഒരു പദ്ധതി വൈസ്രായി കൊണ്ടുപോകുന്നു

### സിൻഡ് പശ്ചിമപഞ്ചാബ് പൂർവ്വബംഗാൾ എന്നിവയ്ക്കു് ഒരു പ്രത്യേക കാൺസ്റ്റിററുവൻറ് അസംബ്ളി

ന്യൂഡെൽഹി മേ: ൧൮ — വൈസ്രായി മൗണ്ട് ബാററൻപ്രഭുവും പത്നിയും റിഫാംസ്കമ്മീഷണർ മി. വി. പി. മേനോനും സ്റ്റാഫുമൊരുമിച്ചു ഇന്നു രാവിലെ വിമാനമാർഗ്ഗം ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു.

### വൈസ്രായി കറാച്ചിയിൽ

കറാച്ചി, മേ: ൧൮ — വൈസ്രായിയും പാർട്ടിയും ഇന്നു ന്യൂഡെൽഹയിൽനിന്നു ൧൦-മണിക്കു ഇവിടെ എത്തിയിരിക്കുന്നു. മാറിപ്പോർ വിമാനത്താവളത്തിൽവച്ചു സിൻഡ്ഗവർണ്ണർ സർ ഫ്രാൻസിസ് മൂഡി അവരെ സ്വീകരിച്ചു. ഒരു മണിക്കൂർനേരത്തെ താമസത്തിനുശേഷം വൈസ്രായിയും പാർട്ടിയും കെയിറോയിലേക്കു യാത്രയായി.

ഇന്നു ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിക്കുന്ന വൈസ്രായി മൗണ്ട് ബാററൻപ്രഭു ബ്രിട്ടീഷ്ഗവമ്മേൻറിന്റെ മുമ്പാകെ താൻ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്കു കാൺഗ്രസ്സിന്റെയും മുസ്ലിംലീഗിന്റെയും പൊതുവായ അനുമതി വാങ്ങിച്ചുകൊണ്ടാണു പോയിരിക്കുന്നതെന്നറിയുന്നു. സിംലായിൽനിന്നു മടങ്ങിഎത്തിയതിനുശേഷം പ്രധാനപ്പെട്ട നേതാക്കന്മാരുമായി നടത്തിയ കൂടിക്കാഴ്ചകളിൽ വൈസ്രായി താൻ നിർദ്ദേശിച്ച പരിഹാരത്തെ സംബന്ധിച്ചു രണ്ടു കക്ഷികളുടെയും സമീപനവിധത്തെ അറിയിച്ചിട്ടുള്ളതായി പറയപ്പെടുന്നു. റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഈ ഒത്തുതീർപ്പു നേതാക്കന്മാരുടെ രാഷ്ട്രീയമായ ഔചിത്യബോധംകൊണ്ടാണെന്നുവരികിലും അടുത്ത ജൂൺമാസത്തെ സമൂൻപ് അധികാരം വച്ചൊഴിയുവാനുള്ള ബ്രി. ഗവമ്മേണ്ടിന്റെ മുൻപരിപാടി മുൻപോട്ടുകൊണ്ടുപോകുന്നതിനുള്ള ബ്രിട്ടന്റെ ദൃഢനിശ്ചയവും കൂടിയാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. പുതിയ പദ്ധതികളെപ്പററി ഔദ്യോഗികമായി ഒന്നുംതന്നെ അറിയപ്പെട്ടിട്ടില്ലെങ്കിലും പ്രവിശ്യകൾ വിഭജിക്കുവാനുള്ള നടപടികളും രാജ്യം പങ്കുവയ്ക്കാനുള്ള ഏർപ്പാടുകളും ജൂൺ ആദ്യവാരത്തിൽതന്നെ ആരംഭിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. സിൻഡ്, പശ്ചിമപഞ്ചാബ്, പൂർവ്വബംഗാൾ തുടങ്ങി ഇപ്പോഴത്തെ കാൺസംബ്ളിയിൽ ചേരാതെ നില്ക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം വേറൊരു കാൺസ്റ്റിററുവൻറ് അസംബ്ളി രൂപവല്ക്കരിക്കുവാനുള്ള ഒരു പ്രഖ്യാപനവും ഈ നടപടികളെ തുടർന്നുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഈ പ്രഖ്യാപനം ആ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ ഒരു ഹിതപരിശോധന നടത്തിയതിനുശേഷമെ ഉണ്ടാവുകയുള്ളു. ജനങ്ങളുമായി ഇക്കാര്യം ആലോചിക്കുന്നതിന്റെ ഫലം രാഷ്ട്രീയകക്ഷികളുടെ ഇന്നത്തെ മനോഗതി അനുസരിച്ചു് ഏറ്റവും വ്യക്തമാണ്. കൽക്കട്ടാനഗരം ആരുടെ കൈവശമിരിക്കണമെന്നുള്ളതാണ് ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ലാത്ത ഒരു പ്രധാന പ്രശ്നം. പാകിസ്ഥാൻ അനുവദിക്കപ്പെടുകയും കൽക്കട്ടായിലെ മുസ്ലീം ജനസംഖ്യ ൨൩ ശതമാനം മാത്രമെ ഉള്ളുവെന്ന കാരണത്താൽ കാൺഗ്രസ്സ് അതിന്റെ മേൽ അവകാശവാദം പുറപ്പെടുവിക്കയും ചെയ്യുന്നു. കൂടാതെ മെയ് ൧൬-ാംനു-യിലെ പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതു് ഒരു വിഭജനമുണ്ടാകുന്നപക്ഷം കൽക്കട്ട അമുസ്ലീം പ്രദേശത്തിൽപെടുമെന്നുമാണ്. തീരുമാനത്തിലെത്തിച്ചേരാൻ അധികം കാലതാമസമുണ്ടാകുന്നതും ഇനിയും ചിന്തിക്കപ്പെടേണ്ടിയിരിക്കുന്നതുമായ വേറൊരു പ്രശ്നം ശത്രുനിരോധനത്തിനുള്ള ഏർപ്പാടുകളാണ്. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിഭജനവും അതിനെ തുടർന്നുണ്ടാകാവുന്ന മററു നടപടികളും ഇപ്പോൾ മാറിനില്ക്കുന്നതും പിൽക്കാലത്തു് യൂണിയനിൽ ചേരാവുന്നതുമായ പ്രദേശങ്ങൾക്കു യാതൊരു തരത്തിലും ഉപദ്രവകരമായിരിക്കയില്ല. ഈ സ്ഥിതിഗതികളെല്ലാം രാഷ്ട്രീയകക്ഷികൾ നല്ലതിന്നെന്നും മനസ്സിലാക്കി അംഗീകരിച്ചിട്ടുള്ളതാണ്. റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള തീർപ്പുകൾ ഇപ്പോഴത്തെ അസ്വാസ്ഥ്യനിലയെ പരിഹരിക്കുന്നതിനും സംഘട്ടനാത്മകമായ അന്തരീക്ഷത്തിൽ അന്തർഭവിച്ചിട്ടുള്ള വിപത്തുകളെ ലഘൂകരിക്കുന്നതിനും വളരെ സഹായകമായിരിക്കുമെന്നു കാര്യജ്ഞാനകേന്ദ്രങ്ങൾ കരുതുന്നു. ഏതായാലും വൈസ്രായി ഇന്നു പുറപ്പെട്ടിട്ടുള്ളതു് ഖണ്ഡിതമായ ഒരു പ്ലാനോടുകൂടിയും അതിന്മേൽ കാൺഗ്രസ്സിനും ലീഗിനുമുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുമാണ്. മഹാത്മജി മസൂറിയിൽ ഏതാനും ദിവസം താമസിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. സർദാർ പട്ടേൽ ഇന്നുരാവിലെ അങ്ങോട്ടു പുറപ്പെട്ടിരിക്കുന്നു. പണ്ഡിററ് ജവഹരിലാൽ നെഹ്റു ചൊവ്വാഴ്ച ഹിൽസ്റ്റേഷനിലേയ്ക്കു പോകുന്നു.

ന്യൂഡെൽഹി മേ ൧൯

യാത്രയ്ക്കു് പ്രാരംഭമായി വൈസ്രായി വീണ്ടും ഇന്ത്യൻ നേതാക്കന്മാരുമായി ഇന്നു് സംഭാഷണങ്ങൾ നടത്തിയിരിക്കുന്നു. പ്രതിരോധവകുപ്പ് മെമ്പർ സർദാർ ബലദേവസിംഗ് ആണു് ഇന്നു് വൈസ്രായിയെ ആദ്യമായി കണ്ടതു്. അതിനെതുടർന്നു് മി. ജിന്നാ, മി. ലിയാക്കത്തലിഖാൻ എന്നിവരും വൈസ്രായിയെ സന്ദർശിച്ചു. വൈകുന്നേരം പണ്ഡിററ് നെഹ്റു, സർദാർ പട്ടേൽ എന്നിവരുമായും കൂടിക്കാഴ്ചകൾ നടന്നു.

### ബാംബെഗവർണ്ണർ

ബാംബെഗവർണ്ണരും പത്നിയും മിസ്. കോൾവിൽ, മിസ് മോറിസൺ എന്നിവരുമൊത്തു് ഡൽഹിയിലേക്കു് പുറപ്പെട്ടിരിക്കുന്നു. സർസോന്തി രാമമൂർത്തി ബാംബെയിലെത്തിയിട്ടുണ്ടു്.

### ചെക്കേഴ്സിൽ

മി. ആററ്ലിയുടെ നാട്ടുംപുറത്തെ ഔദ്യോഗിക വാസസ്ഥലമായ ചെക്കേഴ്സിൽവച്ചു് വൈസ്രായിയും, ബ്രിട്ടീഷ് മന്ത്രിസഭയിലെ ഇന്ത്യാവിഭാഗ മന്ത്രിമാരുമായുള്ള സംഭാഷണത്തിൽ ഇന്ത്യയെപ്പററി ഗൗരവാവഹമായ നിശ്ചയങ്ങൾ ഉണ്ടാകാവുന്നതാണ്. ചെക്കേഴ്സിൽവച്ചു് പല വിധിനിർണ്ണായകങ്ങളായ നിശ്ചയങ്ങളും മുൻപുതന്നെ ഉണ്ടായിക്കഴിഞ്ഞു. മി. ആററ്ലി പെത്തിക്ലാറൻസുപ്രഭുവിന്റെ രാജി സ്വീകരിച്ചതു് അവിടെ വച്ചാണ്.

(റായിട്ടർ)

—o—

(എട്ടാംപേജിൽനിന്നും തുടർച്ച)

റൊരു പ്രധാനമായ നേട്ടമാണ്. ഫലവൃക്ഷങ്ങൾ ഒട്ടിച്ച് എടുക്കുന്ന രീതിയിൽ തന്നെയും ഗുണപ്രദങ്ങളായ പല മാററങ്ങളും വരുത്തുവാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. ഒരേ മാവിൻതയ്യിന്മേൽ പലജാതി മാവുകളുടെ കൊമ്പുകൾ ഒട്ടിച്ച് ഒരേ വൃക്ഷത്തിൽനിന്ന് പലതരം ഫലങ്ങൾ എടുക്കുവാൻ ഇപ്പോൾ സാധിക്കുന്നു. റോസ്സ് മുതലായ പുഷ്പച്ചെടികളിലും ഈ വിദ്യപ്രയോഗിച്ച് ഒരു ചെടിയിൽനിന്നു തന്നെ പലവിധത്തിലും വർണ്ണത്തിലും ഉള്ള പുഷ്പങ്ങൾ എടുക്കുവാൻ കഴിയും.

ബഡ്ഡിങ്ങ് എന്നറിയപ്പെടുന്ന വേറൊരു നവീനപ്രയോഗംനിമിത്തം റബ്ബർകൃഷി വളരെ നന്നാക്കുവാൻ സാധിച്ചിട്ടുണ്ട്. ഒരു റബ്ബർച്ചെടിയുടെ ഗുണം അതിൽനിന്ന് കിട്ടുന്ന പാലിനെ ആശ്രയിച്ചിരിക്കും. റബ്ബർപാലിന്റെ അളവ് വൃക്ഷത്തിന്റെ തൊലിയിലുള്ള റബ്ബർഞരമ്പുകളുടെ എണ്ണത്തെയും ആശ്രയിച്ചിരിക്കുന്നു. മൈക്രോസ്കോപ്പിൽകൂടി പരിശോധിച്ചുനോക്കിയാൽ റബ്ബർഞരമ്പുകളുടെ എണ്ണം വ്യക്തമായി തൊലിയിൽ കാണുവാൻ സാധിക്കും. ഇപ്രകാരം പരിശോധിച്ച് ധാരാളം പാൽഞരമ്പുകൾ ഉള്ള വൃക്ഷങ്ങളുടെ മൊട്ടുകൾ എടുത്ത് ധാരാളമായി മുളച്ചുണ്ടാകുന്ന സാധാരണതരം തൈകളിന്മേൽ ഒട്ടിവെക്കുന്നു. മുളകൾ ഈ തൈകളുമായി യോജിച്ച്, വളർന്ന് നല്ല ഉപരിയായതരം റബ്ബർവൃക്ഷങ്ങളായി തീരും. ബഡ്ഡ് ചെയ്തുണ്ടാക്കിയ തൈകളാണ് റബ്ബർകൃഷിയിൽ ഇപ്പോൾ ധാരാളമായി ഉപയോഗിച്ചുവരുന്നതു.

ഫിലിപ്പൈൻസ് ദ്വീപുകളിൽ സാധാരണയായി ഉണ്ടാകുന്ന കൊടുങ്കാററുകൾമൂലം ഫലവൃക്ഷങ്ങൾക്കു ധാരാളമായി കേടു സംഭവിക്കാറുണ്ട്. ഇതിന്റെ പരിഹാരത്തിനായി ഈ ദ്വീപുകളിൽ മാവിനെപ്പോലെയുള്ള ഉയരമുള്ള ഫലവൃക്ഷങ്ങൾ ഭൂമിയിൽനിന്ന് ഉയരത്തിൽ ചെരിച്ചുനട്ടു തടിയിൽനിന്നും പല സ്ഥലങ്ങളിലായി വേരുകളുളപ്പിച്ച് ഭൂമിയുമായി സംഘടിപ്പിക്കുന്നു. ഇതുകൊണ്ട് വൃക്ഷങ്ങളുടെ കൊമ്പുകൾ നിലംപററി പടർന്നുപിടിച്ച് വളരുകയും എത്ര വലിയ കൊടുങ്കാററിലും ഒടിയുകയോ മററു കേടുകൾ തട്ടാതെയോ ഇരിക്കുകയും ചെയ്യുന്നു.

മാവു സാധാരണ ക്ലിപ്തകാലങ്ങളിൽ മാത്രമാണല്ലോ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നതു. എന്നാൽ ഫിലിപ്പൈൻസ്സിലെമനീലാ ഡിസ്ട്രിക്ടിൽ ഒരു കൃത്രിമവിദ്യചെയ്ത് അകാലങ്ങളിൽ മാവുകളെ പുഷ്പിക്കുവാനും കായ്ക്കുവാനും സാധിച്ചുവരുന്നു. ഇതിന്നായി വൃക്ഷങ്ങളുടെ ചുവട്ടിൽ ഒരുതരം അടുപ്പുകൾ നിർമ്മിച്ച് അവയിൽ കരിയിലയും മററും ഇട്ട് കത്തിച്ച് പുകയുന്നു. ഈ പുക ചിമ്മിനികൾ മുഖേന ഏകളിൽ വൃക്ഷത്തിന്റെ കൊമ്പുകളിൽ കൊള്ളിക്കുന്നു. ഒരു ഉരുസമയം മുഴുവനും ഇമ്മാതിരി പുക കൊള്ളിച്ചുകൊണ്ട് ഇരിക്കും. അതിന്നുശേഷം പൂക്കൾ മുളച്ചുണ്ടാകുന്നതുവരെ ദിവസം പ്രതി കാലത്തും വൈകുന്നേരവും മാത്രം പുകകൊടുക്കും. ഒരുമാസത്തോളം ഇതു ചെയ്താൽ പുഷ്പങ്ങൾ കൊമ്പുകളിന്മേൽ ഉത്ഭവിക്കുന്നതായി കാണാം. പൂവ് വികസിക്കുന്ന സമയത്തു മഴ ഇല്ലെങ്കിൽ ഏതുകാലത്തും മാവുകളിൽനിന്ന് മാങ്ങ ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഈ പുകപ്രയോഗം പുഷ്പവ്യാപാരത്തിലും ധാരാളമായി ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്.

മനുഷ്യർക്കും മൃഗങ്ങൾക്കും ഉള്ളതുപോലെ ചിലപ്പോൾ സസ്യലോകത്തിലും പകർച്ചവ്യാധികൾ ഉണ്ടാകുന്നു. ഇതുമൂലം കൃഷിവ്യവസായത്തിൽ ആണ്ടുതോറും അനേകംകോടിരൂപാ നഷ്ടംനേരിടുകയും, ക്ഷാമംമുതലായ ഭയങ്കര അനിഷ്ടസംഭവങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അയർലണ്ടിലെ ഉരുളക്കിഴങ്ങുകൃഷിക്ക് ഒരു മഹാവ്യാധിപിടിപെട്ട കാരണം ക്രിസ്തുവർഷം 1845-ാം ആണ്ടിൽ ആ രാജ്യത്തു അതികഠിനമായ ക്ഷാമം ഉണ്ടാവുകയും അനേകം ജനങ്ങൾ മരിച്ചുപോവുകയും ചെയ്തു. അടുത്തകാലത്തു ഇന്ത്യയിൽ ബങ്കാൾക്ഷാമത്തിന്റെയും ഒരു പ്രധാന കാരണം അവിടത്തെ നെൽകൃഷിക്ക് ഒരു സുഖക്കേടു പിടിപെട്ടതുകൊണ്ടാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

സസ്യസംരക്ഷണം ശാസ്ത്രീയകൃഷിയുടെ ഒരു പ്രധാന വിഭാഗമാണ്. സസ്യരോഗങ്ങൾ ഉണ്ടാകുന്നതു കുമിളുകളുടെയോ, പുഴു, പാററ മുതലായ കീടങ്ങളുടെയോ ആക്രമണം നിമിത്തമാണ്. കുമിളുകളുടെ ശല്യത്തിൽനിന്നു രക്ഷനേടുവാനായി സസ്യങ്ങളുടെമേൽ, ബോർഡോക്സ് ക്രൂട്ട്, പെറെനോക്സ് മുതലായ മരുന്നുകൾ തളിച്ചുവരുന്നു.

ചില സസ്യരോഗങ്ങൾ ഭൂമിയിൽ സസ്യങ്ങളുടെ വളർച്ചയ്ക്ക് അത്യാവശ്യമായ പോഷകാംശങ്ങളുടെ അഭാവംകൊണ്ടും ഉണ്ടാകുന്നു. ഇപ്രകാരമുള്ള മണ്ണുകൾ പരിശോധിച്ച് ഇല്ലായ്മയെ കണ്ടുപിടിച്ച് രോഗത്തിനു പരിഹാരമുണ്ടാക്കുക ശാസ്ത്രീയകൃഷിയിൽ ഗവേഷകന്മാർ ഇപ്പോൾ സാധാരണയായി ചെയ്തുവരുന്ന ഒരു ജോലി ആണ്.

കീടങ്ങളുടെ ഉപദ്രവംകൊണ്ട് ഉണ്ടാകുന്ന സുഖക്കേടുകൾക്ക ചില വിഷമരുന്നുകൾ ഉപയോഗിച്ചു നിവാരണം സാധിക്കാവുന്നതാണ്. ലെഡ് ആഴ്സനേററ്, ഡി. ഡി. ററി., ഗാമെക്സിൻ മുതലായ പൂച്ചിവിഷങ്ങൾ ഈ ആവശ്യത്തിലേക്കായി ധാരാളം ഉപയോഗിച്ചുവരുന്നുണ്ട്.

കൃഷി ചെയ്തുവരുന്ന ഭൂമികളിൽ കളകൾ മുളച്ചുവളർന്ന് വിളവിനെ നശിപ്പിക്കുന്ന അനുഭവം എല്ലാ കൃഷിക്കാർക്കും ധാരാളമായിട്ടുള്ളതാണല്ലോ. കൈകൊണ്ടു കള പറിച്ചുകളയുകമാത്രമേ ഇതിന്നു പരിഹാരമുള്ളു. വിഷമരുന്നുകൾ പ്രയോഗിച്ചു കളയെ നശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അതു വിളവിനെയുംകൂടി കേടുവരുത്തി. വിളവിനു യാതൊരു ഹാനിയും തട്ടാതെ കളയെമാത്രം നശിപ്പിക്കുന്ന ഒരു മരുന്നു കണ്ടുപിടിക്കുവാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടുപോന്നു. ഇംഗ്ലണ്ടിൽ ഡാ: സ്ലേഡ് എന്ന ഗവേഷകൻ മെതോക്സോൺ എന്ന പേരുള്ള ഒരു മരുന്നു കണ്ടുപിടിച്ചിരിക്കുന്നു. ഇതു ഉപയോഗിച്ചാൽ ധാന്യകൃഷിയിൽ ഉണ്ടാകുന്ന മിക്ക കളകളെയും നശിപ്പിക്കുവാൻ സാധിക്കും. ഇതുമൂലം വിളവിനു യാതൊരു ഹാനയും നേരിടുകയില്ല.

കൃഷിശാസ്ത്രത്തിന് ഉപയോഗമായ പല കൃത്രിമമരുന്നുകളും കണ്ടുപിടിച്ചിട്ടുണ്ട്. ആക്സിൻസ് എന്നറിയപ്പെടുന്ന ഒരുതരം മരുന്നുകൾ ഉപയോഗിച്ചാൽ അതു സസ്യങ്ങളുടെ വളർച്ചയ്ക്കും വലിപ്പത്തിനും വളരെ നല്ലതാണ്. ഹാർമ്മോൺ എന്ന മരുന്നു ചെടികളിൽ വേരുകളുടെ ഉല്പാദനത്തെ കാര്യമായി സഹായിക്കുന്നു.

ഈ യുഗത്തിനെ യന്ത്രയുഗം എന്നാണല്ലോ പറഞ്ഞുവരുന്നതു. പണ്ടു മനുഷ്യശക്തികൊണ്ടു ചെയ്തുവന്നിരുന്ന എല്ലാ ജോലികളും ഇപ്പോൾ യന്ത്രം ഉപയോഗിച്ചു കൂടുതൽ വേഗത്തിലും, കാര്യശേഷിയോടുംകൂടി ചെയ്തുവരുന്നു. യന്ത്രീകരണം കൃഷിയിലും എത്തീട്ടുണ്ട്. ഇപ്പോൾ ഭൂമി ഉഴുക, കട്ട നിരത്തുക, വിത്തു വിതയ്ക്കുക, കളപറിക്കുക, കൊയ്യുക, മെതിക്കുക മുതലായ കൃഷിപ്രവൃത്തികൾ എല്ലാം ട്രാക്ടേഴ്സ് എന്നറിയപ്പെടുന്ന യന്ത്രംകൊണ്ടു ചെയ്യാവുന്നതാണ്. പക്ഷെ ഇപ്രകാരമുള്ള കൃഷിപ്പണിക്ക് കുറെ അധികം ഏക്കർഭൂമി ഒന്നായി കൃഷി ചെയ്യേണ്ടതായിട്ടുണ്ട്. റഷ്യ, അമേരിക്കാ മുതലായ രാജ്യങ്ങളിൽ ട്രാക്ടറുകൾ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ട്. ഈ സ്ഥലങ്ങളിലെ വിജയകരമായ ഭക്ഷ്യോല്പാദനവും ഇമ്മാതിരിയിലുള്ള യന്ത്രീകരണംകൊണ്ടു സാധിച്ചിട്ടുള്ളതാണ്.

കാലാകാലങ്ങളിൽ മഴകിട്ടുക കൃഷിക്ക് അത്യാവശ്യമാണല്ലോ. ഇതു ഇല്ലാത്തസ്ഥലങ്ങളിൽ കൃഷിചെയ്യുന്നതന്നു വിപുലമായ ജലസേചനവിതരണപദ്ധതികൾ ആവശ്യമാണ്. ഇതിന്നു ഭീമമായ ചിലവു വേണ്ടിവരുന്നു. ആവശ്യമുള്ള സമയത്ത് മഴപെയ്യിക്കുവാനായി ഒരു വിദ്യ അസ്ത്രേലിയായിൽ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. വിമാനത്തിൽ മേഘങ്ങളുടെ മീതെക്കൂടി പറന്ന് തണുപ്പുള്ള ഐസ് വെള്ളം മേഘങ്ങളിൽ തളിച്ചാൽ മഴപെയ്യിക്കുവാൻ സാധിക്കുമത്രെ.

കൃഷിയുടെ പുരോഗമനത്തിന്നായി കാർഷികോല്പന്നങ്ങൾക്ക് ശരിയായ വില കിട്ടുക അത്യാവശ്യമാണല്ലോ. ഇപ്പോൾ കൃഷിവ്യവസായത്തിലെ ഒരു വലിയ പങ്ക് ലാഭം ഉല്പാദകരുടെയും വിനിയോക്താക്കളുടെയും ഇടയ്ക്കു നില്ക്കുന്ന ദല്ലാളുകളാണ് അനുഭവിച്ചുവരുന്നതു. എന്നാൽ ഉല്പാദകന്നു അവൻ അർഹിക്കുന്ന ലാഭം കിട്ടുന്നതിലേക്കായി കോവാപ്പറേറീവ് മാർക്കററിംഗ് സൊസൈററികൾ മുഖേന കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയം വിജയകരമായി നടത്താവുന്നതാണ്. വൈക്കത്തു ഇപ്പോൾ പ്രവൃത്തനം നടത്തിവരുന്ന കോപ്രാമാർക്കററിംഗ് സൊസൈററി ഇതിന്നു ഒരു നല്ല ഉദാഹരണമാണ്.

മലക്കറി, പഴങ്ങൾ മുതലായ സാധനങ്ങൾ സംഭരിച്ചു വെച്ചാൽ കുറേനാൾ കഴിയുമ്പോൾ അവ ചീഞ്ഞ്, കേടുവന്ന് ഉപയോഗശൂന്യമായിത്തീരുന്നു. എന്നാൽ ഇവ നല്ല തണുപ്പുള്ള ഐസ്സ് മുറികളിൽ (കോൾഡ് സ്റ്റോറേജ് ചേംബറുകൾ) വെക്കുകയാണെങ്കിൽ യാതൊരു കേടും കൂടാതെ ഒരുമാസക്കാലത്തോളം സൂക്ഷിക്കുവാൻ സാധിക്കും. പ്രധാന മാർക്കററുകളിൽ എല്ലാം ഐസ്സ് മുറികൾ നിർമ്മിച്ച് ഈമാതിരിയിലുള്ള കാർഷികോല്പന്നങ്ങളുടെ സംഭരണം നടത്തിവരുന്നു.

കൃഷിയിൽ കന്നുകാലികൾക്ക് വളരെ പ്രധാനമായ ഒരു സ്ഥാനം ഉണ്ട്. കന്നുകാലികളുടെ ഉല്പാദനം, സംരക്ഷണം, പരിചരണം മുതലായ സംഗതികളെക്കുറിച്ച് ശാസ്ത്രജ്ഞന്മാർ ധാരാളം ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ഗുണപ്രദങ്ങളായ പല അറിവുകളും ഈ ശാസ്ത്രത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതു ഉപയോഗിച്ച് ആന്ത്രാക്സ് റൈൻഡർപെസ്റ്റ് മുതലായ ഭയങ്കര കാലിരോഗങ്ങൾ ഇപ്പോൾ തടയുവാൻ സാധിക്കുന്നു. ക്ഷീരവ്യവസായത്തിലാണെങ്കിൽ വളരെ അധികം പാൽ കറക്കാവുന്ന പശുക്കളെ മിശ്രബീജസങ്കലനംകൊണ്ട് സൃഷ്ടിച്ച് എടുക്കുവാൻ സാധിച്ചിട്ടുണ്ട്.

ശാസ്ത്രീയകൃഷിയുടെ നേട്ടങ്ങൾ ഇനിയും പലതുണ്ട്. പക്ഷെ അവയെ എല്ലാം ഇവിടെ വിവരിച്ച് നിങ്ങളുടെ ക്ഷമയെ പരീക്ഷിക്കേണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ വിലയേറിയ സമയത്തെ ഇത്രയും നഷ്ടപ്പെടുത്തിയതിന് ക്ഷമായാചനം ചെയ്തുകൊണ്ടു ഞാൻ തല്ക്കാലം വിരമിക്കുന്നു.

—o—

# എൻ. എസ്. എസ്. ബോർഡ്യോഗം

## പ്രസിഡന്റിന്റെയും, ജനറൽ സെക്രട്ടറിയുടെയും, രാജി സ്വീകരിച്ചു

**പുതിയപ്രസിഡന്റ് മി. ഗോവിന്ദമേനവനും, ജനറൽ സെക്രട്ടറി കൊണ്ടൂർ കൃഷ്ണപിള്ളയും—ഫ്രാഞ്ചൈസ്കമ്മിററിയിൽനിന്നു രാജിവച്ച മി. ടി. പി. വീണ്ടും എൻ. എസ്. എസ്. കൌൺസിൽ മെമ്പറായി തുടരുന്നു**

(സ്വന്തം പ്രതിനിധി)

ചങ്ങനാശേരി ഇടവം ൪—ഇന്നത്തെ എൻ. എസ്. എസ്. ബോർഡ്യോഗത്തിൽ എൻ. എസ്. എസ്. പ്രസിഡന്റ് മി. മന്നത്തു പത്മനാഭപിള്ളയുടെ രാജി സ്വീകരിച്ചിരിക്കുന്നു. മുപ്പത്തിരണ്ടു സംവത്സരത്തെ സമുദായസേവനത്തെതുടർന്ന് തന്റെ ആയുശ്ശേഷം രാഷ്ട്രീയസേവനത്തിനായി സമർപ്പിക്കണമെന്നു വിചാരിക്കുന്നതായി അദ്ദേഹം തന്റെ രാജിക്കത്തിൽ പറയുന്നു.

ജനറൽസെക്രട്ടറി മി: ഗംഗാധരൻനായരും രാഷ്ട്രീയസേവനത്തിനുവേണ്ടി തന്റെ സെക്രട്ടറിസ്ഥാനം രാജിവയ്ക്കുകയും, അതും ബോർഡ്യോഗം സ്വീകരിക്കയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഖജാൻജിയായിരുന്ന മി. നീലവന ആർ. മാധവൻനായരുടെ രാജിയും ബോർഡുയോഗം സ്വീകരിക്കുകയുണ്ടായി.

അടുത്ത പ്രസിഡന്റായി അഡ്വക്കേററ് മി. എൻ. ഗോവിന്ദമേനവനേയും ഖജാൻജിയായി അഡ്വക്കേററ് മി: എം: എൻ. ഗോവിന്ദൻനായരെയും ജനറൽസെക്രട്ടറിയായി മി: കൊണ്ടൂർകൃഷ്ണപിള്ളയേയുംതിരഞ്ഞെടുക്കുകയുണ്ടായി.

### മി: ടി. പി. ഫ്രാഞ്ചൈസ്കമ്മിററിമെമ്പർസ്ഥാനം രാജിവച്ചു

മി: ടി. പി. വേലായുധൻപിള്ള ഫ്രാഞ്ചൈസ്കമ്മററിമെമ്പർസ്ഥാനം രാജിവയ്ക്കുവാൻ തീരുമാനിച്ചതനുസരിച്ച് എൻ. എസ്. എസ്. കൗൺസിൽമെമ്പർ സ്ഥാനരാജി പിൻവലിക്കയുണ്ടായി.

—o—

# പത്താൻ സ്വാതന്ത്ര്യം

—o—

## ഡാ: ഖാൻസാഹിബിന്റെ പ്രസ്താവന

പെഷവർ, മേ ൧൮—സ്വാതന്ത്ര്യവും പരമാധികാരയുക്തവുമായ ഒരു പത്താൻസ്റ്റേററിനെപ്പററി താൻ ബ്രിട്ടീഷ്ക്യാബിനററമിഷനുമായി സംസാരിച്ചെന്ന് അതിർത്തി ദേശത്തിലെ പ്രധാനമന്ത്രി ഡാ: ഖാൻസാഹിബ് പ്രസ്താവിക്കുന്നു. പത്താന്മാർ മററാരുടെയും ഭരണത്തിന് കീഴ്പ്പെടാൻ പോകുന്നില്ലെന്നും, എന്നാൽ ഒരു സ്വതന്ത്രമായ അതിർത്തിപ്രാവിൻസിൽ അവർ ഇന്ത്യയുടെയും, പത്താന്മാരുടെയും താല്പര്യങ്ങളെ പരിഗണിക്കയും, ഹിന്ദുക്കളോടു ചേരുകയും ചെയ്യുമെന്നും അദ്ദേഹം തുടരുന്നു. വലിയ ശക്തികൾക്കുതന്നെയും ഇക്കാലത്തു തനിയെ നിൽക്കാൻ ത്രാണിയില്ലെന്നും, അതിനാൽ ശത്രുനിരോധനം മുതലായ കാര്യങ്ങൾക്കായി അതിർത്തിപ്രാവിൻസ് മററുള്ളവരുമായി സഹകരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

അഖിലേന്ത്യായൂണിയനിൽ ചേർന്നില്ലെങ്കിൽതന്നെയും തന്റെ പ്രാവിൻസിന് സ്വയംപര്യാപ്തമായി ശേഷിക്കാൻ കഴിയുമെന്നു അദ്ദേഹം വിചാരിക്കുന്നു.

എ. പി.

—o—

# രാജൻബാബു മദ്രാസിൽ

മദ്രാസ്, മേ ൧൮ — തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ, തിരുവിതാംകൂർ, കൊച്ചി എന്നീ സ്ഥലങ്ങളിൽ നാലുദിവസം സഞ്ചരിച്ച ശേഷം ഇന്നു വൈകിട്ടു ഡാക്ടർ രാജേന്ദ്രപ്രസാദ് മദ്രാസിലെത്തിയിരിക്കുന്നു. ഡാ: പ്രസാദ് ആലുവായിലെ ഫെർട്ടിലൈസേഴ്സ് സന്ദർശിച്ചു. ഫാക്ടറിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ഒരുമാസത്തിനകം വിപണികളിൽ എത്തിച്ചേരുവാനിടയുണ്ടെന്നു കണക്കാക്കപ്പെടുന്നു. പുതുക്കോട്ടയുള്ള അഴകപ്പനഗറിലെ മിൽആശുപത്രിയോടുചേർന്ന മെറേണിററി (ഗർഭശുശ്രൂഷാലയം) വാർഡ് അദ്ദേഹം ഉൽഘാടനംചെയ്തു.

—o—

# * ശാസ്ത്രീയ കൃഷിയുടെ ചില നേട്ടങ്ങൾ

(സ്വന്തം പ്രതിനിധി)

കൊല്ലം ഇടവം 2

സ: തിരു: സഹകരണകോൺഫറൻസ സമ്മേളനത്തോടനുബന്ധിച്ചു നടന്ന കൃഷി വ്യവസായ സമ്മേളനത്തിൽ പ്ലാൻറ് പതളജിസ്റ്റ് ഡാ: കെ. സി. വി. മേനോൻ ബി. എസ്സ് സി. ഡി. ഐ. സി. പി. എച്ച് ഡി. ഇപ്രകാരം പ്രസംഗിച്ചിരിക്കുന്നു:

ഇന്നേദിവസം ഈ മഹാസമ്മേളനത്തിൽ ഒരു പ്രബന്ധം വായിക്കുവാൻ അവസരം തന്നതിന് ഇതിൻെറ ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ഞാൻ ആദ്യമായി പറഞ്ഞുകൊള്ളുന്നു. ശാസ്ത്രീയകൃഷിയുടെ ചില നേട്ടങ്ങൾ എന്നവിഷയത്തെക്കുറിച്ചാണ് ഞാൻ ഇവിടെ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നതു്.

കൃഷി ആണല്ലൊ ലോകത്തിൽവെച്ച് ഏററവും പുരാതനമായ വ്യവസായം. എങ്കിലും ശാസ്ത്രീയ കൃഷിക്ക് കഷ്ടിച്ച് ഒരു നൂററാണ്ട് കാലത്തെ പഴക്കമെ ഉള്ളു. എന്നാൽ ഇ ചുരുക്കമായ സമയത്തിനുള്ളിൽ ഈ ശാസ്ത്രത്തിന് വളരെ പുരോഗമിക്കുവാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രജ്ഞന്മാരുടെ നിരന്തരപരിശ്രമങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി കൃഷിവ്യവസായത്തിന് ഉപയോഗപ്രദമായ പല അറിവുകളും കിട്ടീട്ടുണ്ട്. ഇവയിൽ ചിലതിനെ ഇവിടെ വിവരിക്കാം.

കൃത്രിമവളം അതായതു് കെമിക്കൽ മന്വേഴ്സ് ഉപയോഗിക്കുന്നതിനെപ്പററി കൃഷിക്കാരുടെ ഇടയിൽ ഒരു തെററിദ്ധാരണയുണ്ട്. കൃത്രിമവളം ഉപയോഗിച്ചാൽ അതു് ഭൂമിയിൽ ഇടുന്ന ആണ്ടിൽ മാത്രമെ കൂടുതൽ വിളവ് കിട്ടുകയുള്ളു എന്നും, പിന്നീടുണ്ടാകുന്ന വിളവ് വളരെ മോശമായി പോകുമെന്നും, കൃത്രിമവളം ഭൂമിയെ വളരെ ക്ഷീണിപ്പിക്കുന്നു എന്നും മററും മിക്കകൃഷിക്കാരും ഇപ്പോഴും വിശ്വസിച്ചുപോരുന്നു. ഈ സംഗതിയെപ്പററി അന്വേഷിക്കുന്നതിന്നായി ഇംഗ്ലണ്ടിലെ പ്രധാനകാർഷിക ഗവേഷണകേന്ദ്രമായ റോട്ടംസ്റ്റെഡ് എക്സ്പെരിമെൻറൽ സ്റ്റേഷനിൽ ഒരു പരീക്ഷണം നടത്തി. കഴിഞ്ഞ തൊണ്ണൂററിഅഞ്ച് വർഷങ്ങളായി ഒരേ ഭൂമിയിൽ, ഒരേ ഇനം വിളവ്, ഒരേജാതി കൃത്രിമവളം ഉപയോഗിച്ച് തുടർച്ചയായി കൃഷിചെയ്തു വരികയാണ്. എന്നാൽ യാതൊരു കുറവുംകൂടാതെ ഇന്നും ഈ ഭൂമിയിൽ നിന്ന് ക്രമമായ വിളവ് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ൨൦-ാം നൂററാണ്ടിലെ കൃഷിക്കാർ കൃത്രിമവളത്തെപ്പററി ഒട്ടുംതന്നെ ഭയപ്പെടേണ്ടതില്ല. കൃത്രിമവളം ഉപയോഗിക്കുമ്പോൾ ചാണകമോ പച്ചിലവളമോ കൂടെ ഭൂമിയിൽ ഇടേണ്ടതാണ് എന്നുള്ള സംഗതി മാത്രം എപ്പോഴും ഓർമ്മ വെച്ചാൽ മതി. അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി, റഷ്യ മുതലായ രാജ്യങ്ങളിൽ യുദ്ധത്തിൻെറ ആവശ്യത്തലേക്കായിട്ടുള്ള ആഹാരസാധനങ്ങൾ എല്ലാം കൃത്രിമവളം ഉപയോഗിച്ച് ഉല്പാദിപ്പിക്കയാണ് ചെയ്തതു്. ഇതുമൂലം വിളവ് സാധാരണ ഉള്ളതിൽനിന്നും പതിമടങ്ങ് വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

സസ്യങ്ങളുടെ വളർച്ചമൂലം ഭൂമിയുടെ ഫലഭൂയിഷ്ഠത കുറയുകയാണല്ലോ ചെയ്യുന്നതു്. എന്നാൽ പയറുവർഗ്ഗത്തിൽപെട്ട ധാന്യങ്ങൾ കൃഷിചെയ്താൽ ഇവ മൂലമുണ്ടാകുന്ന ഭൂമിയുടെ പോഷകാംശം വർദ്ധിച്ചുകാണുന്നതാണ്. ഈ ഇനത്തിൽപെട്ട ചെടികളുടെ വേരുകൾക്കുള്ളിൽ അണുജീവികളായ ഒരുതരം ബാക്ടീറിയ വളരുന്നുണ്ട്. ഇവ സ്വപരിപോഷണാർത്ഥം വായുവിലുള്ള പാക്യജനകം അതായതു് നൈട്രജൻ ആസ്വദിച്ച് സസ്യങ്ങളുടെ വളർച്ചക്ക് ആവശ്യമായ വസ്തുക്കൾ ഭൂമിയിൽ നിർമ്മിക്കുന്നു. അതുകൊണ്ട് മററു കൃഷികൾ തുടർച്ചയായി ചെയ്തുകൊണ്ടുവരുന്ന ഭൂമികളിൽ ഇടക്കിടക്ക് പയറുവർഗ്ഗത്തിൽപെട്ട ധാന്യങ്ങൾ കൃഷിചെയ്യുന്നതു് വളരെ നല്ലതാണ്. ഇതു് കണ്ടുപിടിച്ച് ഈ രീതി നടപ്പിൽ വരുത്തിയതു് ശാസ്ത്രീയ കൃഷിയുടെ മറെറാരു പ്രധാനമായ നേട്ടമാണ്.

കൃഷിക്കു എപ്പോഴും നല്ലതരം വിത്തു് അത്യാവശ്യമാണ്. ഈ സംഗതിയിലും കാർഷികഗവേഷകന്മാരുടെ ശ്രദ്ധ കാര്യമായി പതിഞ്ഞിട്ടുണ്ട്. ഇവരുടെ പരീക്ഷണങ്ങളുടെയും ശ്രമങ്ങളുടെയും ഫലമായി വളരെ ഉന്നതരം വിത്തുകൾ തിരഞ്ഞെടുക്കുവാനും നിർമ്മിക്കുവാനും സാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ നല്ലതരം വിത്തുകൾ തിരഞ്ഞെടുക്കുകയായിരുന്നു ചെയ്തിരുന്നതു്. എന്നാൽ ഇപ്പോൾ സസ്യലോകത്തിലുള്ള സ്ത്രീപുരുഷവ്യത്യാസത്തെ ആസ്പദമാക്കി കൃത്രിമമായ സമ്മിശ്രബീജസങ്കലനം നിമിത്തം വളരെ ഉപരിയായതരം വിത്തുകൾ നിർമ്മിച്ച് എടുക്കുവാൻ ശാസ്ത്രജ്ഞന്മാർക്ക് സാധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സൃഷ്ടിനിയന്ത്രണം നിമിത്തം പുഷ്ടി, ആരോഗ്യം, വിളവുവർദ്ധനവ് മുതലായ പ്രധാന ഗുണങ്ങൾ വിത്തുകളിൽ ഉല്പാദിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. കൃഷിക്കാരുടെ ആവശ്യത്തിനായി ഇത്തരം വിത്തുകൾ ഇപ്പോൾ ധാരാളമായി വിതരണം ചെയ്തുവരുന്നു. ഇതിന്നു് ഉദാഹരണങ്ങളായി ഇന്ത്യയിൽ ജി. ഇ. ബി. ൨൪, ഏ. ഡി. ററി. ൮, ബസ്മതി ൩൭൦, എന്നീതരം നെല്ല്, പി. ഓ. ജെ. ൨൮൭൮, സിഒ ൪൧൯, സിഒ ൨൧൩, എന്നീതരം കരിമ്പ്. പൂസാ ൪, ന്യൂ പൂസാ, പൂസ ൧൬൫, പിബി ൧൮, പിബി ൮. ഏ എന്നീ ഗോതമ്പ്, സിഒ ൪, ബിസി ൧൧ എച്ച് ൧ എന്നീതരം പരുത്തി മുതലായവ പ്രത്യേകം പ്രസ്താവ്യമാണ്.

എല്ലാം ജീവനുള്ള വസ്തുക്കളുടേയും ഏററവും കുറഞ്ഞ പരിമാണ വിഭാഗത്തെ സെൽ അല്ലെങ്കിൽ കോഷ്ഠം എന്നു് പറയപ്പെടുന്നു. ഓരോ സെല്ലിനെയും തേനീച്ചക്കൂട്ടിലെ ഒരു ചെറിയ അറയോട് ഉപമിക്കാം. അനേകം ചെറിയ അറകൾ കൂടിച്ചേർന്ന് ഒരു (തേനീച്ച) തേൻ അട ഉണ്ടാകുന്നമാതിരി അനേകം ചെറിയ കോഷ്ഠങ്ങൾ കൂടിച്ചേർന്ന് ഒരുചെടിയായി തീരുന്നു. മൈക്രോസ്കോപ്പിൽകൂടെ പരിശോധിച്ചുനോക്കിയാൽ ഓരോകോഷ്ഠത്തിനകത്തും ന്യൂക്ലിയസ് എന്നറിയപ്പെടുന്ന ഒരു ഇരുണ്ട പ്രത്യേകകേന്ദ്രം കാണാം. ന്യൂക്ലിയസ്സിന്നകത്തു് പിരിഞ്ഞു് ഇരുണ്ട ചില വള്ളികൾ ഉണ്ട്. ഇവയെ ക്രോമോസോംസ് എന്നു് വിളിച്ചുവരുന്നു. ക്രോമോസോമുകളുടെ എണ്ണം ഒരു ചെടിയുടെ വർഗ്ഗത്തെയും ഇനത്തെയും ആശ്രയിച്ചിരിക്കും. നെല്ലിന് ൧൨ ക്രോമോസോമുകളാണ് ഉള്ളതു്. തെങ്ങിന് ൧൬, കരിമ്പിന് ൧൮, എള്ളിന് ൨൬, വാഴയ്ക്കു് ൩൩, എന്നീ കണക്കിന് ക്രോമോസോമുകളുണ്ട്. സസ്യലോകത്തിൽ ഒരേഇനത്തിലുള്ള കുറേ അധികം ചെടികളെ പരിശോധിച്ചുനോക്കിയാൽ അവയിൽചിലതു് മററുള്ളവയെ അപേക്ഷിച്ച് വളരെ കൂടുതൽ വലിപ്പവും, പുഷ്ടിയും ഗുണവും ഉള്ളവയായി പ്രകൃതിയിൽതന്നെ കാണാം. ഈ വിധത്തിലുള്ള ചെടികളുടെ ക്രോമോസോം സംഖ്യപരിശോധിച്ചപ്പോൾ ഇവയെല്ലാം അടിസ്ഥാനനമ്പ്രിൽനിന്നും ഒന്നോരണ്ടോ മടങ്ങ് ഇരട്ടിച്ച് സംഖ്യകണ്ടുവന്നു. അതായതു് അടിസ്ഥാനസംഖ്യ ൧൨ ആയിരുന്നതു് ഇരുപത്തിനാലോ മുപ്പത്തിആറോ ആയി കണ്ടുവന്നു. ക്രോമോസോം സംഖ്യ ഇരട്ടിച്ചാൽ ഒരേ ഇനത്തിൽപെട്ട സസ്യങ്ങൾക്ക് ഗുണവും വലിപ്പവും കൂടുന്നു എന്നു് ഇതിൽനിന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കൃത്രിമമായി ഇതു വരുത്തുന്നതിന്നു് കാർഷികഗവേഷകന്മാർ ശ്രമം തുടങ്ങി. എക്സ്റേ, അൾട്രാവയലററ്റേ, ഇൻഫ്രാറെഡ്റേ കെമിക്കൽസ് മുതലായവ ഉപയോഗിച്ചു പല പരീക്ഷണങ്ങളും നടത്തിയതിൻെറ ഫലമായി കോൾച്ചിസീൻ എന്നറിയപ്പെടുന്ന മരുന്നു ഉപയോഗിച്ചാൽ ഇതു സാധിക്കുമെന്നു് കണ്ടുപിടിക്കുകയും ചെയ്തു. ഇപ്പോൾ ഈ ആവശ്യത്തിലേക്കായി എല്ലാരാജ്യങ്ങളിലും കോൾച്ചിസീൻ പ്രയോഗം ധാരാളമായി ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരത്തുള്ള മരച്ചീനി ഗവേഷണകേന്ദ്രത്തിൽ കോൾച്ചിസീൻ ഉപയോഗിച്ച് മരക്കിഴങ്ങിൻെറ വലിപ്പവും മാവിൻെറ അളവും നാലിരട്ടിയായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പക്ഷെ ഇതോടുകൂടി കിഴങ്ങിൻെറ കട്ടും വർദ്ധിച്ചുകണ്ടു. കട്ടുകുറച്ച് കിഴങ്ങിൻെറ വലിപ്പവും ഗുണവും മാത്രം വർദ്ധിപ്പിക്കുവാനുള്ള പരീക്ഷണങ്ങൾ ഇപ്പോൾ ചെയ്തുവരികയാണ്. നിരന്തരപരിശ്രമംകൊണ്ട് അടുത്ത ഭാവിയിൽതന്നെ ഇതും സാധിക്കുമെന്നു് നമുക്കു് നിശ്ചയമായും പ്രതീക്ഷിക്കാം.

ശാസ്ത്രീയകൃഷിയിൽ മറെറാരുപ്രധാനമായ കണ്ടുപിടിത്തം റഷ്യയിലാണ്. ഇതിന്നു് വേർണലൈസേഷൻ എന്നു് പറഞ്ഞുവരുന്നു. ഇതു് കണ്ടുപിടിച്ചതു് ലൈസങ്കോ എന്ന സുപ്രസിദ്ധ ശാസ്ത്രജ്ഞനാണ്. റഷ്യയിൽ സൈബീരിയാ എന്നസ്ഥലം ശീതമേഖലയിൽ സ്ഥിതിചെയ്യുകയാണ്. ഭയങ്കരമായ മഞ്ഞും തണുപ്പുംമൂലം അവിടത്തെ കാലാവസ്ഥ കൃഷിക്കു് ഒട്ടുംതന്നെ പററിയതല്ല. ആണ്ടിൽ കഷ്ടിച്ച് രണ്ടുമാസക്കാലത്തേക്കു് മാത്രമെ അവിടെ സസ്യജീവിതം സാധ്യമുള്ളു. ഇത്രയും കുറഞ്ഞസമയത്തിനുള്ളിൽ അതു തണുപ്പത്തു് കൃഷിചെയ്തു വിളവ് എടുക്കുവാൻ പററിയതരം വിത്തുകൾ ഇല്ലാതിരുന്നതിനാൽ സൈബീരിയായിൽ അനേകം ആയിരം ചതുരശ്രമൈൽ ഭൂമി വെറും തരിശായി കിടക്കുകയായിരുന്നു. ഇവിടെ ഗോതമ്പ് കൃഷിചെയ്തു വിളവ് എടുക്കേണമെന്നു് ലൈസങ്കോവിന്നു് ആഗ്രഹംതോന്നി. ഗോതമ്പ് ചെടിയുടെ വളർച്ചയിൽ ഉൾക്കൊള്ളുന്ന മുഖ്യ അദ്ധ്യായങ്ങളെപ്പററി ഇദ്ദേഹം കൂലംകഷമായി പഠനംനടത്തി. സാധാരണയായി ഒരു ചെടിയുടെ വിത്തു് മുളച്ച് തയ്യ് ആയി, അതു വീണ്ടും വളർന്ന് നല്ല മൂപ്പ്ചെന്ന ചെടിയായി കുറച്ചുകാലംകൂടി കഴിയുമ്പോൾ ആണല്ലോ അതിൽ പുഷ്പങ്ങൾ ഉത്ഭവിക്കുന്നതു്. എന്നാൽ ലൈസങ്കോവിൻെറ ഗവേഷണങ്ങളുടെ ഫലമായി ഒരു ചെടയുടെ വളർച്ചയും പുഷ്പോല്പാദനവും ആയി വലിയബന്ധം ഒന്നും ഇല്ലയെന്നു കണ്ടു് ഈ തത്വത്തെ അടിസ്ഥാനമാക്കി ഒരു ചെടിയുടെ ജീവിതത്തിൽ പൂർണ്ണമായ വളർച്ചക്കു് ആവശ്യമായ സമയം വളരെ കുറപ്പിക്കുവാൻ സാധിച്ചു. ഇതു് വരുത്തുന്നതിനായി വിത്തു് ആദ്യംതന്നെ വെള്ളത്തിൽ ഇട്ട് കുതിർത്തു പിന്നീട് മുളപ്പിക്കുന്നു. മുളവന്നവയെ ഉടൻതന്നെ കൂടുതൽ വളർച്ചയെ തടയുന്നതിന്നായി വളരെ തണുപ്പുള്ള ഒരു പ്രത്യേകം അറയിൽ കുറച്ച് ദിവസത്തേക്കു സൂക്ഷിച്ചുവെക്കുന്നു. ഇതിന്നശേഷം ഈ വിത്തുകളെ കുറെ സമയത്തേക്ക് ചൂടുകൊള്ളിപ്പിക്കുകയും, പിന്നീട് കുറെസമയത്തേക്കു് സൂര്യപ്രകാശത്തോട് ഏററവും സാമ്യമുള്ളതരം വെളിച്ചം തട്ടിപ്പിക്കുകയും പിന്നീട് കുറേനേരത്തേക്കു് ഈർപ്പം തട്ടിപ്പിക്കുകയും മററും ചെയ്യുന്നു. പ്രകൃതിയിൽ ഒരു ചെടിയുടെ വിത്തു് മുളച്ചു് പൂർണ്ണമായ വളർച്ച പ്രാപിച്ചുചേരുന്ന സമയത്തിന്നിടക്കു് അതിന്നു് ലഭിക്കുന്നതായ തണുപ്പ്, ചൂട്, സൂര്യപ്രകാശം, ഈർപ്പം മുതലായവ മുളച്ചവിത്തിന്നുതന്നെ കൃത്രിമമായി കൊടുക്കുന്നു. ഈവിധത്തിൽ ചികത്സ ചെയ്ത വിത്തു് വയലുകളിൽ വിതച്ചാൽ അതു് എത്രയും വേഗത്തിൽ പിടിച്ചു് വലുതാവുകയും മൂപ്പ് വരികയും അവയിൽ ഉടൻതന്നെ പുഷ്പങ്ങൾ ഉത്ഭവിക്കുകയും പൂക്കുലകൾ ഏറെ താമസിയാതെ കതിരാവുകയും വിളയുകയും മററും ചെയ്യുന്നു. ഈ പ്രയോഗംകൊണ്ടു് ഗോതമ്പ വിതച്ചു് വിളവ് എടുക്കുവാനുള്ള സമയം മൂന്നു് ആഴ്ചയോളം കുറപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. വേർണലൈസ് ചെയ്ത വിത്തുകൾ ഉപയോഗിച്ചു് സൈബീരിയായിൽ ൨൫ ലക്ഷം ഏക്കർ തരിശായി കിടന്നിരുന്ന ഭൂമി കൃഷിക്കു് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്.

ഫലവൃക്ഷങ്ങളെ നന്നാക്കുന്ന കാര്യത്തിലും ശാസ്ത്രീയകൃഷിയിൽ വളരെ പുരോഗമനം ഉണ്ടായിട്ടുണ്ട്. മാവ്, പ്ലാവ്, സപ്പോട്ട മുതലായ വൃക്ഷങ്ങൾ വിത്തിൽനിന്നും മുളപ്പിച്ചു് എടുക്കുന്നതിന്നു് പകരം ഇപ്പോൾ ഒട്ടിച്ചു് എടുക്കുകയാണല്ലൊ ചെയ്തുവരുന്നതു്. ഇതിൻെറ തത്വം കണ്ടുപിടിച്ചു് ഈ സമ്പ്രദായം നടപ്പിലാക്കിയതു്, ശാസ്ത്രീയകൃഷിയുടെ മ

(ശേഷം ഏഴാംപേജിൽ)

(അഞ്ചാംപേജിൽനിന്നും തുടർച്ച)

വാനായി എന്നുള്ളതും ഒരു ദീർഘായുർയോഗമാണെന്നല്ലേ വിചാരിക്കേണ്ടതു്? ദീഘായുസ്സ് ൯൦ വയസ്സിനു മേലാണല്ലോ.

ഇനി ൧൦-ാംഭാവത്തിനും ആയുസ്സിൻെറ കാര്യത്തിൽ അല്പം ഫലമില്ലാതില്ല. അങ്ങനെയാണെങ്കിൽ ൧൦-ാം ഭാവാധിപൻെറ അഷ്ടമദൃഷ്ടി ൧൦-ൽ തന്നെ വീഴുന്നതും, ശുഭനായ ശുക്രൻെറ ദൃഷ്ടിയും വ്യാഴത്തിൻെ ദൃഷ്ടിയും വീണ്ടും അവിടെ വീഴുന്നതും ദീർഘായുഷ്കരമാണെന്നു പറയണം, അതു് പോകട്ടെ

ദീർഘായുസ്സ്, ആരോഗ്യം, മുതലായവയെ ചെയ്യുന്ന ഒരു പ്രധാനയോഗം ലഗ്നംമുതൽ ൪-ാംഭാവംവരെ തുടരെ ഗ്രഹങ്ങൾ നില്ക്കുകയെന്നുള്ളതാണ്. പണ്ഡിററ്ജിയുടെ ജാതകത്തിൽ ലഗ്നംതുടങ്ങി ൪-ാംഭാവംവരെ നോക്കുക. ഒരു സ്വക്ഷേത്രഗ്രഹത്തിൽ തുടങ്ങി മറെറാരുസ്വക്ഷേത്രഗ്രഹത്തിലാണ് ഈ ശൃംഖല അവസാനിക്കുന്നതു്. ഇതും ദീർഘായുഷ്കരമല്ലേ?

നാലാംകേന്ദ്രത്തിൽ സ്വക്ഷേത്രവാനായി നിൽക്കുന്ന ശുക്രൻ മാളവമഹായോഗകാരകനാണ്. മാളവയോഗജാതനു് ൬൦-വയസ്സിനുമേൽ ആയുസ്സ് പറയണം.

ലഗ്നംമുതൽ ൩ രാശികളിലായി സപ്തഗ്രഹങ്ങൾ നിന്നാൽ എന്താണ് ഫലം? ആയുസ്സിൻെറ കാര്യത്തിൽ യോഗത്തിനു് അത്രതന്നെ ശക്തിയില്ലെന്നുണ്ടോ? ഈമാതിരി സംശയങ്ങൾ പലതും നിവാരണംചെയ്യപ്പെടേണ്ടതായി ശേഷിക്കുന്നു. അറിവുള്ളവരാരെങ്കിലും അതിനുവേണ്ടി ഉദ്യമിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

—o—

## അഭിപ്രായത്തിനു കിട്ടിയിട്ടുള്ള പുസ്തകങ്ങൾ

ലേഖമാല—ഗ്രന്ഥകർത്താ, ജി. ശങ്കരക്കുറുപ്പ്. പ്രസാധകന്മാർ, വെള്ളിനേഴി പബ്ലിഷിംഗ് ഹൗസ്, പാലക്കാട്. വില രൂ. ൧ അ. ൪. പേജ് ൧൧൦.

നിറകുടങ്ങൾ—ഗ്രന്ഥകർത്താ, വക്കീൽ പി. മാധവൻ, ആററിങ്ങൽ. വില ഒന്നരരൂപ. പേജ് ൧൩൯.

ഹൃദയാദർശം—വിദ്വാൻ, ടി. സി. യോഹന്നാൻ, കൈരളീമഠം, പത്തനാപുരം വില രൂ. ൧. പേജ് ൺ൦

ആപ്പിൾപ്പൊട്ട്—പരിഭാഷകൻ, എം. ബാലകൃഷ്ണപിള്ള, മംഗളോദയം ലിമിററഡ്, തൃശ്ശൂർ. വില അണ ൧൨. പേജ് ൭൫.

ധനശാസ്ത്രപ്രവേശിക—കെ. ദാമോദരൻ, മംഗളോദയം, തൃശ്ശൂർ. വില രൂപ ൧. പേജ് ൭൦.

വീണ—ഒളപ്പമണ്ണ, മംഗളോദയം തൃശ്ശൂർ വില രൂ. ൧. പേജ് ൪൫.

ഉർവ്വശി—ടി. ആർ, നായർ, മംഗളോദയം തൃശ്ശൂർ വി. ണ. ൧൨. പേജ ൨൪.

രണ്ടു പുഷ്കിൻകഥകൾ—പരിഭാഷകൻ എം. മാധവൻ, മംഗളോദയം, തൃശ്ശൂർ. വി. രൂ. ൧. പേജ് ൪൫.

നഖലാളനങ്ങൾ ഇ. എം. കോവൂർ ബി. ഏ. ബി. എൽ. മംഗളോദയം തൃശ്ശൂർ. വില രൂ. ൧൪ പേജ് ൧൩൧

രാജാങ്കണം—ഗ്രന്ഥകർത്താ, കുട്ടികൃഷ്ണമാരാർ, മംഗളോദയം തൃശ്ശൂർ. വില നാലുറുപ്പിക പേജ് ൩൭൫.

—:*:—

# നാണയങ്ങളുടെ ഉത്ഭവം

(പത്തനംതിട്ട എ. മുഹമ്മദ്)

ലോകത്തിൽ മനുഷ്യനുണ്ടായിട്ടു എത്രയോകോടി വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നു സൂക്ഷ്മമായിപ്പറയത്തക്ക യാതൊരു ചരിത്രരേഖകളും നാളതുവരെ നമുക്കു ലഭിച്ചിട്ടില്ല. മനുഷ്യന്റെ ആവശ്യം വളരെ പരിമിതമായിരുന്ന ഒരു കാലം ഉണ്ടായിരുന്നിരിക്കാം. ആവശ്യം വർദ്ധിച്ചതോടുകൂടി സ്വന്തമായി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾകൊണ്ടോ, നേട്ടങ്ങൾകൊണ്ടോ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധ്യമല്ലാതെവന്നു. പരസഹായം ആവശ്യമായിത്തീർന്നു. ആവശ്യത്തിൽ കവിഞ്ഞുള്ള ഉല്പന്നങ്ങളെ അന്യനു കൊടുത്തശേഷം ഇല്ലാത്തതും തികയാത്തതുമായ സാധനങ്ങൾ മനുഷ്യർ കൈമാറിത്തുടങ്ങി. ഇപ്രകാരം ഓരോരുത്തരും സാധനങ്ങൾ കൈമാറി ജീവിക്കുന്നതിനു നിർബന്ധിതരായിത്തീരുന്നു. ഓരോ മനുഷ്യനും ഓരോ കച്ചവടക്കാരനും മാനവസമുദായം പൊതുവെ ഒരു കച്ചവടസമൂഹവും ആയിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നിരിക്കണമെന്നത്രെ, സുപ്രസിദ്ധ ചിന്തകനും പ്രസിദ്ധ ആംഗലസാഹിത്യകാരനുമായിരുന്ന പ്രൊഫസ്സർ ആഡംസ്മിത്ത് അഭിപ്രായപ്പെടുന്നതു്.

സാധനങ്ങൾ കൈമാറി ജീവിക്കുന്ന ഒരു സമ്പ്രദായം പുരാതനകാലങ്ങളിൽ വളരെ പ്രചാരത്തിൽ ഇരുന്നിരുന്നുവെങ്കിലും അതു വലിയ പ്രയാസത്തോടുകൂടിയാണു നിർവ്വഹിക്കപ്പെട്ടിരുന്നതു്. ഒരു വ്യക്തിക്കു ഒരു പ്രത്യേകസാധനം അധീകരിക്കുകയും — അതേ സാധനംതന്നെ അന്യന്‍ അധികമായിത്തീരുകയും ചെയ്യുന്നപക്ഷം അവർതമ്മിൽ യാതൊരു വ്യാപാരവും നടത്തുവാൻ സാധിക്കാതെ വരുന്നു. അധീകരിച്ച സാധനങ്ങളുമായി അത്യാവശ്യമുള്ള ആളുകളെ അന്വേഷിച്ചു നടക്കേണ്ട ഒരു വലിയ പ്രയാസം വന്നുചേരുന്നു. ഇതിന്റെ പരിഹാരത്തിനായി ഓരോ കാലഘട്ടങ്ങളിലും ബുദ്ധിയും സാമർത്ഥ്യവും ഉള്ള ആളുകൾ ആരും നിഷേധിക്കാത്ത ചില പ്രത്യേകസാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങി. ഇങ്ങനെയുള്ള പല സാധനങ്ങളും പഴയകാലങ്ങളിൽ നടപ്പിലിരുന്നതായി പൂർവ്വികചരിത്രങ്ങൾ പറയുന്നുണ്ടു്. പൗരാണികകാലങ്ങളിൽ അബിസീനിയരാജ്യത്തു ഉപ്പും, ഇൻഡ്യയുടെ തീരപ്രദേശങ്ങളിൽ കക്കയും, ന്യൂഹൌണ്ട് രാജ്യത്തിൽ, കോഡുമത്സ്യവും (Cod Fish) വെസ്റ്റ് ഇൻഡീസിൽ പഞ്ചസാരയും, മറ്റുചില രാജ്യങ്ങളിൽ തുകലും നാണയങ്ങൾക്കു പകരം നടപ്പിലിരുന്നതായി കാണുവാൻ സാധിക്കും.

സംസ്കാരത്തിൽ സ്വല്പം പുരോഗമിച്ചിരുന്ന സമുദായക്കാർ ചില രാജ്യങ്ങളിൽ ലോഹങ്ങൾ നാണയമായി ഉപയോഗിച്ചിരുന്നു. അതിന്റെ പ്രഥമവും പ്രധാനവുമായ കാരണം ലോഹങ്ങളെ കഷണങ്ങൾ ആക്കാനുള്ള പ്രയാസക്കുറവുകൊണ്ടും, പെട്ടെന്നു കേടുസംഭവിക്കാത്തതുകൊണ്ടും ആയിരുന്നിരിക്കണം. വിവിധകാലഘട്ടങ്ങളിൽ ഓരോ ജനസമൂഹങ്ങളും, ഓരോജാതിലോഹങ്ങൾ ഇതേ ആവശ്യത്തിനായി ഉപയോഗിച്ചിരുന്നതായി കാണാം. ഹോമറുടെ കാലത്തോ അതിനടുത്തോ ഗ്രീസിൽ ഇരുമ്പും, റോമിൽ ചെമ്പും നാണയങ്ങളായി ഉപയോഗിച്ചിരുന്നതായി മനസ്സിലാക്കാം. വ്യവസായത്തിലും ധനശക്തിയിലും അഭിവൃദ്ധിപ്പെട്ടിരുന്ന ചില സമുദായക്കാർ സ്വർണ്ണവും വെള്ളിയും സാധനവിനിമയം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്നു.

ആദിമകാലങ്ങളിൽ മുദ്രണം ചെയ്യാത്ത കട്ടിയായ ലോഹക്കഷണങ്ങളാണു നാണയങ്ങളായി ഉപയോഗപ്പെടുത്തിയിരുന്നതു്. ഇതിനു രണ്ടുവിധത്തിലുള്ള അസൗകര്യങ്ങൾ ഉണ്ടു്. ഒന്നാമതായി തൂക്കത്തിലുള്ള ക്ലിപ്തമില്ലായ്മയും രണ്ടാമതായി സംസ്കരിക്കപ്പെടാത്ത ലോഹക്കഷണങ്ങളുടെ നൽപ്പതിൽപ്പു നിശ്ചയിക്കാനുള്ള പ്രയാസവും. സാധാരണലോഹങ്ങളെ അപേക്ഷിച്ചു അപൂർവ്വവും കൂടുതൽ വിലപ്പിടിപ്പുള്ളതുമായ സ്വർണ്ണം മുതലായ ലോഹങ്ങളെ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന ചെറിയ പിശകുകൾ വലിയ നഷ്ടങ്ങൾക്കു കാരണമായിത്തീരുന്നതുകൊണ്ടു് വളരെ സൂക്ഷ്മമായിട്ടുകൂടി തൂക്കുന്നതിനും അതിനു പറ്റിയ ഉപകരണങ്ങളും എപ്പോഴും ആവശ്യമായിവരുന്നു. പ്രത്യേകിച്ചു അതിന്റെ സ്വയമ്പു നിർണ്ണയിക്കുന്നതു ഇതിലും പ്രയാസമേറിയതായിത്തീരുന്നു. അതായതു് ഓരോ കച്ചവടം നടക്കുന്ന അവസരത്തിലും കച്ചവടക്കാരൻ സ്വർണ്ണം ഉരുക്കി മാറ്റുനിശ്ചയിച്ചു കച്ചവടം നടത്തേണ്ടിവരുന്നു. ആവശ്യം സൃഷ്ടിയുടെ മാതാവാണല്ലോ. നഷ്ടങ്ങൾ പരിഹരിക്കപ്പെടുന്നതിനായി കാലാന്തരത്തിൽ ചില പ്രത്യേകരീതിയിലും അളവിലും ഉള്ള പൊതു അംഗീകാരം സിദ്ധിച്ച അടയാളങ്ങൾ കൊത്തിയ ചില പ്രത്യേക ലോഹങ്ങൾ സാധനങ്ങൾ ക്രയവിക്രയംചെയ്യുന്നതിനു ഉപയോഗിച്ചുവന്നു. അങ്ങനെ സ്റ്റാമ്പുകൾ (അടയാളങ്ങൾ) പതിച്ച നാണയങ്ങളും അച്ചുകളും ഉണ്ടായി.

ആദികാലങ്ങളിൽ പൊതു അടയാളങ്ങൾ പതിച്ചിരുന്നതു അവയുടെ സ്വയമ്പുതെളിയിക്കുന്നതിനല്ലാതെ തൂക്കം നിശ്ചയിക്കുന്നതിനല്ലായിരുന്നുവെന്നുള്ളതിനു പലേ രേഖകളും കണ്ടുകിട്ടീട്ടുണ്ടു്. ആ കാലങ്ങളിൽ ഒരുവശത്തുമാത്രം മുദ്രയടിച്ചിട്ടുള്ള നാണയങ്ങൾ എണ്ണി തിട്ടപ്പെടുത്താതെ തൂക്കി എടുത്തിട്ടുള്ളതായി ചരിത്രരേഖകൾ ഉണ്ടു്. ഇംഗ്ലണ്ടിൽ മഹാനായ വില്യംചക്രവർത്തിയുടെ കാലത്തു ഗവർമ്മെന്റുഖജനാവുകളിൽ മുദ്രപതിച്ച നാണയങ്ങളും ലോഹക്കഷണങ്ങളും എണ്ണി എടുക്കാതെ തൂക്കി എടുത്തിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിക്കുന്നു. കാലക്രമേണ നാണയങ്ങളെ വളരെ വളരെ സൂക്ഷ്മത്തോടുകൂടി തൂക്കിഎടുക്കുന്നതിനുള്ള പ്രയാസത്തിൽനിന്നും രക്ഷപ്പെടുന്നതിനും കള്ളനാണയങ്ങളുടെ ഉത്ഭവങ്ങളെ തടയുന്നതിനുംവേണ്ടി പ്രത്യേകആകൃതിയിലും തൂക്കത്തിലും ഉള്ള ലോഹക്കഷണങ്ങളുടെ രണ്ടു വശങ്ങളിലും, ആവശ്യാനുസരണം അരികിൽകൂടിയും സ്റ്റാമ്പുകൾ പതിച്ചുള്ള നാണയങ്ങൾ ഉത്ഭവിച്ചു. അവകളെ എണ്ണി തിട്ടപ്പെടുത്തി ഇന്നത്തെ രീതിയിൽ കൈമാറുന്നതുപോലുള്ള സമ്പ്രദായങ്ങൾ നടപ്പിലായി.

ഇന്നുകാണുന്ന കറൻസിനോട്ടുകൾ നാണയങ്ങളുടെ മാറ്റവും പരിഷ്കരിച്ച രൂപങ്ങളാണെങ്കിലും അതിന്റെ വില അതു പുറപ്പെടുവിപ്പിക്കുന്ന ഗവർമ്മെന്റുകളുടെ മതിപ്പിനേയും സാമ്പത്തികശക്തിയേയും ആശ്രയിച്ചിരിക്കുന്നു. അടുത്തകാലംവരെ വലിയ വിലകൾ കല്പിച്ചിരുന്ന ജപ്പാൻനോട്ടുകളും ജർമ്മൻനോട്ടുകളും സാധാരണ വെള്ളക്കടലാസ്സുകളെക്കാൾ വിലയില്ലാതെയായിത്തീർന്നതു വായനക്കാർ ഓർക്കുമല്ലോ.

—o—

ഹിന്ദീ സ്വയം ശിക്ഷക്
വില രൂ. ൧. ണ. ൮.
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം



Ad. No. S. 10.

# ബലിത്തറ

തൈയ്ക്കാട്ട് ചന്ദ്രശേഖരൻനായർ



ആരെനിയ്ക്കുകുമൊരാറടിബ്ഭൂമി മൽ-
ഭാരമൊഴിച്ചുശയിച്ചുറങ്ങീടുവാൻ?
നീറിനീറിപ്പുകയുന്ന നിശ്വാസമൊ-
ന്നാറിയീവിശ്രമത്തിനെപ്പുൽകുവാൻ?
ആത്മാർത്ഥതയെന്നറിയുമെൻ വ്യാമോഹ-
സത്തമംതകർത്തുതരിപ്പണമാക്കുവാൻ?
വഞ്ചനകൊണ്ടെഴും ലൗകികതത്വത്തിൻെറ
സഞ്ചിതപാപത്തെഹോമിച്ചുടക്കുവാൻ?
പൊള്ളിത്തുടങ്ങുമീയേകാന്തതയിനി-
ക്കൊള്ളിവച്ചീടാതടങ്ങുവതെങ്ങനെ!
ആളുംപൊരുളുമില്ലാത്തവനെൻെറമേൽ
നീളാൻസഹതാപമിററമിങ്ങില്ലയോ!
സ്നേഹിതർ, കാവ്യസമീക്ഷകർ— ആരുമേ
ദാഹിയ്ക്കുമെന്നിൽകനിവരുളീടണേ!
നിങ്ങൾതൻഭിക്ഷതാൻ കാമ്യമെനി,യ്ക്കെൻെറ
ഭംഗബന്ധുവിത്ത സംഭാവനയിലും;
ശ്വാസമടക്കിഞാൻ വിശ്രമിയ്ക്കുമ്പൊഴ-
മാ സമീപത്തിൽവരാതിരുന്നാൽമതി
മൽത്താരിളംതൊത്തു ചാർത്തിത്തുടിയ്ക്കുന്ന
പൊൽത്തേനരവിൽതടഞ്ഞപൊന്നംബ്ലികൾ!
നേരിട്ടണിയാൻവിടാതെമൽപുഷ്പക-
ഹാരങ്ങളെത്തെറിപ്പിച്ചവരാണവർ?
കുഞ്ഞിലേചേർന്നവിശുദ്ധരാഗത്തിനെ
ബഞ്ജിച്ചെറിയാൻ മുതിർന്നവരാണവർ!
ഇപ്പിച്ചതെണ്ടിതൻ പാളയിൽശേഷിച്ച
ചിപ്പികൾ വല്ലതുമുണ്ടെങ്കിലദ്ദിനം
എത്താതിരിക്കുമോ, വീത്ത,വകാശങ്ങൾ
തത്തിപ്പിടിയ്ക്കാതെയുംനിങ്ങൾ, മാന്യരേ!
വാസ്തവം—എൻെറ ശവംപോലുമക്കൂട്ടർ
വസ്തുവുടമസ്ഥർ, കാണാതിരിക്കണം!
തോഴരാരെങ്കിലും വന്നടൻ തെല്ലുമേ
കേഴാതെമൽശവദാഹംകഴിയ്ക്കണം;
നിസ്വാർത്ഥനാഭ്രേഹമോടിതും ചൊല്ലിഞാ-
നസ്വാസ്ഥതവളത്തിടിൽ പൊറുക്കണം?
തപ്തവീപ്പേറിത്തുടിച്ചൊരീദിക്കിലെൻ
ശപ്തജന്മത്തിൻ സ്മരണതീർത്തിടണം!
ഈവഴിത്താരയ്ക്കുടുത്തില്ലിമൂളീട്ടും
കാവി,ലിളംചില്ലച്ചുഴം തണലിലായ്,
ശില്പശിലയൊന്നു നീണ്ടുകിടക്കണം
മല്പരമാർത്ഥവിളംബരമായിദം:—
“കാന്തിയുംകാശും കുറഞ്ഞനിർഭാഗ്യവാൻ,
കാന്തയും കുഞ്ഞും തിരിഞ്ഞനിർഭാഗ്യവാൻ!
സത്യവുംനീതിയും വച്ചുപാലിക്കയാൽ
നിത്യവുംകേണു കഴിഞ്ഞനിർഭാഗ്യവാൻ!!
—മിത്രം, ഭവാ,നന്ത്യതല്പംതരുന്നവൻ,
ഇതയ്ക്കുവനെ സ്തുതിയ്ക്കിൻപഥികരേ!”
കാണും, ബലിത്തറയേവമൊരുക്കുവാൻ
കാണിയ്ക്കയല്പമെൻ ഭാണ്ഡത്തിൽ— വന്ദനം!!

# സ്വർഗ്ഗവാതിലിൽ

പാലാ നാരായണൻനായർ.

(പാന.)

വണ്ടുതൊട്ടുഞാൻകണ്ടകിനാവിൻെറ
വിണ്ടലത്തിലേയ്ക്കെത്തുന്നവേളയിൽ
കണ്ടകാകീർണ്ണമെങ്കിലും പൊന്മലർ-
ച്ചെണ്ടണിഞ്ഞതായ്ത്തോന്നുന്നുജീവിതം!

വിണ്ണഴകുഞാൻചുംബിച്ചുനിൽക്കുമ്പോൾ
കണ്ണുനീരിലും കാണുന്നുസുസ്മിതം.
ചേതനയ്ക്കതിൻകൌതുകംപൂൽകുമ്പോൾ
വേദനയ്ക്കണയുന്നു സുഖാമൃതം!

നിർഗ്ഗളിക്കുമീ നീരദപാളിക്കു
ദുഃഖമാണെങ്കിലാകട്ടെമേലിലും
സൗഖ്യമാംമഴവില്ലുദിക്കില്ലയോ? .. ....
സ്വർഗ്ഗവാതിലിൽ പൂവിട്ടുനിൽക്കുവാൻ!

കൈതവം നടിയ്ക്കാതെയെൻജീവിത-
കൈരവത്തിനെ കൈക്കൊണ്ടുകോമളേ!
കൌതുകങ്ങളിൽ തത്തിക്കളിച്ചുഞാൻ
ഭൌതികത്തിലേയ്ക്കാഴുമോ ഭാവിയിൽ?........

# തോട്ടക്കാരൻ

(അക്കിത്തം)

ഒന്നു്.

പൂവിട്ടു പൂവിട്ടു ഞാനെന്റെമുററത്തു
പാവിമുളപ്പിച്ച പാരിജാതം-
നീരെൻകരത്താൽപ്പുലരിയിലന്തിയിൽ-
ക്കോരിനനച്ചോരുപാരിജാതം.

രണ്ടു്

ആദർശശുദ്ധിതിരയടിച്ചീടുമെ-
ന്നാത്മാവിനുള്ള മിന്നുമിന്നപ്പം
ഓമൽക്കലാഭംഗി തുള്ളിത്തുളുമ്പിടും
മാമകഹൃത്തിൻ തുടുതുടുപ്പും
ഒന്നിച്ചിണങ്ങിയോരിപ്പൂവിതളുക-
ളൊന്നുമ്മവെയ്ക്കാൻ കൊതിക്കുമാരും,
മോഹിച്ചതില്ലഞാനെന്നുമയിബ്ഭാഗ്യത്തെ!-
മോദിച്ചിടാമിനിത്തെല്ലുനേരം.
ഞാനാണിതിന്നധികാരിയെന്നോർക്കുമ്പോൾ-
പീനാഭിമാനം വിരിവൂ കണ്ണിൽ-
പൂവിട്ടുനിൽക്കുമിപ്പാരിജാതംപോലെ
പൂർണ്ണമായ്മറെറാന്നില്ലീയുലകിൽ.

മൂന്നു്

ചന്തംവിരിയുന്ന താരകൾതന്മുഖ-
മെന്തിനിമ്മട്ടിൽ വിളറിടുന്നു;
കൊച്ചുകാറെറന്തിനാണോതുന്നതോരോന്നു
പച്ചിലക്കാടിനോടർത്ഥഗർഭം;
എന്തിനോവാരിധി ഗർജ്ജനംചെയ്യുന്നു
വൻതിരക്കൈയുകളോങ്ങിയോങ്ങി?

നാലു്.

എന്തിനായാലും വിലവെയ്ക്കുകില്ലഞാ-
നെ,ൻകരളുച്ചത്തിൽപ്പാടുമെന്നും-
പൂവിട്ടുനിൽക്കുമിപ്പാരിജാതംപോലെ
പൂർണ്ണമായ്മറെറാന്നില്ലീയുലകിൽ.



# ലാഹൂളിൽ

ലാഹൂൾ എന്ന ഉന്നതതടം പശ്ചിമടിബററിനും ഉത്തരപഞ്ചാബിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഈ ചെനാട്ടിന് സമുദ്രനിരപ്പിൽനിന്നും ൧൦,000 അടിയിൽ കുറയാത്ത പൊക്കമുണ്ട്. ചെമ്മരിയാട്ടുകൾക്കും പ്രസിദ്ധിയുള്ള പാഷ്മിനകോലാട്ടുകൾക്കും സ്വൈരമായി മേയുവാൻപററിയ പച്ചപ്പുൽത്തകിടികളും ഇതിലുണ്ട്. ഇവിടത്തെ കാലാവസ്ഥയും ഭൂപ്രകൃതിയും ജനങ്ങളുടെ വേഷച്ചമയം യോജിച്ചതായതിനാൽ ജനങ്ങൾ ബുദ്ധമതക്കാരാണ്. എന്നാലും സ്ത്രീകൾക്ക് ആഭരണാദിവിശേഷവസ്തുക്കളിലുള്ള ആഗ്രഹത്തെ അടക്കിനിർത്തുവാൻ അസാദ്ധ്യമാണ്. വിശേഷദിവസങ്ങളിൽ ലാഹൂൾസ്ത്രീകൾ അംബർ, നീലം, പവിഴം, വെള്ളി മുതലായവകൊണ്ടുള്ള ആഭരണങ്ങൾ ഒന്നായി ചേർത്തണിയുന്നതു് അതിവിചിത്രമായ ഒരു കാഴ്ചതന്നെയാണ്.

ശുദ്ധമനസ്കരും സ്നേഹമുള്ളവരുമായ ഇവരോടുള്ള സമ്പർക്കം തുടർന്നുവരുന്നതിനു ഹിമാലയപർവ്വതപംക്തികൾ തടസ്സമായിരിക്കുന്നു. എന്നാലും ഈ വിദൂരസ്ഥലത്തു ഹമാംസോപ്പ് എങ്ങിനെയോ കടന്നുകൂടിയിരിക്കുന്നു.




ഹമാം

ഭാരതം ഒട്ടാകെ

ഇഷ്ടപ്പെടുന്ന സോപ്പ്

ടാംകോ വില്പനശാല
നമ്പർ 4/117 ട്രിച്ചി
റോഡ്, കോയമ്പത്തൂർ

ദി ടാററാഓയിൽമിൽസ്കമ്പനി
ലിമിറ്റഡ്.

## മസൂരിസിദ്ധചികിത്സ

(ഗ്രന്ഥകർത്താ ഡാ: പി എസ്. നായർ)

മസൂരിയുടെ ഉല്പത്തി, വളർച്ച, കുരുക്കളുടെ വ്യത്യാസം, ചികിത്സ ഇവകളെപ്പററി ശാസ്ത്രീയം പ്രതിപാദിക്കുന്ന ഒരു ഉത്തമ വൈദ്യഗ്രന്ഥം. മസൂരി ബാധിക്കാതിരിക്കുന്നതിനുള്ള അനുഷ്ഠാനമുറകളും 95 വ്യാധികളുടെയും സാദ്ധ്യാസാദ്ധ്യലക്ഷണങ്ങളും ഇതിൽ ചേർത്തിട്ടുണ്ട്. വില ണ. 14.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം

## കാമബാണരസായനം

ശരീരസംബന്ധമായ എല്ലാത്തരം രോഗങ്ങൾക്കും ഞങ്ങളുടെ ഒരുകുപ്പിമരുന്നുകൊണ്ട് പൂർണ്ണസുഖംപ്രാപിക്കാം. ഒരിക്കൽ പരീക്ഷിച്ചു നോക്കി തൃപ്തിയടയുവിൻ. അർദ്ധൌൺസ് കുപ്പി 1-ക്ക് 2-രൂ. 8-ണ.

മാനേജർ,
ബാംബെമെഡിക്കൽഹാൾ കൊല്ലം.

(രണ്ടാംപേജിൽനിന്നും തുടർച്ച)

മായിട്ടാണ് ജപ്പാന്റെ പഴയ വിദ്യാഭ്യാസസമ്പ്രദായത്തെയും അതിന്റെ ഉപകരണങ്ങളെയും പരിഷ്കരിക്കാൻ തുടങ്ങിയതു്. "ജപ്പാന്റെ യഥാർത്ഥമായ ചരിത്രം അവരുടെ കൊച്ചുമക്കളെ പഠിപ്പിക്കണമെന്നാണ് നമ്മുടെ അമേരിക്കൻ സേനാനായകന്റെ ആഗ്രഹം. ഈ പുതിയ പുസ്തകങ്ങളെപ്പററി മിക്കപത്രങ്ങളും വിമർശനങ്ങൾ നടത്തിയെന്നു പറഞ്ഞുവല്ലോ. ഭൂരിഭാഗവും ഇന്നത്തെ പരിഷ്കാരത്തെ അനുകൂലിച്ചു. അപൂർവം ചിലർമാത്രം എതിർത്തു. അവരിലൊരാൾമാത്രം പറഞ്ഞു, സ്പാർട്ടായിലെ ലിയോണിഡാസിനെക്കാളും പ്രാചീനരായിട്ടുള്ള ഒട്ടനവധി ജപ്പാൻവീരപുരുഷന്മാരുടെ പേരുകളിലൊന്നുപോലും മക്കാർതറുടെ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നില്ലെന്ന്. ജപ്പാനിലെ പ്രഥമചക്രവർത്തിയെന്നു വിശ്വസിച്ചുപോരുന്ന ജിമ്മുടെന്നോയുടെയും, കുബ്ലാഖാന്റെ ആക്രമണത്തെ ശിഥിലമാക്കുവാൻ ദേവലോകത്തുനിന്നടിച്ച മാരുതപോതത്തിന്റെയും കഥകളൊന്നും നവീനപാഠ്യപുസ്തകങ്ങളിൽ കാണുന്നതല്ല. 'ചൈനാസംഭവം', പസഫിക്ക്യുദ്ധം, സഖ്യകക്ഷിഅധിനിവേശം തുടങ്ങിയ വിവാദവിഷയങ്ങൾക്കു ഇപ്പോഴത്തെ പുസ്തകങ്ങളിൽ പ്രവേശനം നൽകിയിട്ടുണ്ട്. എന്നാൽ അവയെ അക്കമിട്ടു എണ്ണിവർണ്ണിച്ചിട്ടുള്ളതല്ലാതെ അവയെപ്പററി അവസാനതീരുമാനങ്ങളും അഭിപ്രായങ്ങളും ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ജപ്പാൻജനതയ്ക്കു് അരോചകങ്ങളായ വിഷയങ്ങളാണു [illegible].

ഉദയസൂര്യന്റെ രാജ്യം എന്നാണല്ലോ ജപ്പാനെപ്പററി പറയുന്നതു്. സൂര്യദേവതയിൽനിന്നും ഉണ്ടായവരാണു തങ്ങൾ എന്നു് ജപ്പാൻകാർ വിശ്വസിക്കുന്നു. ഈ ഐതിഹ്യം എല്ലാ ജപ്പാൻകാരനും വിശ്വസിക്കുന്നുണ്ട്. പള്ളിക്കൂടത്തിൽ ഈ ഐതിഹ്യം കുട്ടികൾക്കു പറഞ്ഞുകൊടുത്തുവന്നിരുന്നു. ടോട്ടലിറ്റേറിയൻ പക്ഷപാതികൾ ഈ ഐതിഹ്യത്തെ രാഷ്ട്രീയകാര്യങ്ങൾക്കായി വിനിയോഗിച്ചുതുടങ്ങി. ഈ ഐതിഹ്യം തങ്ങളുടെ ദൈവാധികാരത്തെയും, വർഗ്ഗശ്രേഷ്ഠതയെയും ചൂണ്ടിക്കാണിക്കുന്നതായി അവർ ദുർവ്യാഖ്യാനംചെയ്തു. വർഗ്ഗമഹിമ സിരാതന്ത്രികളിൽ കത്തിക്കയറി രക്തം വിഷമയമാക്കിയതിന്റെ ഫലമായി ജപ്പാൻജനത സാമ്രാജ്യമോഹികളും അഹങ്കാരികളും ആയിത്തീർന്നു. അങ്ങിനെ അവർ രണ്ടാം ലോകമഹായുദ്ധത്തിൽ ചെന്നുചാടി. സമരകുതുകികളുടെ ആഗ്രഹവും ഇതുതന്നെയായിരുന്നു. ട്യൂട്ടോണിക്ക് ഐതിഹ്യങ്ങളിലെ ഓഡിൻ, തോർ തുടങ്ങിയ ദേവന്മാരുടെ പേരുപറഞ്ഞ് വർഗ്ഗമഹിമ സ്ഥാപിച്ചാണല്ലോ ഹിററ്ലരും ജർമ്മൻ ജനതയെ വഞ്ചിച്ച് സ്വാർത്ഥലാഭത്തിനുവേണ്ടി അവരെ ലോകമഹായുദ്ധത്തിനു ഇളക്കിവിട്ടതു്. ഇക്കാര്യത്തിൽ ജർമ്മനിയും ജപ്പാനും തുല്യദുഃഖിതർതന്നെ.

വിദ്യാഭ്യാസരീതിയിൽ വരുത്തുവാനുദ്ദേശിച്ച പരിഷ്കാരങ്ങളിൽ പാഠ്യപുസ്തകപരിഷ്കരണം ശ്രദ്ധേയവും പ്രധാനവും ആണെങ്കിലും അതിനേക്കാൾ പ്രാധാന്യമുള്ള മറെറാന്നുണ്ട്. ജപ്പാനിലെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി യുദ്ധത്തിനു മുമ്പും ഉണ്ടായിരുന്ന ഒരാക്ഷേപം, അതു് ബ്യൂറോക്രസിയുടെ ഒരു യന്ത്രം ആയിരുന്നു എന്നുള്ളതാണ്. ഔദ്യോഗികനയത്തിന്റെ പ്രചരണത്തിനും സ്വീകരണത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് വിദ്യാഭ്യാസസമ്പ്രദായത്തിൽ ആസൂത്രണംചെയ്തിരുന്നതു്. ഭരണീയരുടെ മേൽ ഭരണകർത്താക്കൾ എല്ലാകാര്യങ്ങളും അടിച്ചേൽപ്പിക്കയായിരുന്നല്ലോ അവിടത്തെ പതിവ്. വ്യക്തിസ്വാതന്ത്ര്യം തീരെ ഇല്ലായിരുന്നു. വ്യക്തികൾക്ക് സ്വയം ചിന്തിക്കാൻ പോലും അധികാരം ഇല്ലായിരുന്നു. വേണമെങ്കിൽ ചിന്തിച്ചോട്ടെ പക്ഷെ വെളിയിൽ മിണ്ടിക്കൂടാ. സ്വതന്ത്രചിന്തയ്ക്കു് സ്ഥാനമില്ലാത്ത ഏതൊരു വിദ്യാഭ്യാസരീതിയും വെറും ഒരു പരിഹാസം മാത്രമാണ്. ഔദ്യോഗിക [illegible]ന്റെ അഥവാ ബ്യൂറോക്രസിയുടെ മർദ്ദനത്തിനും നിയന്ത്രണത്തിനും വിധേയമായ യാതൊരു വിദ്യാഭ്യാസസമ്പ്രദായത്തിനും വിശിഷ്ടരായ വ്യക്തികളെ സൃഷ്ടിക്കാൻ കഴിയുന്നതുമല്ല. അങ്ങിനെ കാലാന്തരത്തിൽ ആ നേഷൻ അന്ധതയിലും പരാജയത്തിലും എത്തുന്നു. "അൾട്രാ നാഷണലിസവും, മിലിട്ടറിസവും അതിൽ ഇല്ലെങ്കിൽ തന്നെയും ജപ്പാനിലെ വിദ്യാഭ്യാസരീതി ആധുനികവിദ്യാഭ്യാസസിദ്ധാന്തങ്ങൾക്ക് യോജിക്കുന്നില്ലെന്നും അതു് പരിഷ്കരിക്കേണ്ട കാലം വൈകിയിരിക്കുന്നുവെന്നും" ആണ് അമേരിക്കൻ വിദ്യാഭ്യാസാന്വേഷണസമിതി സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. സങ്കല്പികലോകത്തിൽ ജീവിക്കേണ്ടവരല്ലല്ലോ വിദ്യാർത്ഥികൾ. റിപ്പോർട്ട് തുടരുന്നു:- "ഒരു യഥാർത്ഥലോകത്തിൽ ജീവിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളെ ഒരുക്കുന്ന കാര്യത്തിൽ പഴയ ജപ്പാൻവിദ്യാഭ്യാസപദ്ധതി പരാജയപ്പെടുകയാണ് ചെയ്തതു്. പഠിതാവിന്റെ ആവശ്യം വിഗണിച്ച്, അവന്റെ കഴിവുകളെ ശ്രദ്ധിക്കാതെ, അവന്റെ ഗ്രഹണശക്തിയെപ്പററി ഗണിക്കാതെ അവനിൽ രാജഭക്തിയും, ദേശഭക്തിയും, അന്ധമായ അനുസരണശീലവും കുത്തിവച്ചുകൊണ്ടിരുന്നു. ഈ നിയമം തെററുന്നകാലം അടുത്തിരിക്കുന്നു. അങ്ങിനെ സംഭവിക്കുമ്പോൾ ചികിത്സ രോഗത്തെക്കാൾ വിഷമമുള്ളതായിരിക്കും — ചിന്താനിയന്ത്രണകാര്യാലയം ഏർപ്പെടുത്തിയപ്പോൾ ഉളവായ അവസ്ഥപോലെ."

ഈ അപകടത്തിൽനിന്നും രക്ഷപെടുന്നതിനായി ചില മുൻകരുതലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒന്നാംഗ്രേഡിൽ പഠിക്കുന്ന ആറുവയസ്സുള്ള കുട്ടിക്കു സ്വയം ചിന്തിക്കാനുള്ള അവസരങ്ങൾ കൊടുക്കുന്നു. ഒരാഴ്ചയിലെ ൨൨ മണിക്കൂർനേരത്തെ അദ്ധ്യാപനസമയത്തിനിടയിൽ ഒരു മണിക്കൂർനേരം നിരീക്ഷണത്തിനാണ്. ഉദാഹരണത്തിനായി ഒരു ചെടിക്ക് മുളവരുന്നതും പൂമൊട്ട് വികസിക്കുന്നതുംകണ്ട് സ്വന്തം അഭിപ്രായങ്ങൾ പറവാൻ കുട്ടികളോടു പറയും. എല്ലാ വെള്ളിയാഴ്ചയും ഓരോ മണിക്കൂർനേരം അതുവരെ പഠിച്ച കാര്യങ്ങളെപ്പററി ഒരു ചർച്ച നടത്തും. പ്രാഥമികക്ലാസുകളിലെ അദ്ധ്യയനരീതിയല്ലല്ലോ ഉയർന്നക്ലാസുകളിൽ. അഞ്ചും ആറും ക്ലാസിലെ കുട്ടികൾക്കു വാദപ്രതിവാദത്തിന് പ്രത്യേകം ക്ലാസുകളുണ്ട്. അഞ്ചും ആറും പേരു് ഒരു വട്ടമേശയ്ക്കു ചുററും കൂടിയിരുന്നു ഓരോ വിഷയങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുന്ന പതിവ് ഇപ്പോൾ സാധാരണമാണ്. ഇത്തരം വാദപ്രതിവാദസംഘങ്ങൾക്ക് Discussion Group എന്നാണ് പേർ. ഈ വാദപ്രതിവാദങ്ങളെ നിയന്ത്രിക്കുവാൻ അവരിൽ ഒരാളെത്തന്നെ തിരഞ്ഞെടുക്കുന്ന വ്യവസ്ഥയുണ്ട്. പന്ത്രണ്ടും പതിമൂന്നും വയസ്സുമാത്രം പ്രായമുള്ള ആ കൊച്ചുകുട്ടികൾ ഒരിടത്തിരുന്നു കൺഫ്യൂഷ്യസ്സിന്റെ ജീവിതത്തെയും സിദ്ധാന്തങ്ങളെയുംപററി സ്വതന്ത്രമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു് കേട്ടാൽ ആർക്കാണ് അതിശയം ജനിക്കാതിരിക്കുക?

ജാപ്പനീസ് ലിപി പരിഷ്കരണം മറെറാരു പ്രധാനസംഗതിയാണ്. പ്രാഥമികക്ലാസുകളിലെ കുട്ടികൾക്ക് ജാപ്പനീസ് ലിപി ഒരു വലിയ കീറാമുട്ടിയാണെന്നുള്ളതിൽ തർക്കമില്ല. അവരുടെ സമയത്തിന്റെ നാലിലൊന്നും ഇതിനുവേണ്ടി ചിലവാക്കേണ്ടവരുന്നു. അങ്ങിനെ വലിയ സമയനഷ്ടവും ക്ലേശവും ഏതായാലും ഇന്നത്തെ ചുററുപാടിൽ ലിപിപരിഷ്കരണവും മററും അത്ര എളുപ്പമാണെന്നും തോന്നുന്നില്ല.

വിദ്യാഭ്യാസപരിഷ്കരണവിഷയത്തിൽ ഭരണാധിപന്മാർ കുറെ ധൃതികൂട്ടിപ്പോകുന്നുവെന്ന് അഭിപ്രായമുള്ള ജപ്പാൻകാർ ഉണ്ട്. അവധാനപൂർവം വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങളെയും പഠിച്ചതിനുശേഷംവേണം സ്ഥിരമായ ഒരു പദ്ധതി രൂപവൽക്കരിക്കേണ്ടതെന്നുള്ള അഭിപ്രായം ആദരിച്ചുപോരുന്നുണ്ട്. ഒരു നേഷനെ മുഴുവനും ബാധിക്കുന്ന ഒരു കാര്യം വിശേഷിച്ചും ഭാവിയുടെ അങ്കതലത്തിൽ ഏററവും ഗൗരവമായും ക്ഷമയോടുകൂടിയും, ഏറെ വിശാലതയോടുകൂടിയും തീരുമാനിക്കപ്പെടേണ്ട ഒന്നാണ്. ഐകമത്യത്തിന്റെയും പരസ്പരവിശ്വാസത്തിന്റെയും അടിത്തറയിൽ ഒരു ഏകലോകം കെട്ടിപ്പടുക്കുവാനാഗ്രഹിക്കുന്നവർ അതിനു സഹായകമായ ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് ഏതൊരുരാജ്യത്തും നടപ്പാക്കാനുള്ളതു്. വിശേഷിച്ചും ജപ്പാനെപ്പോലെ ഇന്ന് താറുമാറായിക്കിടക്കുന്ന ഒരു നേഷന്റെ കാര്യത്തിൽ. ഏകദേശം ഒരു നൂററാണ്ടിനു മുമ്പ് ഫ്യൂഡലിസത്തിൽനിന്നും രക്ഷപെട്ട ജപ്പാൻ ഇപ്പോൾ സകലസാമൂഹ്യവ്യവസ്ഥിതികളെയും തട്ടിത്തകർത്ത ഒരു രണ്ടാംലോകമഹായുദ്ധത്തിൽപെട്ട് തകർന്നിരിക്കയാണ്. ജപ്പാന്റെ ഭാവി അന്നാട്ടിലെ കുട്ടികളിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ള ബോധത്തോടുകൂടവേണം ഇന്നത്തെ സഖ്യകക്ഷിഭരണാധികൃതന്മാർ ഏതൊരു വിദ്യാഭ്യാസപദ്ധതിയും ആസൂത്രണം ചെയ്യേണ്ടതു്. ജപ്പാന്റെ ക്ഷേമം യഥാർത്ഥത്തിൽ പൗരസ്ത്യദേശങ്ങളുടെ ക്ഷേമമാണ്. ശസ്ത്രവലംബിയായ ജപ്പാൻ പ്രാചിക്ക് ഒരു തീരാഭാരമായിത്തീരാതിരിക്കട്ടെ.

(ഒരു സ്വതന്ത്രപരിഭാഷ)

—o—

നവഖലിയിലെ മുസൽമാന്മാരുടെ ദുഷ്കൃത്യങ്ങൾകൊണ്ടു് ഉപവാസം അനുഷ്ഠിച്ച

# ബീബി അംതുൽസലാം

—സുശീലാനായർ—

(വിവർത്തകൻ, ജെ. ആർ. ബാലകൃഷ്ണൻനായർ, വക്കീൽ)

ബീബി അംതുൽസലാം തന്റെ ജീവിതത്തിലെ അനേകംവർഷങ്ങൾ ഹിന്ദുമുസ്ലിം ഐക്യത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. പാട്യാലരാജ്യത്തിലെ ഒരു പ്രസിദ്ധ മുസൽമാൻകുടുംബത്തിൽ അവർ ജനിച്ചു, എങ്കിലും തന്റെ കൂടെപ്പിറപ്പായ സുഖങ്ങളെയെല്ലാം ദൂരെ വലിച്ചെറിഞ്ഞിട്ട് ൧൯൩൦-ൽ ഗാന്ധിജിയുടെ ആശ്രമത്തിൽ ചേർന്നു. അപ്പോൾമുതൽ ഗാന്ധിജിയുടെ ആദർശങ്ങളെ അനുസരിച്ച് തന്റെ ജീവിതത്തെ കെട്ടിപ്പടുക്കുന്നതിനു അവർ പ്രയത്നിച്ചിട്ടുണ്ട്. ബാല്യകാലംമുതലേ അവരിൽ 'തിയാസഫി'യുടെ പ്രഭാവം ഉള്ളതുകൊണ്ടു് അവർ എല്ലാമതങ്ങളെയും ഒരുപോലെ ആദരിച്ചുവരുന്നു. ഇപ്പോഴും അവർ ഒരു തികഞ്ഞ മുസ്ലിംതന്നെയാണ്. ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും ഇടയിൽ ഐക്യം സ്ഥാപിക്കുന്നതിനുവേണ്ടി അവർ ൧൯൪൨-ൽ 'ഇത്തെഹാദ്' എന്ന പേരായ ഒരു പ്രതിവാരപത്രവും പുറപ്പെടുവിച്ചു; പക്ഷേ പല കാരണങ്ങൾകൊണ്ടും അതു നിറുത്തേണ്ടിവന്നു.

ബംഗാളിൽ ക്ഷാമബാധയുണ്ടായപ്പോൾ അവർ കിഴക്കേബംഗാളിൽ ചെന്നെത്തുകയും ടിപ്പറാജില്ലയിലെ ആപൽഗ്രസ്തരായ ജനങ്ങളെ വളരെ ശുശ്രൂഷിക്കുകയുംചെയ്തു. പക്ഷെ പ്രബലമായ ഇച്ഛാശക്തി ഉണ്ടായിരുന്നിട്ടും അവരുടെ ശരീരം വളരെ ബലഹീനമായതുകൊണ്ട് തന്റെ നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കാൻ അവർക്കു സേവാഗ്രാമത്തിൽ പോകേണ്ടിവന്നു. ബംഗാളിൽ സാമുദായികവിപ്ലവങ്ങൾ ആരംഭിച്ചു. നവഖലിയിലെ സംഭവങ്ങളുടെ വാർത്ത ലഭിച്ചപ്പോൾ അവർ അസ്വസ്ഥയായി. ഗാന്ധിജി ബംഗാളിൽ എത്തുന്നതിനുമുമ്പുതന്നെ അവർ ചെന്നെത്തുകയും ആപത്തു സംഭവിച്ച സ്ഥലങ്ങളിൽ ശാന്തി സ്ഥാപിക്കുന്നതിൽ ഏർപ്പെടുകയുംചെയ്തു.

## അനശനാരംഭം

അവിടത്തെ സ്ഥിതികണ്ട് അവർക്കു വളരെ ദുഃഖമുണ്ടായി. ആദ്യമായി അവർ ഛൽഘരിയയിൽ പ്രവർത്തനം നടത്തി. പിന്നീട് അവിടെനിന്നും ശിരണ്ഡി ഗ്രാമത്തിലേക്കു പോയി. ചില കാരണങ്ങൾകൊണ്ട്, അവയെ ഇവിടെ ഉല്ലേഖനം ചെയ്യേണ്ട ആവശ്യമില്ല; സഹോദരി അംതുൽസലാം ൧൦൪ ഡിഗ്രി പനി ഉണ്ടായിരുന്നിട്ടും ഉപവാസം ആരംഭിച്ചു.

ഉപവാസത്തിന്റെ ഒൻപതാംദിവസം അവർ എനിക്കു ഒരു പ്രസ്താവന എഴുതി അയച്ചുതന്നു. അതിൽ ആ ഉപവാസത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയിരുന്നു. ഇതിനെക്കുറിച്ച് ഈ സമയത്തു് ഞാൻ അധികമൊന്നും പറയുന്നില്ല. തന്റെ മതത്തിലെ സഹോദരരുടെ ഹൃദയങ്ങളിൽ യഥാർത്ഥമായ പശ്ചാത്താപഭാവന ഉദിപ്പിക്കാനായിരുന്നു അവർ ഉപവാസം ചെയ്തതു് എന്നേ എനിക്കു പറയാനുള്ളൂ. ഉപവാസം തുടർന്നുനിന്നു, എനിക്കു അവരുടെ ജീവനെപ്പററി സംശയംതോന്നി.

ഞങ്ങളെല്ലാം വിവശരും ഇതികർത്തവ്യതാമൂഢരുമായിരുന്നു. ഒരു ബീബിഅംതുൽസലാംമാത്രം ശാന്തയായിരുന്നു. അവർ തന്നെത്തന്നെ ഈശ്വരന്റെ ഇച്ഛയ്ക്കു വിട്ടിരുന്നു, അതേ അവർ മരിക്കാൻ തയാറായിരുന്നു. ഇതു ശ്രദ്ധിക്കേണ്ട പരീക്ഷയായിരുന്നു. ഒടുവിലത്തെ ആഴ്ചയിൽ അവർ പനിനോക്കാൻപോലും നമ്മെ അനുവദിച്ചില്ല. ഞങ്ങളെല്ലാം അവരുടെ മൂത്രം പരിശോധിക്കാൻ ആഗ്രഹിച്ചു. അവർ ഇക്കാര്യവും വിരോധിച്ചു. അവർ പറഞ്ഞു — 'ഇതുകൊണ്ടെന്തു പ്രയോജനം? വിശ്വാസം[illegible]മെന്നേയുള്ളൂ.' ദൂരെയും സമീപവുമുള്ള സ്നേഹിതർ അവരെ കാണാൻവരികയും അവർ സുധീരം കഷ്ടപ്പാടുകൾ സഹിക്കുന്നതുകണ്ട് പ്രഭാവിതരാകുകയും ചെയ്തിരുന്നു. അവർ ദിവസവും ഗീതയും കുറാനും കേട്ടുകൊണ്ടിരുന്നു, അതിൽ അവർക്കു വലിയ വിശ്വാസമായിരുന്നു. ഒരു സ്നേഹിതൻഡാക്ടർ അവരോടുപറഞ്ഞു—'സഹോദരി, നിങ്ങളുടെ ജീവിതം നിങ്ങൾക്കു മാത്രമുള്ളതല്ല. ഒരു ഗ്ലൂക്കോസ് ഇഞ്ചെക്ഷൻ തരുവാൻ നിങ്ങൾ എനിക്കു അനുമതിതരില്ലേ? കുറഞ്ഞപക്ഷം, നിങ്ങൾക്കു മോഹാലസ്യം വന്നുപോകുകയാണെങ്കിൽ ഇഞ്ചെക്ഷൻതരാനെങ്കിലും അനുമതിതരണം.'


## ഈശ്വരനിൽ വിശ്വാസം

ബീബിഅംതുൽസലാം കണ്ണുതുറന്നു; വളരെ വിഷമിച്ചുപറഞ്ഞു — അവരുടെ ശബ്ദം ദുർബ്ബലവും എന്നാൽ വ്യക്തവും ദൃഢതരത്തിലുള്ളതുമായിരുന്നു 'ഞാൻ എന്റെ ജീവിതം ദൈവത്തിന്റെ അധീനതയിൽ വിട്ടിരിക്കയാണ്. ദൈവത്തിനു തോന്നുന്നതുചെയ്യട്ടെ. ഞാൻ ജീവിച്ചിരിക്കണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നെങ്കിൽ എനിക്കു മരിക്കാൻ ഒക്കുകയില്ല. എനിക്കു ഇഞ്ചെക്ഷൻ തരരുത്. ഉപവാസത്തിന്റെ അവധി പൂർത്തിയാകുന്നതുവരെ അതിനെ തുടർന്നു കൊണ്ടുപോകുകതന്നെ വേണം.'

പോലീസും സ്ഥലത്തെ നേതാക്കന്മാരും പരവശരായി. അവർ കഴിയുന്നതും ശ്രമിച്ചുനോക്കി. അവരെല്ലാപേരും ഗാന്ധിജിയുടെ അടുക്കൽപോയി നിവേദനംചെയ്തു—ഏതെങ്കിലുംതരത്തിൽ ബീബിഅംതുൽസലാമിന്റെ ഉപവാസം നിറുത്തിക്കണമെന്ന്. ഗാന്ധിജിക്ക് അങ്ങനെചെയ്യാൻ കഴിഞ്ഞില്ല. ബീബി തന്നത്താൻ ഉപവാസം ആരംഭിച്ചതായിരുന്നു. ഉപവാസം അവസാനിപ്പിക്കുന്നതിനുമുമ്പ് അവരെ നിർബന്ധിക്കുകയില്ലെന്നു ആദ്യംതന്നെ ഗാന്ധിജി വാക്കു കൊടുത്തിരുന്നു. തന്റെ സഞ്ചാരമദ്ധ്യത്തിൽ ഗാന്ധിജി ശിരണ്ഡിയിൽ എത്തുന്നതു ജനുവരി ൨൦-ാം തീയതി ആയിരുന്നു; അന്നായിരുന്നു ബീബി അംതുൽസലാമിന്റെ ഉപവാസത്തിന്റെ ൨൫-ാമത്തെ ദിവസവും. ഈ അവധിവരെ അവർക്കു ഇങ്ങനെ ജീവിച്ചിരിക്കാൻ സാധിക്കുമെന്നു ഞങ്ങൾക്കു സംശയമുണ്ടായിരുന്നു. അതുകൊണ്ടു ഗാന്ധിജി അതിവേഗം എത്തട്ടെ എന്നു ഞങ്ങൾ ആശിച്ചു. ഗാന്ധിജി ശിരണ്ഡിയിൽ താമസിക്കുമ്പോൾ മററാരുതരത്തിലുമുണ്ടാകാനാകാത്ത കാര്യം സാധിക്കുമെന്നും ഉപവാസം [illegible]ത്തോടുകൂടി അവസാനിക്കുമെന്നും ഞങ്ങൾ എല്ലാപേരും സിദ്ധാന്തിച്ചു. ഗാന്ധിജി തന്റെ യാത്രയിലെ പരിപാടി മാററാൻ സന്നദ്ധനല്ലായിരുന്നു. അവരും സ്വയം ഇതിനു ഉൽസുകയല്ലായിരുന്നു. അവർ പറഞ്ഞു—"ബാപ്പുവിന്റെ ഒടുവിലത്തെ നിശ്ചയത്തിൽ മാററമൊ വരുത്താവൂ, എന്നാൽ എനിക്കു അദ്ദേഹത്തിന്റെ മടിയിൽ അന്ത്യശ്വാസം വലിക്കാൻ സാധിക്കും." അതുകൊണ്ടു

(ശേഷം പന്ത്രണ്ടാംപേജിൽ)





ഇടത്തു്— ഇടക്കാല ഗവണ്മെന്റിലെ സപ്ലൈസ് മെമ്പർ മി: സി. രാജഗോപാലാചാരി ആദ്യമത്തെ ഔദ്യോഗികസന്ദർശനാർത്ഥം മദ്രാസിൽ എത്തിയപ്പോൾ വിമാനസങ്കേതത്തിൽവച്ചു് മദ്രാസ് പ്രധാനമന്ത്രിയും മന്ത്രിമാരും ഷെറിഫും മേയറും ചേർന്നു് സ്വീകരിച്ചയവസരത്തിൽ എടുത്ത ചിത്രം.

വലത്തു്— ലണ്ടനിൽവച്ചുനടന്ന വാണിജ്യസംഭാഷണങ്ങളിൽ പങ്കെടുത്ത കാമൺവെൽത്തു് ഡെലിഗേറ്റുകൾക്കു് ഓവർസീസ് ലീഗ് റിസപ്ഷൻ നൽകിയ അവസരത്തിൽ സർ ഷെൻട്രിക്രൈസ്റ്റിക് ഹൈദ്രബാദ് ഗവണ്മെന്റിന്റെ ഇക്കണോമിക് അഡ്വൈസറായ ഡാക്ടർ കുറേഷിയുമായി സംസാരിക്കുന്നതാണു് ചിത്രം.



വെയിത്സിൽനിന്നു് ൫൦ സ്കൂൾകുട്ടികളും അടങ്ങിയ ഒരു സംഘം തങ്ങളുടെ സ്വന്തനാടായ ഹോളണ്ടിലേയ്ക്കുള്ളയാത്ര കാമൺസ് സഭാമന്ദിരത്തിലേയ്ക്കുള്ള സന്ദർശനത്തോടെ ആരംഭിക്കുകയായി. ഇവരെ കാമൺസിന്റെ പല അംഗങ്ങളും വെൽഷ് എം. പി. മാർ കൊണ്ടുനടന്നു കാണിച്ചു. കഴിഞ്ഞവർഷം ഡച്ചു് കുട്ടികൾക്കു പല വെൽഷ് കുടുംബങ്ങളും ആതിഥ്യം നൽകി. ഇപ്പോൾ ഈ വെൽഷ് കുട്ടികൾ ഒരു പ്രതിസന്ദർശനം നടത്തുകയാണു്.

(പതിനൊന്നാംപേജിൽനിന്നും തുടർച്ച)

ഗാന്ധിജി ജനുവരി ൨൦-ാം തീയതി ശിരണ്ഡിയിൽ എത്തി. തന്റെ ഭയങ്കരമായ ദുർബ്ബലാവസ്ഥയിലും അവർ കിടക്കയിൽ കിടന്നുകൊണ്ടു് ഗാന്ധിജിക്കു താമസിക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു—ഗാന്ധിജിക്കുവേണ്ടി അവരുടെ ഹൃദയത്തിൽ അത്രത്തോളം ഭക്തിയുണ്ടായിരുന്നു. അവർ തനിയെ നടക്കാൻ സാധിക്കാത്തതുകൊണ്ടു്, ഏതന്നയും ആഭാ ഗാന്ധിയേയും ഗാന്ധിജിയെ സ്വാഗതം ചെയ്യാൻ അയച്ചു.

പകൽ മൂന്നുമണിക്കു് ഒരു മുസ്ലീംപ്രതിനിധിസംഘം ഗാന്ധിജിയുമായി കൂടിക്കാഴ്ച നടത്തി. നവഖാലിയിലെ സംഭവങ്ങളെക്കുറിച്ചു് അവർക്കു വളരെ സങ്കടമുണ്ടായിരുന്നു. ബീബി അംതുൽ സലാമിന്റെ ഉപവാസം അവസാനിപ്പിക്കുന്നതിനു് മദ്ധ്യസ്ഥത വഹിക്കാൻ ഗാന്ധിജിയോടു അവർ പ്രാർത്ഥിച്ചു. ഗാന്ധിജി പറഞ്ഞു—ഞാൻ ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും സ്നേഹിതനായിട്ടു വന്നിരിക്കയാണു്. നിങ്ങൾക്കു എന്റെ ഹൃദയം പിളർന്നുനോക്കാൻ കഴിയുമെങ്കിൽ അവിടെ സ്നേഹമല്ലാതെ മറ്റൊന്നും കിട്ടുകയില്ല. ബീബി അംതുൽസലാമിനെ ഞാൻ എന്റെ മക്കളെക്കാളും കൂടുതൽ ഇഷ്ടപ്പെടുന്നു. അവരെ വിട്ടുകളയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ പരിചയത്തിലുള്ള മുസൽമാൻബാലരെ അവരുടെ മതത്തിൽതന്നെ ഉറച്ചുനിൽക്കാൻ ഞാൻ പഠിപ്പിച്ചിട്ടുണ്ടു്. അവർ തങ്ങളുടെ 'നമാസ്' പഠിക്കുകയും 'റോസാ' (റംസാൻമാസത്തിൽ മുസൽമാന്മാർ നടത്തുന്ന വ്രതം) നടത്തുകയും ചെയ്യുന്നു. ഇസ്ലാമിനെയും ഞാൻ ശ്രദ്ധവച്ചു നോക്കിയിട്ടുണ്ടു്. ബീബി അംതുൽസലാമിനു് തന്റെ മുസൽമാൻസഹോദരരുടെ മതപരമായ അസഹിഷ്ണുതയെ സഹിക്കാൻ കഴിഞ്ഞില്ല; അതുകൊണ്ടു് അവർ ഉപവാസം ആരംഭിച്ചു. അവർ ഇസ്ലാമിനെ സ്നേഹിക്കുന്നു, എന്നാൽ ഹിന്ദുക്കളെ വെറുക്കുന്നില്ല. ഉപവാസം ആരംഭിക്കാൻ അവർ എന്നോടു അനുമതി ചോദിച്ചിട്ടില്ല. ഞാൻ അവരുടെ ദൃഢനിശ്ചയത്തിന്റെ മൂല്യത്തെ കുറയ്ക്കാൻ ആഗ്രഹിക്കുന്നുമില്ല. ഉപവാസത്തിന്റെ അവസാനം പൂർണ്ണമാകുകതന്നെ വേണം. അതിനു്— മുസൽമാന്മാർ സ്വന്തം തെറ്റിനെ സ്വീകരിക്കുകയും അതിനുവേണ്ടി പശ്ചാത്തപിക്കുകയും ചെയ്യുക. നിങ്ങൾക്കു ഇതിൽ ഹാർദ്ദമായി ദുഃഖമുണ്ടെങ്കിൽ മേലാൽ ഇങ്ങനെയുള്ള അക്രമപ്രവൃത്തികൾ ഉണ്ടാവുകയില്ലെന്നു നിങ്ങൾ ഉറപ്പുതരാമെങ്കിൽ, ഞാൻ അവരോടു ഉപവാസം നിറുത്താൻ പറയാം. ആളുകൾ ഏതെല്ലാംപേരിൽ വിളിച്ചാലും ഈശ്വരൻ ഒന്നേ ഉള്ളല്ലോ.

'മാർണിംഗ് ന്യൂസി'ൽ ഞാൻ കായിദേആസമിന്റെ ഈ പ്രസ്താവന വായിച്ചിട്ടുണ്ടു്—ബലാൽക്കാരംകൊണ്ടു് പാകിസ്ഥാൻ സ്ഥാപിക്കാൻ സാദ്ധ്യമാകയില്ലെന്നു്. പാകിസ്ഥാനിൽ ന്യൂനപക്ഷക്കാർക്കു പൂർണ്ണസ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. കിഴക്കേബംഗാളിൽ ഞാൻ ഏതെങ്കിലും രാജ്യതന്ത്രപരമായ ഉദ്ദേശ്യവുമായിട്ടല്ല വന്നിട്ടുള്ളതു്. എന്റെ ഉദ്ദേശ്യം പൂർണ്ണമായും മാനവീയമാണു്. ഹിന്ദുക്കൾ കിഴക്കേബംഗാൾ വിട്ടുപോകണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ അക്കാര്യം വ്യക്തമായി പറയണം. അതല്ലെങ്കിൽ, ഉണ്ടായ നഷ്ടം മുഴുവൻ നിങ്ങളെല്ലാപേരുംകൂടി തീർക്കുകയും ഇനിമേൽ ഇത്തരത്തിലുള്ള അക്രമപ്രവൃത്തികൾ ഉണ്ടാകാൻ ഇടകൊടുക്കുകയില്ലെന്നു നിങ്ങൾ ഉറപ്പുതരികയും ചെയ്യണം. അപ്പോൾ ഞാൻ വാസ്തവത്തിൽ ബീബി അംതുൽസലാമിനെ ഉപവാസം അവസാനിപ്പിക്കാൻ നിർബന്ധിക്കാം. നിങ്ങൾ പറയുന്നതൊന്നും ചെയ്യുന്നതു മറ്റൊന്നുമാണെങ്കിൽ, വാക്കുതന്നിട്ടു പിന്നീടു അതിനെ ലംഘിക്കുമെങ്കിൽ അംതുൽസലാമിനുപകരം നിങ്ങൾക്കു എന്റെ ഉപവാസമരണം ഏൽക്കേണ്ടിവരും. ജില്ലമുഴുവനുംവേണ്ടി നിങ്ങളെ കടപ്പെട്ടവരാക്കാൻ എനിക്കു സാധിക്കുകയില്ല. പക്ഷേ നിങ്ങൾ സ്വന്തം സ്ഥലത്തു ശാന്തിസ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം നിങ്ങളുടെ തലയിലേറ്റുകണം. ഇപ്രകാരം ചെയ്തു് നിങ്ങൾ നവഖാലിമുഴുവൻ മാത്രമല്ല, കിഴക്കേബംഗാൾ മുഴുവനും ശാന്തിയുടെ അനുഭാവികളാകട്ടെ.

ശിരണ്ഡി ഉൾപ്പെടെ അഞ്ചു ഗ്രാമങ്ങളിലെ മുസൽമാന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന പ്രത്യേകാംഗങ്ങൾ ഈ ഒത്തുതീർപ്പിൽ ഒപ്പുവച്ചു. ഈ ഒത്തുതീർപ്പുപൂർണ്ണമായപ്പോൾ രാത്രി എട്ടുമണി ആയിരുന്നു. മുസൽമാൻസ്നേഹിതർ കുറാൻ വായിച്ചതിനുശേഷം ഗാന്ധിജി ബീബി അംതുൽസലാമിനു ഒരു ചെറുപാത്രം മധുരനാരങ്ങാനീരു കൊടുത്തു.

ഹിന്ദിയിൽനിന്നു്.

—o—

(ഒന്നാംപേജിൽനിന്നും തുടർച്ച)

രാജൻബാബുവിന്റെ തീവ്രവും നിസ്വാർത്ഥവുമായ സേവനങ്ങൾ, തന്റെ നാട്ടുകാരുടെ പ്രശംസയ്ക്കും ആദരവിനും നിദാനമായിട്ടുണ്ടെങ്കിൽ, ബ്രിട്ടീഷ് ഭരണാധികാരികളെ അരിശംകൊള്ളിപ്പിക്കുകയാണു ചെയ്തതു്. അതിനുശേഷം ൧൯൩൫-ൽ ക്വറ്റായിലെ ഭൂകമ്പനിമിത്തം ദുരിതമനുഭവിക്കേണ്ടിവന്നവർക്കു് സഹായം നൽകുന്നതിനു് രാജേന്ദ്രബാബു ക്വറ്റായിലേക്കു് പോകാനാരംഭിച്ചപ്പോൾ ഗവണ്മെന്റു് അദ്ദേഹത്തെ അനുവദിക്കുകയുണ്ടായില്ലെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്.

മാതൃഭൂമിയുടെ വിമോചനാർത്ഥം ബീഹാറിനു് സമർപ്പിക്കുവാൻ സാധിച്ചിട്ടുള്ള ഏറ്റവും വലിയ സംഭാവനയാണു് ബാബു രാജേന്ദ്രപ്രസാദ്. അദ്ദേഹത്തെപ്പോലെ അഖിലേന്ത്യാ പ്രശസ്തരായ ഒട്ടനവധി നേതാക്കന്മാർ കാൺഗ്രസ് ഹൈക്കമാൻഡിൽ ഇല്ലെന്നുതന്നെ പറയാം. രാഷ്ട്രീയമായി രാജേന്ദ്രപ്രസാദിനു് പറയത്തക്കതായ ശത്രുക്കൾ ഒന്നുമില്ല. അദ്ദേഹം എല്ലാപേരുടേയും അഭിപ്രായങ്ങളെ സശ്രദ്ധം ശ്രവിക്കുകയും തികച്ചും നിഷ്പക്ഷമായ ഒരു തീരുമാനത്തിൽ എത്തുകയും ചെയ്യുന്നു. കാൺഗ്രസ്സിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതും, കാൺഗ്രസിലെ സ്വേച്ഛാധികാരിയായി സർവ്വാധിപതിയെന്നറിയപ്പെട്ടുകൊണ്ടിരിക്കുന്നതും സർദാറാണെങ്കിലും, രാജൻബാബുവിനെക്കൂടാതെ അദ്ദേഹത്തിനു് എന്തെങ്കിലും സാധിക്കുമോ എന്നു് സംശയമാണു്. രാജൻബാബുവിന്റെ സന്ദർഭോചിതമായ ഉപദേശങ്ങളും, ദീർഘദർശിത്വവുമാണു് കാൺഗ്രസ് ഹൈക്കമാൻഡിനെ സർവ്വദാ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതെന്നു പറയാം. കാളേജ് വിദ്യാർത്ഥികളെപ്പോലെ ജിജ്ഞാസുഭരിതനായി കുതിച്ചുചാടുന്ന ജവഹറിനെയും, തന്റെ നാട്ടുകാരോടു് വിയോജിക്കുന്നവരെയെല്ലാം, വെട്ടിനുറുക്കുവാനായി കരവാളുമേന്തി സിംഹഗർജ്ജനം ചെയ്യുന്ന സർദാറിനെയും ശത്രുമിത്രഭേദമില്ലാതെ സകലരുടേയുംപുറത്തു് 'ആറ്റംബോംബ്' പ്രയോഗിക്കുവാൻ ആവേശംകൊള്ളുന്ന കൃപലാനിയേയും പിടിച്ചുകെട്ടുവാൻ ഹിമവാനു് സദൃശനായ രാജൻബാബുവിനു് മാത്രമേ കഴിയൂ! കാൺഗ്രസ് നേതാക്കന്മാർ തമ്മിലുള്ള 'സൗന്ദര്യപ്പിണക്കം' അതിന്റെ മൂർദ്ധന്യത്തിലെത്തിയെന്നു് വരുമ്പോൾ, അദ്ദേഹം വ്യസനസമേതനായി എന്തെങ്കിലും രണ്ടു വാക്കു് പറഞ്ഞുപോയാൽ എല്ലാവരും നിശ്ശബ്ദരായി സ്നേഹഭാവം അഭിനയിക്കുന്നതു് കാണേണ്ട കൗതുകമുള്ള ഒന്നാണു്. അവർക്കു് രാജൻബാബുവിനെ വേദനിപ്പിക്കുവാൻ കഴിയുകയില്ല. അവർ അദ്ദേഹത്തിന്റെ വാക്കുകളെ ഏറ്റവും ബഹുമാനപുരസ്സരം ആദരിച്ചുവരുന്നു. ഗാന്ധിജി കഴിഞ്ഞാൽ സകലരുടേയും സമാരാധനയ്ക്കു് പാത്രീഭവിച്ചിട്ടുള്ള മറ്റൊരു മഹാനാണു് രാജൻബാബു.

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.